www.malankaralibrary.com



# ക്രിസ്തുഗീതം

ഖണ്ഡകാവ്യം

സാം മുതുകുളം

www.malankaralibrary.com

























www.malankaralibrary.com




















Air Arabia
Memento

www.malankaralibrary.com



മനുഷ്യരാശിയുടെ പാപപരിഹാരാർത്ഥം മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിന്റെ ജീവിതകഥ ലോകമെമ്പാടുമുള്ള എഴുത്തുകാരെ നിരന്തരം പ്രചോദിപ്പിച്ചു കൊണ്ടിരിക്കുന്നു. മലയാളത്തിലെ അവസ്ഥയും ഇതു തന്നെയാണ്. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് സാം മുതുകുളം രചിച്ച 'ക്രിസ്തുഗീതം' എന്ന ഖണ്ഡകാവ്യം. ക്രിസ്തുവിന്റെ ജനനം മുതൽ മരണവും സ്വർഗ്ഗാരോഹണവും വരെയുള്ള സംഭവവികാസങ്ങൾ 65 ലഘുഖണ്ഡങ്ങളിലായി കവി അവതരിപ്പിച്ചിട്ടുണ്ട്.

ബിഷപ് ഡോ. സാമുവൽ മാർ ഐറേനിയോസ്

അലങ്കൃതവും രസവിശാലവും രീതിമധുരവും ധ്വനിനവും അനുമാനപരവും വക്രോക്തിസഹിതവും സാചിത്ര്യവും ഇങ്ങനെയവയിൽ ഏതെങ്കിലും ഒന്നി കലർന്ന ഭാഷാരൂപങ്ങൾ അത്ര കാവ്യസംബന്ധമായിട്ടുള്ളവ. സംക്ഷിപ്തവും വിശദവുമായി ഞാൻ പ്രതിപാദിച്ച വസ്തുതകളെ ആത്മാർത്ഥമായി സംഗ്രഹിച്ചുകൊണ്ടുള്ള ഗാഥകളാണ് ശ്രീ സാം മുതുകുളത്തിന്റേത്. സാമിന്റെ ആദ്യകൃതി 'ഗ്രാമശ്രീ' ശാലീനമായിരുന്നു. ഇപ്പോഴത്തേത് ശാലീനതരമാണെന്ന് നിസ്സംശയം പറയാം. ക്രിസ്തുഗീതത്തിൽ സുന്ദരങ്ങളായ പദപ്രയോഗ ശൈലികൾ വിളയാടുന്നു. അവ അനുവാചകരെ ആഹ്ലാദിപ്പിക്കും തീർച്ച.

പണ്ഡിതരത്നം, മഹാകവി മുതുകുളം ശ്രീധർ

St. Mary's Press Pattom, TVM    Ph: 0471 2448516

www.malankaralibrary.com

## സാം മുതുകുളം

**1969** ഓഗസ്റ്റ് 7-ാം തീയതി ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ജനിച്ചു. പിതാവ് കുഞ്ഞുനൈനാൻ മത്തായി (മുതുകുളം 731 സഹകരണസംഘത്തിന്റെ പ്രഥമ സെക്രട്ടറി.), മാതാവ് മേരിക്കുട്ടി മത്തായി. മുതുകുളം കൊട്ടാരം സ്കൂൾ, എസ്.എൻ.എം.യു.പി.സ്കൂൾ, മുതുകുളം ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. കേരള സർവ്വകലാശാലയിൽ നിന്നും സഹ കരണം പ്രധാന വിഷയമായെടുത്ത് ബിരുദം. കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ.

മാവേലിക്കര ഡേറ്റാടെക് കമ്പ്യൂട്ടേഴ്സ്, ഫരീദാബാദ് എസ്കോർട്ട്സ് ജെ.സി.ബി. എന്നി വിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് ശേഷം ഹോട്ടൽ മാനേജ്മെൻറ് രംഗത്ത് ബഹറിനിൽ ആറ് വർഷം, മുതുകുളത്ത് ഇന്ത്യാ ഇൻഫോലൈൻ ഷെയർ ട്രേഡിങ് സ്ഥാപനത്തിൽ മാനേജർ, കൊശ മറ്റം ഫൈനാൻസിന്റെ സീനിയർ മാനേജർ.

വൈ.എം.സി.എ. എറണാകുളം യൂണിറ്റ്, മുതുകുളം കലാവിലാസിനി വായനശാല, മുതു കുളം പാർവ്വതിയമ്മ ട്രസ്റ്റ് എന്നിവയുടെ ആജീവനാന്ത അംഗത്വം., മുതുകുളം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പൂർവ്വവിദ്യാർത്ഥി സംഘടന (**മുഖം**) യുടെ സെക്രട്ടറി. കൃതികൾ : ഗ്രാമഭംഗി, കതിരുകൾ (കവിതാ സമാഹാരം), ക്രിസ്തുഗീതം (ഖണ്ഡകാവ്യം), ബാപ്പുവിന്റെ ലോകം (ജീവചരിത്രം - മഹാത്മാഗാന്ധി), മാർ ഈവാനിയോസ് - മലങ്കരയുടെ മഹായിടയൻ (ജീവചരി ത്രം - മാർ ഈവാനിയോസ്), Mar Ivanios-The Great Shepherd of Malankara (English Biography - Mar Ivanios), ബൈബിൾ കഥകൾ, അപ്പുണ്ണി കഥകൾ, അപ്പുണ്ണിയും അറബിനാ ടും, ബൈബിളും അത്ഭുതങ്ങളും (കഥകൾ). നിരവധി ആനുകാലികങ്ങളിൽ കവിതകളും കഥ കളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരത് സേവക് സമാജ് ദേശീയപുരസ്കാരം, മല യാളരശ്മി കവിത പുരസ്കാരം, വാത്മീകി പുരസ്കാരം, കേരളസമീക്ഷ പുരസ്കാരം, മുതു കുളം കലാവിലാസിനി പുരസ്കാരം, ചേപ്പാട് പ്രത്യാശാദീപം പുരസ്കാരം, ജില്ലാ പഞ്ചായത്ത് പ്രതിഭാപ്രണാമ പുരസ്കാരം 2017, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരം, കിളിമാനൂർ നവഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ 2019ലെ കുഞ്ഞുണ്ണി മാഷ് പുരസ്കാരം, 2022ലെ പി. കുഞ്ഞി രാമൻ നായർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ഭാര്യ : മിനി. മക്കൾ : പീറ്റർ മത്തായി സാമുവൽ, പോൾ ജോർജ് സാമുവൽ.

വിലാസം : സാം മുതുകുളം, കിഴക്കേകണ്ടത്തിൽ, മുതുകുളം തെക്ക് പി.ഒ., ആലപ്പുഴ ജില്ല. 690 506, കേരളം. ടെലഫോൺ : 9446838923, sam.muthukulam@gmail.com

www.malankaralibrary.com

# ക്രിസ്തുഗീതം

(ഖണ്ഡകാവ്യം)

## സാം മുതുകുളം

www.malankaralibrary.com

# ക്രിസ്തുഗീതം

## (ഖണ്ഡകാവ്യാമുഖം)

മാതാപിതാക്കളാമാദവുംഹവ്വയും
മോദമോടായുള്ളോരേദൻതോട്ടം
സാത്താന്റടുത്തിടപാടുകളാലവർ
സന്തുഷ്ടകാലങ്ങളെത്തുലച്ചു.
തെറ്റുകണക്കാക്കി കർത്തനന്നേകിയ
മുറ്റിയശിക്ഷയകറ്റീടുവാൻ
യഹോവയാംദൈവമന്നേകിയൊരുവരം
''സർവ്വേശസൂനുവിനെയയ്ക്കാം..''
വറ്റാക്കനിവിന്റെ കാരുണ്യപൂരത്താൽ
മാറ്റമില്ലാത്തവനാശ്ലേഷിച്ചു,
കാലാകാലത്തിലെഹോവതൻദൂതരെ
മാലകറ്റീടുവാനിങ്ങയച്ചു.
വന്നവരോരോ വഴികളിലൂടെയീ
മന്നിലായ് ദൈവവഴിതെളിച്ചു.
അല്പകാലംതെല്ലുമായതാൽപിന്നെയും
മാലോകരെല്ലാംമറന്നകന്നു.
കർത്തനിൽനിന്നുമകന്നുള്ളതാംജനം
കർത്തങ്കലേക്കുതിരികെയാകാൻ
അത്യന്തശ്രദ്ധയോടങ്ങാപിതാവുസ്വ-
പുത്രനെത്തന്നെയയച്ചിവിടെ,
വീണ്ടെടുത്തീടുവാനെത്തിയീലോകത്തി-
ലാണ്ടവൻതന്റെയരുമപുത്രൻ;
ക്രിസ്തുവാമീശന്റെ ജീവചിലസത്യം
വസ്തുതയാക്കികഥിക്കുന്നിഹെ.

ഈ എളിയ സംരംഭത്തിന് അവതാരികയും കാവ്യത്തിന് ഉത്തമമായ പേര് നിർദ്ദേശിച്ച് അനുഗ്രഹിക്കുകയും ചെയ്ത മലങ്കര കത്തോലിക്കാ സഭയുടെ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ ബിഷപ് ഡോ. സാമുവൽ മാർ ഐറേനിയോസ്, ആസ്വാദനം എഴുതിയ പ്രിയ പണ്ഡിതരത്നം, മഹാകവി മുതുകുളം ശ്രീധർ നന്ദി.

സ്നേഹപൂർവ്വം,

സാം മുതുകുളം
(10.08.2018)

www.malankaralibrary.com

# ക്രിസ്തുഗീതം

(ബൈബിൾ കവിതകൾ)

## വിഷയാനുക്രമണിക

1. പിറവി സന്ദേശം
2. ബേത്ലഹേമിലേക്ക്
3. രക്ഷകന്റെ ജനനം
4. ജ്ഞാനികളുടെ വരവും കൂട്ടക്കൊലയും
5. സഖറിയ പ്രവാചകനും സന്ദേശവും
6. മറിയത്തിന്റെ സന്ദർശനം
7. സ്നാപകയോഹന്നാൻ
8. ഈജിപ്തിൽ നിന്നും നസ്രേത്തിലേക്ക്
9. ബാലനായ യേശു ദേവാലയത്തിൽ
10. സ്നാനവും പരീക്ഷയും
11. ആദ്യത്തെ ശിഷ്യന്മാർ
12. കാനായിലെ കല്യാണം
13. കടലിനെ ശാന്തമാക്കുന്നു
14. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു
15. രണ്ട് അത്ഭുതങ്ങൾ
16. സ്നാപകയോഹന്നാന്റെ ശിരച്ഛേദം
17. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു
18. അഞ്ചപ്പവും രണ്ട് മീനും
19. വെള്ളത്തിനു മീതെ
20. വിത്തിന്റെ ഉപമ
21. സുവിശേഷ ഭാഗ്യങ്ങൾ
22. കല്ലെറിയാൻ കൊണ്ടുവന്നവൾ
23. സക്കേവൂസിന്റെ ഭവനത്തിൽ
24. യേശുവും സമരിയാക്കാരിയും
25. യേശുവും ഫിനേഷ് പുത്രിയും
26. നല്ല സമരിയാക്കാരന്റെ ഉപമ
27. സാബത്താചരണത്തർക്കം
28. ധനികനും ദൈവരാജ്യവും
29. സാബത്തിലെ രോഗസൗഖ്യം
30. കൂനുള്ള സ്ത്രീയുടെ സൗഖ്യം

www.malankaralibrary.com

31. മഹോദരരോഗിയെ സുഖപ്പെടുത്തുന്നു
32. അതിഥിക്കും ആതിഥേയനും ഉപദേശം
33. സ്വർഗ്ഗരാജ്യത്തിലെ വലിയവൻ
34. വിഗതകുമാരന്റെ ഉപമ
35. ബർതിമേയൂസിന് കാഴ്ച നൽകുന്നു
36. ബത്സാഥാ കുളക്കരയിൽ
37. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു
38. യേശുവും നിക്കോദേമോസും
39. ധനവാനും ലാസറും
40. കാണാതായ ആടിന്റെ ഉപമ
41. നികുതിയെക്കുറിച്ച്
42. നിർദ്ദയനായ ഭൃത്യൻ
43. തളർവാതരോഗിയെ സുഖപ്പെടുത്തുന്നു
44. പത്ത് കന്യകമാർ
45. യേശു രൂപാന്തരപ്പെടുന്നു
46. താലന്തുകളുടെ ഉപമ
47. കർത്തൃപ്രാർത്ഥന
48. ലാസറിന്റെ ഉയിർപ്പ്
49. പത്ത് കുഷ്ഠരോഗികൾ
50. ജറുസലെമിലേക്ക് രാജകീയപ്രവേശം
51. അത്തിവൃക്ഷത്തെ ശപിക്കുന്നു
52. ദേവാലയ ശുദ്ധീകരണം
53. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ
54. സീസറിന് നികുതി
55. യേശുവിനെ വധിക്കാൻ ആലോചന
56. മഗ്ദലനയുടെ തൈലാഭിഷേകം
57. യൂദാസിന്റെ ഗൂഢാലോചനയും പെസഹായും
58. വിചാരണ, ശിക്ഷ, മരണം
59. യൂദായുടെ അന്ത്യം
60. ഉയിർപ്പുദിനം
61. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ
62. ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു
63. തോമസിന്റെ സംശയം
64. യേശു കടൽത്തീരത്ത്
65. സ്വർഗ്ഗാരോഹണം

www.malankaralibrary.com

# അവതാരിക



മനുഷ്യരാശിയുടെ പാപപരിഹാരാർത്ഥം മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിന്റെ ജീവിതകഥ ലോകമെമ്പാടുമുള്ള എഴുത്തുകാരെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. മലയാളത്തിലെ അവസ്ഥയും ഇതുതന്നെയാണ്. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് സാം മുതുകുളം രചിച്ച '**ക്രിസ്തുഗീതം**' എന്ന ഖണ്ഡകാവ്യം. ക്രിസ്തുവിന്റെ ജനനം മുതൽ മരണവും സ്വർഗാരോഹണവും വരെയുള്ള സംഭവവികാസങ്ങൾ 65 ലഘുഖണ്ഡങ്ങളിലായി കവി അവതരിപ്പിച്ചിട്ടുണ്ട്.

സംസ്കൃത ഭാഷയെ അനുകരിച്ച് മലയാളത്തിൽ മുളപൊട്ടി വളർന്ന് പന്തലിച്ച നമ്മുടെ മഹാകാവ്യ പ്രസ്ഥാനത്തിൽ ക്രിസ്തുവിന്റെ ജീവചരിത്രം പ്രതിപാദിക്കുന്ന നിരവധി മഹാകാവ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള രചിച്ച "ശ്രീയേശുവിജയം" മഹാകാവ്യം(1926) ആണ്. 3720 ശ്ലോകങ്ങളിലായി ലളിതമനോഹരമായ ശൈലിയിൽ യേശുക്രിസ്തുവിന്റെ ജീവചരിത്രം പ്രതിപാദിക്കുന്ന കൃതിയാണിത്. ക്രിസ്തുവിന്റെ സമ്പൂർണ്ണ ജീവചരിത്രം അവതരിപ്പിക്കുന്ന "വിശ്വദീപം"(1965) പുത്തൻകാവ് മാത്തൻ തരകൻ രചിച്ച അതിവിശിഷ്ടമായ ഒരു മഹാകാവ്യമാണ്. 7500-ൽ പരം ഈരടികളുള്ള ഈ ഗ്രന്ഥം കാവ്യഗുണംകൊണ്ട് മികച്ചു നില്ക്കുന്നു. എഴുത്തച്ഛന്റെ കൃതികളെ അനുസ്മരിപ്പിക്കുന്ന ഇതിഹാസ സമാനമായ ഒരു കാവ്യമാണ് പ്രൊഫ. മാത്യു ഉലകംതറ രചിച്ച 'ക്രിസ്തുഗാഥ' (1985). ക്രിസ്തുചരിതം ഇതിവൃത്തമാക്കി ഇടയാറന്മുള കെ. എം. വർഗീസ് രചിച്ച 'ക്രിസ്തുദേവ ചരിതം' (1989) എന്ന മഹാകാവ്യവും ശ്രദ്ധേയമത്രേ. 'ക്രിസ്തു ഭാഗവതം' (1977) എന്ന പേരിൽ പ്രൊഫ. പി.സി. ദേവസ്യ സംസ്കൃതത്തിലെഴുതിയ മഹാകാവ്യം അഖിലേന്ത്യാ തലത്തിൽ മുക്തകണ്ഠമായ പ്രശംസയും അംഗീകാരവും നേടുകയുണ്ടായി. വള്ളത്തോൾ നാരായണമേനോൻ എഴുതിയ 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യം, കൈനിക്കര കുമാരപിള്ള രചിച്ച 'കാൽവരിയിലെ കല്പപാദം' (1935) ഡോ. കുര്യാസ് കുമ്പളക്കുഴി രചിച്ച 'ഗലീലേയന്റെ ഇതിഹാസം' എന്നിങ്ങനെ ക്രിസ്തുവിന്റെ ജീവിതകഥയുമായി ബന്ധപ്പെട്ട അത്യുത്കൃഷ്ടകൃതികൾ വേറെയുമുണ്ട്. ഈ പരമ്പരയിലെ ഒടുവിലത്തെ കണ്ണിയാണ് സാം മുതുകുളത്തിന്റെ 'ക്രിസ്തുഗീതം' എന്ന ഖണ്ഡകാവ്യം.

സാം മുതുകുളം മലയാള കാവ്യമേഖലയിലേക്ക് കടന്നുവന്നിരിക്കുന്നു എന്നത് അങ്ങേയറ്റം സ്വാഗതാർഹമായ ഒരു സംരംഭമാണ്. 2016 മാർച്ച് 10 മുതൽ കേവലം രണ്ടുമാസവും 10 ദിവസവും കൊണ്ട് 65 ഖണ്ഡങ്ങളുള്ള ഈ കാവ്യം എഴുതിത്തീർക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന് ഈ രംഗത്ത് മുന്നേറാനുള്ള അദമ്യമായ ആഗ്രഹമാണ് പ്രകടമാക്കുന്നത്. സിദ്ധി, സാധന, അഭ്യാസം എന്നിവ മുഖേന ഭാഷാപരവും സാഹിത്യപരവുമായ കഴിവുകൾ വികസിപ്പിക്കുവാനും ബൈബിൾപരമായ അറിവും ആദ്ധ്യാത്മികമായ വരപ്രസാദവും വർധിപ്പിക്കുവാനും എനിക്ക് പ്രിയപ്പെട്ട സാം മുതുകുളത്തിന് കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന് കാവ്യരംഗത്ത് നല്ല അംഗീകാരവും പ്രശസ്തിയും ഉണ്ടാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് **ക്രിസ്തുഗീതം**, എന്ന ഈ കാവ്യം ഞാൻ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ഡോ. സാമുവൽ മാർ ഐറേനിയോസ്**

(മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ)

www.malankaralibrary.com



# ആസ്വാദനം

**ആഴിയും കായലും രണ്ടു ജലാശയാ**
**ളാരാധന നീളെയെപ്പോഴും ചെയ്കെ,**
**ഊഴിക്കുസൗഭാഗ്യമംഗളശ്രീലമായ്**
**വാഴ്വൂ മുതുകുളം സുപ്രദേശം.**

**വി**ശ്വവിഖ്യാതമാണ് മുതുകുളം. അവിടുത്തെ മണ്ണുപോലും കമനോദയഹേതുവാണ്. മണ്ണിന്റെമാഹാത്മ്യം അനുസ്മരിക്കെ നാം ചിലപ്പോൾ മറ്റുചിലവകൂടി ഓർത്തെന്നുവരാം, അതു നിൽക്കട്ടെ. ചന്ദ്രികാധാവള്യത്തിനരികിൽ കൂരിരുട്ടിന് എന്തുപ്രസക്തി?.

''ആരുമില്ലാത്തവന്നാധാരമീശ്വരൻ'', പ്രകൃതിയുടെ കരുണാവാത്സല്യങ്ങൾക്ക് വിധേയമായി ജീവിക്കുന്നവരെ പ്രകൃതീശ്വരിതന്നെ കാത്തുപോരും ''സുകൃതാത്മാക്കളിലെങ്ങ് സൗഖ്യഭംഗം'' എന്ന് മഹാകവി വള്ളത്തോൾ പറഞ്ഞപോലെയാണ് അനുഭവങ്ങൾ.

അനുഭവ വിഷയങ്ങൾ പലപ്പോഴും പാഠ്യങ്ങളല്ല. ഭൂമിയെ സംബന്ധിച്ചിടത്തോളം അതിന് പ്രതിനിമിഷം ഉപജാതമായിക്കൊണ്ടിരിക്കുന്ന സ്വച്ഛതയും ഉന്മേഷവും കലാകാരന്റെ ഹൃദയാകാശത്തെ ഉന്മിഷിതമാക്കുകയും ആശയങ്ങളേയും ഭാവനാസാമ്രാജ്യത്തേയും വിശാലവും രമ്യവുമാക്കി കലാകാരന് കാവ്യാത്മദർശനത്തിനുതകുകയും ചെയ്യുന്നു. അത് നവനവോദയചാരുത കൈവരുത്തി കാവ്യദേവതയെ ഹ്ലാദൈകമയിയും സദ്യാപരനിർവൃതികരിയുമാക്കി മാറ്റുന്നു.

കലികാലം സാന്മാർഗ്ഗികസാംസ്കാരികാപചയങ്ങളുടെ നൂലാമാലകളിൽകിടന്ന് കുരുങ്ങി പലതിനേയും കൊള്ളാനും തള്ളാനും കഴിയാതെ വിക്ലബാവസ്ഥയിൽ ലോകം കഴിയുമ്പോൾ അതിനെല്ലാം പരിഹാരമായ ഒരേ ഒരു മാർഗ്ഗമാണ് സാഹിത്യം, അതും പൗരാണികം മാത്രമേയുള്ളൂ എന്ന് നിപുണബുദ്ധികൾക്ക് ദ്രുതഗതിയിൽ മനസ്സിലാകും. അപ്രകാരം വ്യക്തിഗത രോഗങ്ങളായോ മാലിന്യങ്ങളായോ പരിഗണിക്കാൻ പറ്റുന്ന അസൂയാവജ്ഞാപുച്ഛങ്ങളെ പരിലാളിക്കാൻ കിടയറ്റുപരിശ്രമിക്കുന്ന അസഹിഷ്ണുക്കളെ ദൂരെനിർത്തുകയോ സ്വപശ്ചാത്തലത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്യാൻ സുശക്തമായ സാഹിത്യമാർഗ്ഗം സർവ്വോപരി സഹായിക്കും.

''ക്ഷണേ ക്ഷണേയെന്നവതാമുപൈതിതദേവരൂപം രമണീയതായാഃ'' എന്ന കാവ്യലക്ഷണം വിഷുദിനത്തിന് സൗഭഗസൂചകമാകുന്നു. കാലാവസ്ഥയുടെ ദുർമുഖം ഉദ്ഭാവനം ചെയ്ത് കണ്ണുതുറന്നപ്പോൾ വിഷുവിന്റെ ശോഭനമുഖം കണികാണാനിടയായതിലുള്ള മാനസികോല്ലാസത്തിന്റെ പരിമാണം അപ്രമേയമാണെന്നേ പറയേണ്ടു.

വിഷുമുഖത്തിന് സമാനമായി പ്രകാശിച്ചരുളുന്ന സുകൃതിദമ്പതികൾ (സാമും സഹധർമ്മിണി മിനിയും) എന്റെ സന്ദർശക മുറിക്കകത്തു പ്രവേശിച്ച് എന്നോട് കുശലപ്രശ്നം ആരംഭിച്ചു. എന്റെ ജന്മദേശത്തെക്കുറിച്ചുള്ള സ്മരണ തീവ്രമായി ഉദ്ദീപിപ്പിച്ചുകൊണ്ടും അസാമാന്യമായ കൗതുകം സംഭാവനചെയ്തുകൊണ്ടും അവർ ഒരു പുസ്തക കുസുമഹാരം എന്റെ മുമ്പിലേയ്ക്കു കടത്തിവച്ചു.

''ക്രിസ്തുഗീതം'', പുതിയനിയമ ബൈബിൾ ഗാനങ്ങൾ എന്നാണ് അതിന്റെ പേര്. പകർപ്പ് സാം ഇരുകൈകളാലും നീട്ടിയ ഉടനെ ഞാൻ അതു വാങ്ങി പെട്ടെന്ന് ഒന്ന് മറിച്ചുനോക്കി. സാം എന്ന കവി എനിക്കു അജ്ഞാതനല്ല. അദ്ദേഹത്തിന്റെ ''ഗ്രാമഭംഗി''യുടെ ചമത്കാരം എന്റെ മനോഗഗനത്തെ ചന്ദ്രികാധവളമാക്കിയിട്ടുള്ളതാണ്. ആധുനികനായ സാം തികച്ചും ശ്രദ്ധേയനായ ഒരു കവിയാണ്.

അലങ്കൃതവും രസവിലോലവും രീതിമധുരവും ധ്വനീനവും അനുമാനപരവും വക്രോക്തിസഹിതവും സൗചിത്ര്യവും (ഇപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന്) കലർന്ന ഭാഷാഭാവരൂപങ്ങൾ അത്രേ കാവ്യസംബന്ധമായിട്ടുള്ളവ. സംക്ഷിപ്തവും വിശദവുമായി ഞാൻ പ്രതിപാദിച്ച വസ്തുതകളെ ആത്മാർത്ഥമായി സംശ്ലേഷിച്ചുകൊണ്ടുള്ള ഗാഥകളാണ് ശ്രീ സാം മുതുകുളത്തിന്റേത്. സാമിന്റെ ആദ്യകൃതി ''ഗ്രാമഭംഗി'' ശാലീനമായിരുന്നു, ഇപ്പോഴത്തേത് ശാലീനതരമാണെന്ന് നിസ്സംശയം പറയാം.

www.malankaralibrary.com

ക്രിസ്തുഗീതത്തിൽ സുന്ദരങ്ങളായ പദപ്രയോഗ ശൈലികൾ വിളയാടുന്നു. അവ അനുവാചകരെ ആഹ്ലാദിപ്പിക്കും തീർച്ച.

അറുപത്തിയഞ്ച് കവിതകൾ ഉള്ള ക്രിസ്തുഗീതത്തിലെ ഓരോന്നും ലാളിത്യ ലാളിതങ്ങളാണ്. ബൈബിൾ പഠനത്തിൽ സാമിന്റെ സത്യസന്ധത ഇതിൽ നിഴലിക്കുന്നു. പല കവിതാഖണ്ഡങ്ങളിലും കവിയുടേയും കവിതയുടേയും ജഗദീശ്വരാനുഗ്രഹം വ്യക്തമാകുന്നുണ്ട്.

മറിയത്തോടുള്ള ഗബ്രിയേൽ മാലാഖയുടെ സന്ദേശം

''ദൈവകൃപയാൽ നിറഞ്ഞവളേസ്വസ്തി
ദൈവംകർത്താവിന്നു നിന്റെകൂടെ..''
മാത്രയിലിത്രമേൽ കേട്ടുഭയപ്പെട്ടാ-
ധാത്രിയോടാദൂതൻ ചൊന്നുവീണ്ടും:
''ഭയംവേണ്ടൊരല്പവുംദൈവകൃപയാലെ
ജയമോടിന്നുന്നതൻഗർഭംപേറും,
സർവ്വേശനന്ദനൻ, യേശുവെന്നുള്ളപേർ
സർവ്വേശസൂനുവിനായിടേണം.'' (പിറവി സന്ദേശം)

വൃദ്ധദമ്പതികളായ സഖറിയയ്ക്കും എലിസബത്തിനും ദൈവം പുത്രനെ നൽകി അനുഗ്രഹിക്കുന്ന കവിവാക്യം ശ്രദ്ധിക്കുക.

''ചോദിച്ചങ്ങാർജിച്ചതായതാലന്തിന്
മോദമതെത്രമേലേറുമെന്നോ...!?,
പൈതങ്ങളില്ലാത്തതിൻപേരിലായിടും
പാതകം മണ്ണിൽസഹിപ്പതാണോ..?''

അവസാനമായി കവി ഇങ്ങനെ കുറിച്ചിരിക്കുന്നു:

''മാത്രയീജീവിതയാത്രയിലീശ്വര-
നത്രയേശാശ്വതമാർഗ്ഗമാകൂ..'' (സഖറിയ പ്രവാചകനും സന്ദേശവും)

പേരുചേർക്കാനായി ബേതലഹേമിലേക്ക് പോയ ജോസഫും പൂർണ്ണഗർഭിണിയായ മേരിയും അനുഭവിച്ച വേദനയും ശേഷം അവർ കണ്ടെത്തിയ കാലിത്തൊഴുത്തും കാണുക

''വേദനതിങ്ങിയവേദനയേറ്റവർ
യാതനയാലെ വലഞ്ഞലഞ്ഞു.
മുട്ടാത്തവാതിലങ്ങൊന്നുമേയില്ലിനി
മുട്ടിത്തുറക്കാത്തതെത്രയെത്ര..?'',
''പട്ടിളംപുല്ലിലുയർത്തിയ തൊട്ടിയിൽ
പട്ടിൻമേലെന്നപോലാരക്ഷകൻ,
പെറ്റുവീണന്നേരമംബരതാരങ്ങ-
ളുറ്റുനോക്കിയൊളിയാർന്നുനിന്നു.'' (രക്ഷകന്റെ ജനനത്തിലെ ഭാഗങ്ങൾ).

യഹോവയല്ലാതെ അന്യദൈവം നിനക്കുണ്ടാകരുത് എന്നതിന്

''പൂജിക്കനീനിന്റെ ദൈവംകർത്താവിനെ
പൂജിക്കരുത് മറ്റൊന്നിനേയും.'' (സ്നാനവും പരീക്ഷയും).

യേശുക്രിസ്തു എന്ന രക്ഷകന്റെ വരവിന്റെ ഉദ്ദേശം ക്രിസ്തുതന്നെ വ്യക്തമാക്കുന്നു:

''നഷ്ടമായുള്ളതാംപുത്രനെ കണ്ടെത്തി
രക്ഷിപ്പാനത്രയേഞാനിഹത്തിൽ'' (സക്കേവൂസിന്റെ ഭവനത്തിൽ).

കവിതാരസചാതുരി തുളുമ്പുന്ന വരികൾ ശ്രദ്ധിക്കുക

''കർത്തനിന്നീവഴിയെത്തുന്നവാർത്തയാ
വർത്തകൻകേട്ടതുള്ളാക്ഷണത്തിൽ,
പൊക്കംകുറഞ്ഞവൻ വെക്കംകയറിയ
സിക്കമൂർശാഖിയിൻ പൊക്കത്തിലായ്.''(സക്കേവൂസിന്റെ ഭവനത്തിൽ).
''വട്ടമിരുന്നതാംശിഷ്യഗണത്തിന്
വെട്ടമാകാനൊരുപമചൊല്ലി:
പട്ടുംമൃദുലമാംചേലകൾചുറ്റുന്ന
കൊട്ടാരവീട്ടിലുള്ളാധനവാൻ'' (ധനവാനും ലാസറും)

www.malankaralibrary.com

''സ്നാപകയോഹന്നാന്റെ ശിരച്ഛേദം'' എന്ന കവിതയിൽ സന്തോഷത്തള്ളലിൽ ഏതുവരവും ചോദിച്ചുകൊള്ളാൻ അനുവാദം കൊടുത്ത ഹെറോദേശ്, സലോമിയുടെ ആഗ്രഹം കേൾക്കുന്നതിങ്ങനെ:

''വെക്കമുണർന്നവൾ തർക്കമില്ലാതുടൻ
തക്കപ്രതിഫലംതന്നെചൊന്നു'',
''ആവശ്യംകേട്ടുടൻ ഞെട്ടി നൃപനവൻ
പ്രാവശ്യംവീണ്ടും നീ.., എന്തുചൊന്നൂ..?''
ചൊന്നവൾവീണ്ടുമാ സ്നേഹസമ്മാനത്തെ
''മന്നവാ, വെക്കംതരികെനിക്ക്..''
ആമോദത്തള്ളലിലേകും വരങ്ങളെ
ആമോദാനന്തരം തള്ളിടാമോ..?,
ദു:ഖമാണെങ്കിലും ചെയ്തതൻസത്യത്തെ
വെക്കമാർക്കേലും മറന്നിടാമോ..?''

കവിയുടെ വിശ്വാസം ദർശിക്കുന്ന വരികൾ നോക്കുക

''മാറാതുള്ളപേക്ഷയാലേവർക്കുമനുഗ്രഹം
കൂറാർന്നങ്ങേകിടുന്ന ഈശനാണിവനെന്നും'' (ബത്സാഥാ കുളക്കരയിൽ)

സമൂഹത്തിലെ വലിപ്പച്ചെറുപ്പ വേറുകൃത്യം ഒഴിവാക്കാൻ യൂദാസ്സിന്റെ ഉൾപ്പെടെയുള്ള പാദങ്ങൾ അന്ത്യഅത്താഴ വേളയിൽ കഴുകിയ ക്രിസ്തു ഇങ്ങനെ പറയുന്നു:

''പരസ്പരം നിങ്ങളും ചെയ്യുകീസത്കർമ്മം
മത്സരമാകാതിരിപ്പതിന്നായ്..'' (യൂദാസിന്റെ ഗൂഢാലോചന).

യേശു തങ്ങളെ വിട്ടുപോയെന്നുള്ള ചിന്തയിൽ മുക്കുവപ്പണിയിലേക്ക് തിരികെപ്പോയ ശിഷ്യർ ക്രിസ്തു കടൽത്തീരത്ത് നിൽക്കുന്നതുകണ്ട് ഭ്രമിക്കുന്നു. തന്റെ തെറ്റ് ബോദ്ധ്യപ്പെട്ട പത്രോസ് ആദാം ഏദൻതോട്ടത്തിൽ മരങ്ങൾക്കിടയിൽ ഒളിച്ചപോലെ നഗ്നത മറയ്ക്കാൻ കടലിൽച്ചാടുന്നു.

''വിശ്വാസരാഹിത്യചിന്തകളാർന്നവ-
രീശ്വരമാർഗ്ഗം വെടിഞ്ഞതിനാൽ,
നഗ്നത, ചിന്തയിലോടിയെത്തീട്ടുടൻ
നഗ്നനായ്ത്തീർന്നയാദാമിനെപ്പോൽ
കുപ്പായവേഷം ധരിച്ചുടൻപത്രോസ്
അപ്പടിചാടി കടലിലേക്ക്'' (യേശു കടൽത്തീരത്ത്).

സ്വർഗ്ഗാരോഹണ സമയത്ത് ആകാശത്തേക്ക് നോക്കിനിൽക്കുന്ന ശിഷ്യരോട് മാലാഖമാർ പറഞ്ഞത്:

ഉന്നതെനിന്നുടൻ രണ്ടുപേർ, വാനവർ
വാനത്തിൽനിന്നിങ്ങുചൊല്ലിയിത്:
''ഗലീലിയർ.., നിങ്ങളിന്നെന്തിനിങ്ങുന്നതേ
വല്ലാതെ നോക്കിനിൽക്കുന്നിതിഹെ..?
ദൈവത്തിൻസൂനു, മിശിഹായാം രക്ഷകൻ
ദൈവത്താൽ വീണ്ടുമിങ്ങാഗമിക്കും....'' (സ്വർഗ്ഗാരോഹണം).

ഈ പ്രതിപാദനം തത്കാലം ഇവിടെ നിൽക്കട്ടെ. കാവ്യദേവതാനുഗ്രഹീതനായ സാമിനേയും കുടുംബത്തേയും സാക്ഷാൽ സരസ്വതിയും പൗരാണികാചാര്യന്മാരും അവരുടെ ആത്മാനുഭൂതിയുടെ ചാരിതാർത്ഥ്യത്തോടെ അനുഗ്രഹിച്ച് ഭൗതികവും ദൈവികവുമായ സമ്പത്സമൃദ്ധിയിലേക്കു നയിക്കട്ടെ എന്ന് ആശംസിക്കുന്നു.

വിധേയൻ,

**പണ്ഡിതരത്നം, മഹാകവി മുതുകുളം ശ്രീധർ**

1192 മേടം (2017 ഏപ്രിൽ 30)

www.malankaralibrary.com

# 1 പിറവി സന്ദേശം

**ആ**ഴിയിൻതീരത്ത് തീർത്തും സമൃദ്ധിയിൽ
പാലസ്തീൻദേശമനുഗ്രഹീതം.
പുരാതനസംസ്കാര സിംഹാസനങ്ങളായ്
മേവുന്നുള്ളീജിപ്തും ബാബിലോണും
മുട്ടിക്കിടക്കുന്നിവർക്കനുരൂപരായ്
യൂഫ്രട്ടീസ് ടൈഗ്രീസ് നദിക്കരകൾ,
തൊട്ടുതലോടിത്തഴുകിയൊഴുകുന്ന
ജോർദ്ദാൻനദീതടസുപ്രദേശം,
പുരാതനപട്ടണമേരുശലേംതല-
സ്ഥാനമായ്മിന്നുന്ന ഭൂപ്രദേശം,
ഗലീലി, സമര്യ, യഹൂദ്യഭാഗങ്ങളാൽ
തീർത്തുള്ളജൂതർ സങ്കേതഭൂമി.
മണ്ണിലായ്നാകം രചിച്ചപോൽ നസ്രത്ത്
കൺകണ്ടയത്ഭുതഗ്രാമഭൂമി
കുന്നുംമലനിരതാഴ്വരയാലെ നൽ
പൂന്തുകിൽനെയ്യുന്ന പുണ്യഭൂമി
കാറ്റേറ്റുപൊന്നോലചായ്ച്ചുല്ലസിച്ചും
കൊയ്ത്തുകാതോർത്തും കതിർക്കുലകൾ,
നീളെപ്പരന്നുല്ലസിക്കും വയലേല
താളത്തിലാടും ഗോതമ്പുപാടം,
ചുറ്റുംപറവചിലച്ചുംചിറകടി-
ച്ചിറ്റിരുന്നുംഞൊടിമേൽപ്പറന്നും
കിങ്ങിണിപ്പൂങ്കുലയാട്ടുംപനകളിൽ
തങ്ങിയിങ്ങെത്തും കുളിർത്തകാറ്റും
തട്ടായ്തരമൊടുകെട്ടിയൊരുക്കിയ
തട്ടിലായ്തൂങ്ങുന്നമുന്തിരികൾ
മൂത്തുപഴുത്തകുലകളിലാർത്തിയാ-
ലൊത്തങ്ങിരിക്കുന്ന തേനീച്ചകൾ,
ചുറ്റിത്തിരിഞ്ഞുമദിച്ചുമധുവുണ്ട്
മുറ്റിയാഘോഷാലളിയാരവം,
പാകംപറഞ്ഞുപറക്കുന്നപക്ഷികൾ
നാകം ചമയ്ക്കുന്നീതോട്ടങ്ങളിൽ,
കൊച്ചുകുരുവിക്കിടാങ്ങളലയൊലി
മെച്ചമായ്പൊന്തുന്നവിടവിടെ.
തട്ടുതട്ടായമണൽത്തിട്ടതാണ്ടിയാ-
ലൊട്ടൊട്ടുദൂരയായ് മാമലകൾ,
പുല്ലണിമേടുകൾതീർത്ത മഹീതലം
അല്ലലാൽമേയുന്ന കാലികൾക്ക്.
കൂരകൾകാണുന്നുണ്ടങ്ങുവിദൂരതെ
തീരക്കരയിലങ്ങെത്തുംവരെ.
കർഷകർ, മുക്കുവരാട്ടിടയരധി-
കധ്വാനശീലർ വസിക്കുന്നിടം
അന്നന്നുവേണ്ടുന്നൊരന്നത്തിനുസദാ
തന്നൊക്കും വേലയെടുത്തിടുന്നോർ.

www.malankaralibrary.com

മുന്നോക്കപിന്നോക്ക ഭേദമതെന്നിയേ
വിണ്ണൊക്കും നസ്രേത്ത്വാസസ്ഥലെ
തച്ചന്റൊരുഗൃഹമുണ്ടവിടായതിൽ
സ്വച്ഛതയോടെവസിപ്പുജോസഫ്;
ദാവീദിൻ വംശജനായിപ്പിറന്നവൻ
പൂർവ്വികർജന്മസുകൃതമാർന്നോൻ
മെച്ചഗുണങ്ങളാൽ വ്യാപരിച്ചീടുവോൻ
തച്ചരായോർക്കഭിമാനിതനും.
സ്വന്തകുലത്തിൽ പിറന്നൊരുധന്യയാം
മേരിക്കുകാന്തനായൊത്തുവാഴാൻ,
നിശ്ചയകർമ്മം കഴിഞ്ഞുവധൂവരർ
സ്വസ്തതയാലെ ദിനംകഴിക്കെ
ഗബ്രിയേൽദൂതൻ നസറേത്ത്പട്ടണെ
തമ്പുരാൻതന്നാലയയ്ക്കപ്പെട്ടു
അങ്ങുപുരമതിൽ ശുദ്ധയാംകന്യക
തങ്ങുന്നഗേഹത്തിൽ ചെന്നദൂതൻ
''ദൈവകൃപയാൽ നിറഞ്ഞവളേ.., സ്വസ്തി!
ദൈവംകർത്താവിന്നുനിന്റെകൂടെ..''
മാത്രയിലിത്രമേൽ കേട്ടുഭയപ്പെട്ടാ-
ധാത്രിയോടാദൂതൻ ചൊന്നുവീണ്ടും:
''ഭയംവേണ്ടൊരല്പവുംദൈവകൃപയാലെ
ജയമോടിന്നുന്നതൻഗർഭംപേറും,
സർവ്വേശനന്ദനനേശുവെന്നുള്ളപേർ
സർവ്വേശസൂനുവിനായിടേണം,
അത്യുന്നതന്നുടെ പുത്രനായുള്ളവ-
നത്യുന്നസിംഹാസനത്തിൽവാഴും.''
''ഭാര്യയെന്നുള്ളവളല്ലിവൾഞാനെന്ന
കാര്യമെന്നുള്ളത് നീ ഗ്രഹിക്ക..
എങ്ങനീക്കാര്യം ഭവിക്കു''മെന്നുള്ളത്തിൽ
വിങ്ങിക്കൊണ്ടായവൾചൊന്നീടവെ;
ദൂതൻമറുപടിയായവൾക്കീവിധം:
''അത്യുന്നതീശന്റെശക്തിയെത്തും
ശക്തനായുള്ളവനങ്കുരിക്കുമവൻ
ഭക്തർക്കങ്ങായുള്ളക്രിസ്തുവത്രെ,
വന്ധ്യയെന്നേവരുംചൊല്ലുന്നെലിസബ-
ത്തന്ത്യമിതാറായിഗർഭമാസം,
അസാദ്ധ്യമായൊന്നുമേയില്ലിവിടീശ-
ന്നസാദ്ധ്യമായുള്ളതും സാദ്ധ്യമാകും..''
ചുറ്റുംനിറഞ്ഞതാമീശ്വരൻ സാന്നിദ്ധ്യം
മുറ്റുമേകൈക്കൊണ്ടവൾമൊഴിഞ്ഞു:
''കർത്താവിൻദാസിയിതായിങ്ങുനിൽക്കുന്നു
തർക്കമില്ലാതെല്ലാമായിടട്ടെ..''
ക്ഷിപ്രേയനുഗ്രഹമേകിയഗബ്രിയേ-
''ലപ്രകാര''മെന്നുചൊല്ലിമാഞ്ഞു.
ഗർഭിണിയായമറിയം, വധുവിന്റെ
ഗർഭമറിഞ്ഞുള്ളജോസഫുടൻ
രഹസ്യേയാധന്യേയുപേക്ഷിപ്പാൻ നിശ്ചയി-
ച്ചതിലേറെആശങ്കേലായിരിക്കെ
വരനാകും ജോസഫിൻഗേഹത്തിലദ്ദൂതൻ
പരമാത്മജന്മവരമന്നോതി:



www.malankaralibrary.com

“ദാവീദിൻസൂനുവാം ജോസഫേകേൾക്കുക..,
ദൈവികശക്തിയാർന്നിന്നുമേരി
പാപവിമോചകനിമ്മാനുവേലത്രേ
പാവനമായുള്ളുദരത്തിലായ്..,
പ്രവാചകരേവരും ചൊന്നിതുമുന്നമെ,
പാപമകറ്റുവാനായിതെല്ലാം,
ശങ്കിക്കവേണ്ടനീയേൽക്കുക മേരിയെ
ശങ്കയൊഴിഞ്ഞുനീ സ്വീകരിക്ക..”
നിദ്രയിൽനിന്നുമുണർന്നുള്ള ജോസഫ്
ദൂതന്റെകല്പനയേറ്റുമോദാൽ

## 2 ബേത്‌ലഹേമിലേക്ക്



**ക**ല്പനയായന്ന്, ലോകരോടായ്സീസ-
രേവരും പേരുകൾചേർക്കവേണം;
സ്വന്തം പുരങ്ങളിൽചെന്നുതൻപേരങ്ങ-
മാന്തതയില്ലാതെഴുതിക്കണം.
കല്പനയായതിൻ പേരിലോജോസഫ്
തൻപിതാവിൻപുരിപൂകിടേണം
യൂദയാരാജ്യപുരമാകും ബേതലേം
കാതങ്ങളോളവും ദൂരമുണ്ട്.
ഗലീലയിൽനിന്നുമിറങ്ങിയിരുവരും
പാലിക്കുവാൻ നൃപകല്പനയെ
മോദമൊടായവർയാത്രതുടങ്ങിയാ-
ബേതലഹേമിലങ്ങെത്തിടുവാൻ.

## 3 രക്ഷകന്റെ ജനനം

**ദേ**ശമനവധിദൂരത്തിൽനിന്നെത്തി
വാസമതാക്കിതെൽവിശ്രമിപ്പാൻ
വേദനതിങ്ങിയവേദനയേറ്റവർ
യാതനയാലെവലഞ്ഞലഞ്ഞു.
ആശയൊട്ടെല്ലാമൊഴിഞ്ഞന്നാകൂട്ടുകാർ
ക്ലേശങ്ങളാറ്റാൻ പരതിചുറ്റും
മുട്ടാത്തവാതിലങ്ങൊന്നുമേയില്ലിനി
മുട്ടിത്തുറക്കാത്തതെത്രയെത്ര..?!.



പൂർണ്ണയാംഗർഭിണിയായുള്ളവർക്കൊരു
പർണ്ണശാലേലുമിടമില്ലാതെ
വല്ലാതെയായവർ മുന്നിലെഗോശാല-
യല്ലാതെ വാതിൽതുറന്നുമില്ല.
ഏറിയഗർഭസ്ഥവേദനയേറിയോർ
കേറിയാകാലിപ്പുല്ലിട്ടചായ്പ്പിൽ.
കാലികൾതന്നുടെവാസസ്ഥലം ജന-
മാലൊഴിക്കുന്നവനായ്പിറക്കാൻ!
മാലോകരെത്താൻ മടിക്കുന്നുള്ളോരിടം
ഭൂലോകരക്ഷകനീറ്റില്ലമായ്!

www.malankaralibrary.com

തല്പമൊരുക്കിതൊഴുത്തിലന്നോമന
പുൽത്തൊട്ടി പട്ടുവിരിച്ചിടമായ്.
നേരമിരുട്ടിലായ് മഞ്ഞുപൊഴിഞ്ഞുടൻ
മാരുതൻ വീശി കുളിർമയോടെ.
അന്തിയിലംബരെപൊന്തുംപൊന്നമ്പിളി
മന്നിതിലെത്തിയാലെന്നപോലെ
പട്ടിളംപുല്ലിലുയർത്തിയതൊട്ടിയിൽ
പട്ടിൻമേലെന്നപോലാരക്ഷകൻ
കാലികൾ നിർന്നിമേഷാക്ഷിയാൽ കണ്ടുനൽ-
കാലികളല്ലാതങ്ങാരുമില്ല.



പെറ്റുവീണന്നേരമംബരതാരങ്ങ-
ളുറ്റുനോക്കിയൊളിയാർന്നുനിന്നു.
കൂരെയിരുന്നങ്ങുറങ്ങിയ പ്രാവുക-
ളാർന്നപ്രശോഭാൽ ചിറകടിച്ചു.
അല്ലിവിടരുന്നൊരംബുജമൊട്ടിലായ്
സല്ലാപമേകുന്നളിഗണംപോൽ
മിന്നുന്നമിന്നുകളെല്ലാമണഞ്ഞന്നാ-
പുന്നാരപ്പൈതലിലിന്നരികെ.
ചന്ദ്രികതൂവൊളിചിന്നിപ്രശോഭിച്ചു
മന്ദസ്മിതംതൂകി പൊന്നുണ്ണിയും
മന്ദമായ്‌വീശി തളിരിളംപൂക്കളെ
മന്ദാനിലനേകി സൗരഭത്തെ.
കുഞ്ഞിളംകൈകാലിളക്കിയ പൊന്നോമൽ
മഞ്ഞിളംലാളനയാൽശയിച്ചു.
സ്വർഗ്ഗീയഗാനമുയർന്നുപരന്നന്നാ-
സ്വർഗ്ഗീയഗേഹപരിസരത്ത്.
ദൂരെയാപ്പാടത്തങ്ങാടിനെ മേയ്ച്ചിട്ട്
ചാരെയുറങ്ങുന്നുള്ളാട്ടിടയർ,
പറ്റമായ്മേയുന്നുള്ളാടിനെ പാലിച്ച്
പോറ്റുന്നുള്ളാട്ടിടയർശയിക്കെ,




നിദ്രയിൽനിന്നുമുണർത്തിയുള്ളാഘോഷം
മദ്ധ്യേയാവാനത്തിൽനിന്നുയർന്നു.
അമ്പരന്നുള്ളയങ്ങാട്ടിടയർമേലെ
അംബരേയെത്തിയ സ്വർഗ്ഗദൂതൻ
"ഭയംവേണ്ട സകലജനത്തിനുംസന്തോഷ-
ദായകവാർത്തയറിഞ്ഞിടുവിൻ,
ദാവീദിൻപട്ടണെ, നിങ്ങൾക്കുരക്ഷകൻ
കർത്താവാംക്രിസ്തു പിറന്നിരിപ്പൂ.."
സ്വർഗ്ഗീയസൈന്യത്തിൻ വ്യൂഹംചമച്ചുടൻ
സ്വർഗ്ഗീയകാഹളഭേരി പൊങ്ങി.
ദൈവസ്തുതിയാൽ മുഴങ്ങിയവാനിടം
ദൈവാത്മജന്റെ പിറവിമോദാൽ.
"അത്യുന്നതത്തിൽമഹത്വം ദൈവത്തിന്
മന്നിൽകൃപലഭിച്ചോർക്ക് ശാന്തി.."
സദ്വാർത്തകേട്ടങ്ങുണർന്നൊരായുള്ളവർ
ബേത്‌ലഹേമിലേയ്ക്കായിയാത്ര
കാലിത്തൊഴുത്തിലായ് കണ്ടവരുണ്ണിയെ
ചാരത്തുമാതാപിതാക്കളേയും,
ഉള്ളിലെസന്തോഷത്തള്ളലാലന്നവർ
തുള്ളുംമനസ്സാൽ തിരിച്ചുപോയി.

www.malankaralibrary.com

# 4 ജ്ഞാനികളുടെ വരവും കൂട്ടക്കൊലയും



**ഉ**ന്നതേനീങ്ങിയ താരത്തെ പിൻതുടർ-
ന്നുന്നതരായുള്ള ശാസ്ത്രിമൂവർ
എത്തിയവർവഴിഹേറോദേശ് രാജന്റെ
കൊത്തളമേറിയാരാഞ്ഞിങ്ങനെ:
''എവിടെയെഹൂദ്യയിലുണ്ടായ രാജ-
നവനെയാരാധിപ്പാനെത്തി ഞങ്ങൾ...?!''
ഞെട്ടിനൃപനവൻ, ഹെറോയുംകൂട്ടരും
പെട്ടെന്നവരോ സദസ്സുകൂട്ടി;
''എങ്ങുപിറന്നവനെന്നോടു ചൊല്ലുക..,
തങ്ങാതെവന്നവൻ പാദംമുത്താൻ..?''
വന്നവർചൊന്നിത് ''ബേതലഹേമിലായ്
മുന്നേപ്രവാചകർ ചൊന്നപോലെ..''
''വെക്കമായ്കണ്ടുതിരിച്ചിങ്ങുപോരുക
വെക്കമെനിക്കുംകണ്ടാരാധിപ്പാൻ..''
മന്നവൻ കല്പനകേട്ടുപുറപ്പെട്ടാ
വന്നവർ യാത്രതുടർന്നുവീണ്ടും.
താരത്തിനൊപ്പം തുടർന്നുള്ളയാത്രയോ
നേരെയങ്ങെത്തികാലിത്തൊഴുത്തിൽ.
കണ്ടവരാഗൃഹേ മാതാപിതാക്കളെ,
കണ്ടവരാണ്ടവൻപൈതലിനെ.
മുന്നിലണച്ചവർ കാണിക്കകാഴ്ചകൾ
പൊന്നുമാമീറയും കുന്തിരിക്കം.
മന്ദസ്മിതംതൂകി സർവ്വേശനന്ദനൻ
നന്ദിയാലുള്ളംനിറഞ്ഞവണ്ണം,
സന്തോഷമാർന്നവരാരാധനയായി
സന്തോഷാലീശനുനന്ദിയേകി.
കൊട്ടാരംപോകരുതെന്നറിയിപ്പിനാൽ
വിട്ടവർ മറ്റൊരുപാതപൂകി..
ജ്ഞാനികൾ പോയുള്ളമാത്രെയൊരുദൂതൻ
''ഈജിപ്തിലേക്കുടൻപോകൂ..'', ചൊന്നു.
വെക്കമെഴുന്നേറ്റുമേരിയും കുഞ്ഞുമായ്
തക്കത്തിലങ്ങുഗമിച്ചുജോസഫ്.
ജ്ഞാനികൾ കൊട്ടാരമെത്താത്തപേരി-
ലരചന്കോപമടക്കാതായി.
രോഷമതേറി, ഹെറോദേശ് കല്പിച്ചു
''നിഷ്കാരുണ്യത്താൽ കൊലനടത്തിൻ..,
രണ്ടുവയസ്സതിനുള്ളിലുള്ളാൺപൈതൽ
മണ്ടലെജീവിക്കാൻ പാടില്ലിനി..''
കല്പനകല്ലേൽപ്പിളർക്കുമെന്നാകയാൽ
കല്പനപോലായി നിഷ്കാരുണ്യം.
ചോരയൊലിക്കും വാളോങ്ങിയിരുപാടും
ക്രൂരന്മാരട്ടഹാസം മുഴക്കി
പൂട്ടിക്കിടന്നകതകുകൾ നേർനോക്കി
വെട്ടുന്നഹോ! ചിലർ വന്മഴുവാൽ
വെട്ടിനുറുക്കിയവർ കൊലയാളികൾ
കിട്ടിയയെല്ലാൺകുരുന്നിനേയും.



www.malankaralibrary.com



തട്ടിപ്പറിച്ചവരമ്മമടി മുല-
യൂട്ടിയുറക്കിയപൈതങ്ങളെ..,
കാലിൽപ്പിടിച്ച് കൊലവിളിയോടവർ
കല്ലിലടിച്ചങ്ങെടുത്തെറിഞ്ഞു..,
തൊട്ടിലിൽ താരാട്ടുപാടിയുറക്കിയ
കുട്ടിയെതൊട്ടിലിലിട്ടുവെട്ടി..,
നെട്ടോട്ടമോടിയൊളിപ്പിച്ചുപൈതലെ
കിട്ടിയതക്കത്തിലമ്മയെന്നാൽ
ഒറ്റുകൊടുത്തുചിലരാകുരുന്നിനെ
വറ്റിയഹൃത്തിന്റെമേലാളന്മാർ..,
കഷ്ടം! നിലംപതിക്കുന്നിതാബാലകർ
വെട്ടുകളേറ്റുമെടുത്തെറിഞ്ഞും
ഘോരം! പൈതങ്ങൾ പിടഞ്ഞടങ്ങി ചുറ്റും
ചോരചെഞ്ചോലയവിടവിടെ
പാവനമായപ്രദേശങ്ങളാകവെ
കുരുതിക്കളംകണക്കെ ചുവന്നു.
വല്ലാത്തകാഴ്ച! നിലവിളിച്ചോടിയോർ
മല്ലരിൻമുന്നിലടിതെറ്റുന്നു.
ജറമിപ്രവാചകൻ ചൊന്നതാംവാക്ക-
ങ്ങറമ്പറ്റുംപോലയാബേതലേമിൽ.


# 5 സഖറിയ പ്രവാചകനും സന്ദേശവും




**സ**ഖറിയെന്നപുരോഹിതൻ യൂദയിൽ
കർത്താവിൻവേലയെടുത്തുപോന്നു
കർതൃവേദങ്ങളിലുറ്റകൂറുള്ളവൻ
മാറാതെകല്പന പാലിക്കുന്നോൻ
അവനന്നഹറോന്റെ പുത്രിയെലിസബ-
ത്തവളുടെ ഭർത്താവങ്ങായിരുന്നു.
പ്രായമാർന്നെന്നാലവർക്കുപരമ്പരാ-
കാര്യത്തിൽ സന്താനമായതില്ല,
ബാലവിശ്ലേഷങ്ങളാകുന്നതിന്നവർ
കാലങ്ങളോളമർത്ഥിച്ചിരുന്നു.
നറുക്കിലവന്നുപുരോഹിതധൂപത്തി-
ലർപ്പണംചെയ്യാനനുഗ്രഹമായ്.
അർപ്പണവേളയിൽ പ്രത്യക്ഷനായൊരു
കർത്താവിൻദൂതനൊരുദിനത്തിൽ:
''ഭയംവേണ്ടയൊട്ടുമേ!..'', ചൊല്ലിയാവാനവൻ
''ദയയാർന്നുകേട്ടീശനർത്ഥനയെ..,
ഭാര്യയെലിസബത്തിന്നൊരുപുത്രൻ
പിറക്കു''മെന്നൊതിയാദൈവദൂതൻ,
''യോഹന്നാനെന്നപേരേകണം ബാലന-
ങ്ങാഹ്ലാദ, സന്തുഷ്ടിയേകിടുവോൻ,
കർത്താവിൻ സന്നിധേമുഖ്യനാകുന്നവൻ
പരിശുദ്ധറൂഹാകൃപയാർന്നവൻ,
കർതൃപാതനേരെയാക്കിടുവോൻ നീതി-
പാതയിലൂടെനടത്തിടുവോൻ,
പാനീയവീഞ്ഞുവിരക്തിയുള്ളോനവൻ

www.malankaralibrary.com

വാനവപുത്രമുൻപേഗമിപ്പോൻ,
ഏല്യായിൻ ചൈതന്യശക്തിയാർന്നുള്ളവ-
നെല്ലാർക്കുംമുമ്പേ നടന്നിടുവോൻ..''
ദൂതന്റെവാക്കുകൾ കേട്ടതാംമാത്രയി-
ലത്ഭുതേചോദിച്ചു സഖറിയാ:
''വൃദ്ധരായുള്ളവരെങ്ങളിലെങ്ങനീ
വാഗ്ദാനകർമ്മംനടപ്പിലാകും..?''
ക്രുധനായ്, വാനവനിങ്ങനെകേൾക്കവെ
വൃദ്ധനാം സഖറിയോടുചൊന്നു:
''സൃഷ്ടാവിൻസന്നിധേ നിൽക്കുന്നീഗബ്രിയേൽ
സൃഷ്ടാവിനാലിങ്ങയയ്ക്കപ്പെട്ടു..,
വിശ്വാസിയായനീയെൻമൊഴികേൾക്കാത-
വിശ്വാസമോടതുതള്ളിയതാൽ
തക്കപ്രതിഫലമായിനീയേൽക്കുക
മൂകനാം.. പൈതൽപിറക്കുവോളം..''
ദീർഘിച്ചനേരത്തെകാത്തിരിപ്പിൽ ജനം
സഖറിയായെതിരഞ്ഞിരുന്നു.
മൂകനായുള്ളാപുരോഹിതനാംഗ്യാൽ
ദർശനകാര്യമെല്ലാംമൊഴിഞ്ഞു.
ശുശ്രൂഷകാലത്തിന്നന്ത്യമന്നാദിനെ
കാർമ്മികനായോൻതിരിച്ചുപോയി.
അപമാനിയായിക്കഴിഞ്ഞുള്ളെലിസബ-
ത്തഭിമാനമോടെ വഹിച്ചുഗർഭം.
ചോദിച്ചങ്ങാർജിച്ചതായതാലന്തിന്
മോദമതെത്രമേലേറുമെന്നോ...!?,
പൈതങ്ങളില്ലാത്തതിൻപേരിലായിടും
പാതകം മണ്ണിൽസഹിപ്പതാണോ..?,
ഈശ്വരൻതന്നോരിവർകളെതള്ളിയീ
വിശ്വവഴികളെതേടിടുവോർ,
നിധികളിവർകളെ പാലിച്ചിടാതയ്യോ!
വിധിയെന്നപേരിൽ പഴിച്ചിടുവോർ,
ഹന്ത! നിൻവേലയിലായിടേണ്ടുന്നവ-
രന്ധകാരപ്പുഴുവെത്രതിന്നു..?
മാത്രയീജീവിതയാത്രയിലീശ്വര-
നത്രയേശാശ്വതമാർഗ്ഗമാകൂ.



# 6 മറിയത്തിന്റെ സന്ദർശനം

**ക**ർതൃകൃപയാൽ നിറഞ്ഞവളാംമേരി
ചാർച്ചഗൃഹത്തിലെ വാർത്തകേൾക്കെ
വേഗം ഗലീലിയവിട്ടവൾ യൂദയാ
ഗേഹം ഗമിക്കാനുള്ളിച്ഛയാലെ
യാത്രയിറങ്ങിത്തിരിക്കുവാനായ് ദൂരെ
ആ മലനാട്ടിലങ്ങെത്തിടുവാൻ
തന്നെത്താൻതാഴ്ത്തിയ കന്യകയാണിവ-
ളുന്നതിയാർന്ന പരിശുദ്ധയും
പാവനശീലയണിഞ്ഞരുങ്ങി മെല്ലെ

www.malankaralibrary.com



പ്രാർത്ഥനാപൂർവ്വം പടിയിറങ്ങി
മന്ദംവെളിയിൽ കടന്നുനടന്നവ-
ളെത്താനെലിസബത്തിന്നരികെ
ഈശ്വരവാക്യമുരുവിട്ടുരുവിട്ട-
ങ്ങാശ്വാസമോടെയവൾ നടന്നു.
വന്ദിച്ചുമാനിനിയെസ്വർഗ്ഗവാസികൾ
ആനയിച്ചോളെ മാലാഖവൃന്ദം
ചാഞ്ഞുനിന്നർക്കൻ കഠിനതയേറ്റാതെ
മാഞ്ഞുംമറഞ്ഞും നീർമേഘത്താലെ
മുറ്റിയ സൗരഭത്താലെവിരിയും
സുമങ്ങളിൻ ഗന്ധം ചുരത്തിചുറ്റും
മന്ദമായ്വീശി തണുവണി മാരുതൻ
കൂടെഗമിച്ചു മുഴുവീഥിയിൽ
പട്ടുവിരിച്ചപോൽ പാടങ്ങളപ്പുറം
തിട്ടമാം ഗോതമ്പണിക്കതിർകൾ
പാടത്തിറങ്ങിനടന്നുവീണ്ടും പാദ
പാടൊട്ടുപോക്കാനിരുന്നിടയ്ക്ക്.
പൊക്കമാംകുന്നും നടപ്പാത പിന്നെയും
തക്കതാം നല്ലയിടവഴികൾ
പുല്ലണിമേടുകൾ താഴ്വരകുന്നുകൾ
നല്ല മലരണിപൂമരങ്ങൾ
വന്ദ്യനാമീശന്റെ അമ്മയാം തന്വിയാ
മന്ദിരമെത്താൻ നടന്നുവീണ്ടും.
ഊടുവഴികളിരുപുറം ചോലകൾ
പാട്ടുപാടുന്നിണപൂങ്കിളികൾ
പാരം മനോജ്ഞമാം പൂമരച്ചില്ലകൾ
ഓരത്തിലായി തണൽവിരിച്ചു
സൃഷ്ടാവിൻ പുത്രജനനിക്കായങ്ങവർ
വർഷിച്ചു നല്ലിളം പുഷ്പങ്ങളെ
കൂജനശബ്ദമുയർത്തി കുയിലുകൾ
വിജനതയൊട്ടും തോന്നാത്തവണ്ണം.
വന്മലയോരത്തൂടാപ്പാത നീളുന്നു
നന്മനിറഞ്ഞവൾക്കായിപ്പോകാൻ
കല്ലുംമുള്ളുംകൊടുംചൂടുള്ള പാതയിൽ
തെല്ലുമാശങ്കയ്ക്കടിപ്പെടാതെ
സൃഷ്ടികർത്താവിന്റെ തൃക്കരപല്ലവം
സൂക്ഷമമായ് പാലിച്ചുകൊണ്ടവളെ
കൂടെപുറപ്പെട്ടോരോരോരോ ദിക്കിലും
വിട്ടുപിരിയാതവൾവഴിക്ക്
കൂട്ടുകാരായിട്ടാ മാനിനിക്കൊപ്പമാ-
യേറ്റമനുഗ്രഹാലായിയാത്ര.
ക്ഷീണമതൊട്ടു കഠിനതയേകിലും
തുണയായുള്ളീശന്നനുഗ്രഹത്താൽ
കർത്തൻകരങ്ങളാലാവഴിയത്രയും
തീർത്തൊരു തീർത്ഥയാത്രകണക്കെ
എത്തിമലനാട്ടിലന്നങ്ങൊരുദിന-
മാർദ്രയാം മേരി വിശേഷവുമായ്
ചെന്നങ്ങുകേറിമറിയഭിവാദനം
ചൊന്നുള്ളനേരത്തുദരത്തിലായ്
ആനന്ദമായവൾ ഗർഭേയുള്ളാശിശു
സാനന്ദമോടെകുതിച്ചുചാടി.




www.malankaralibrary.com

പരിശുദ്ധരൂപി നിറഞ്ഞവളങ്ങുട-
നാരാധനയാലന്നുദ്ഘോഷിച്ചു:
''മേരീ.., നീ സ്ത്രീകളിൽധന്യയും തമ്പിയെൻ
കർത്താവിന്നമ്മയാം ഭാഗ്യവതി,
നിന്റെ സ്വരമെന്റെ കർണ്ണേപതിച്ചുട-
നെന്നുടെകുഞ്ഞുകുതിച്ചുചാടി,
കർത്താവരുളിയകാര്യങ്ങളപ്പടി
നിറവേറുംചൊന്നനീ ഭാഗ്യവതി..''
കെട്ടിപ്പിടിച്ച് ചുംബിച്ചിരുനാരികൾ
മുട്ടിയസ്നേഹം വഴിഞ്ഞൊഴിച്ച്
ഊഷ്മളസ്നേഹാലമർന്നിരുതമ്പികൾ
ഹർഷബാഷ്പത്താലങ്ങാശ്വസിച്ച്
സർവ്വശക്തനാമെഹോവയാം ദൈവത്തെ
സർവ്വാത്മനാഭക്തിയോടെ വാഴ്ത്തി.
മറിയമാനാട്ടിലെലിസബത്തിനൊപ്പം
മാറാതെമൂന്നുമാസം വസിച്ചു.

## 7 സ്നാപകയോഹന്നാൻ

**കാ**ലംതികഞ്ഞുള്ളകാലത്തെലിസബ-
ത്താലംബാലേകിയൗനാനുജന്മം.
എട്ടാംദിനത്തിലെ ചേലാകർമ്മത്തിലാ-
നാട്ടുകാരിട്ടപേർ സഖറിയാ.
''അല്ലല്ല..!'' ചൊല്ലിയെലിസബത്താമക-
നല്ലലില്ലാതേകി യൗനാനെന്ന്.
''ഇപ്പേരിലാരും കുടുംബത്തിലില്ല''ന്ന്
അപ്പാരിലുള്ളവർ ചൊല്ലിയപ്പോൾ
എന്തുപേരേകണമെന്നാപിതാവിനോ-
ടൊന്നായവരന്നുചോദിച്ചുടൻ
എഴുത്തുപലകവരുത്തിയിട്ടാപിതാ-
വെഴുതിക്കാണിച്ചുടൻ **യോഹന്നാൻ**..
അത്ഭുതമായുടൻ സഖറിയായ്ക്കഹോ!
തത്ക്ഷണേ നാവിന്റെ കെട്ടുപൊട്ടി.
ദൈവത്തെപാടിപുകഴ്ത്തിയാമാനവ-
രേവരും വാഴ്ത്തിയവന്റെനാമം.
ആരാരിപൈതലങ്ങെന്നുള്ളചോദ്യമ-
ന്നോരോമനുജനുമുള്ളത്തിലായ്.
കർത്താവിൻ പാണിയവൻകൂടെയുള്ളതാൽ
കർത്തൃകൃപയാലവൻ വളർന്നു.
ഇസ്രയേൽ ദൈവജനത്തിന്നറിവോളം
സ്നാപകൻ മരുവിലങ്ങായിരുന്നു.
ആത്മാവിൽ ശക്തിപ്രാപിച്ചവൻയോഹന്നാ-
നാത്മാവാലെത്തി ജോർദ്ദാൻകരയിൽ.
സ്നാനത്തിനായിട്ട് സന്നിധേയെത്തിയോർ
സ്നാപകൻ ചൊൽവതുകേട്ടുനിന്നു:
''നാഗത്തിൻസന്താനമായുള്ളോരേ, നിങ്ങൾ
വേഗത്തിലോടിയകന്നീടുവിൻ
മാനസ്സേ അന്തരമാർന്നീടുവിനുടൻ
വിനയമാർന്നുന്നതി നേടീടുവിൻ..,



www.malankaralibrary.com

പ്രഭാവനാമീശ്വരൻ രാജ്യം സമീപമായ്
പാപങ്ങളൊന്നായ് വെടിഞ്ഞിടുവിൻ..,
സംശുദ്ധജീവിതം പാലനം ചെയ്തു
വിശുദ്ധിയിൻ മാർഗ്ഗേ നടന്നീടുവിൻ..,
ഞങ്ങൾക്കിന്നെബ്രഹാം താതനെന്നുള്ളതാം
നിങ്ങൾക്കഭിമാനത്തള്ളൽവേണ്ട..,
കാണുന്നീക്കല്ലീന്നവന്റെസന്താനത്തെ
സൃഷ്ടിക്കാനാകുമെൻ ദൈവത്തിന്..,
നല്ലഫലങ്ങളെയേകുക സംശുദ്ധ-
മല്ലാത്തവയ്ക്കുടൻ കോടാലിയും..
സത്ഫലമേകാതരുക്കളെവെട്ടിയ-
തഗ്നിയിൽ ചുട്ടുകളയുമീശൻ..''
''തങ്ങളിന്നെന്താണ് ചെയ്യേണ്ട''തെന്നവർ
വിങ്ങലോടായന്ന് ചോദിക്കവെ
''രണ്ടുടുപ്പുള്ളവനില്ലാത്തവന്നായി
രണ്ടിലങ്ങൊന്നുകൊടുത്തിടുവിൻ..,
ഭക്ഷണപാനീയ കാര്യത്തിലേതിലു-
മിപ്രകാരംതന്നെയാകവേണം..,
ദുരയിലുയർന്നതാമന്യായചിന്തയും
ദുരഭിമാനവുംവിട്ടീടുക..,
ഭീഷണിഭൂഷണമാക്കാതിരിക്കുവിൻ..,
ഭൂഷണമാക്കരുതാരോപണം..''
ചുറ്റുംകൂടിതിങ്ങിനിന്നുള്ളതാംജനം
മുറ്റുമായ് സംശയമായവനിൽ;
കർത്തനയയ്ക്കുന്ന ക്രിസ്തുവാംരക്ഷക-
നാർത്തരെകാക്കുന്നിവൻതന്നെയോ..?
ഇംഗിതംനന്നേ തിരിഞ്ഞതുള്ളാമഹാൻ
സന്ദേഹമെന്യേമൊഴിഞ്ഞുടനെ:
''ഞാനോ ജലത്താലെ സ്നാനമിന്നേകു-
ന്നവനോ..? അരൂപിയാലഗ്നിയാലും..,
എന്നേക്കാളുന്നതനാഗതനാമവൻ
പാദുകംപോലുമഴിക്കാനാകാ..,
വീശുമുറത്താൽ കളംതെളിക്കുന്നവൻ
വീശിയൊഴിക്കും പതിരുകളെ..,
ധാന്യമണിയാലറനിറയ്ക്കുന്നവ-
നഗ്നിയിലാക്കും പതിർഗണത്തെ..''
ഇങ്ങനെയോരോരോ സദ്വാർത്തചൊല്ലിയാ
സ്നാപകനുദ്ബോധനം തുടർന്നു.

## 8 ഈജിപ്തിൽ നിന്നും നസ്രേത്തിലേക്ക്



**രാ**ജൻഹെറോദേസിൻ കാലമകന്നപ്പോ-
ഴീജിപ്തിൽ കർത്തന്റെദൂതനെത്തി
''ജോസഫേ... പൈതലും മേരിയുമായിട്ട-
ങ്ങിസ്രയേൽ ദേശത്തിലെത്തീടുക..''
ഹെറോദേശ് പുത്രനാമർക്കലാവോസവൻ
യൂദയാദേശം ഭരിപ്പതിനാൽ
മുന്നറിവാർന്നവരെത്തിഗലീലയിൽ
മുന്നേ, പ്രവാചകൻ ചൊന്നപോലെ.

www.malankaralibrary.com

നസ്രത്തിൽ പാർത്തവനെന്നതിനായതാൽ
നസ്രായനെന്നവൻപേരുവന്നു.
എട്ടാംദിനമന്നങ്ങായപ്പോളായവ-
രിട്ടവൻപേരുടനേശുവെന്ന്.
ഗർഭേയാദൂതൻ മുൻചൊന്നതിനാലുട-
നർപ്പണം ചെയ്തുജറുസലേമിൽ.
ജ്ഞാനംനിറഞ്ഞുവളർന്നുവന്നാബാലൻ
ജ്ഞാനവാനായതിദൈവകൃപാൽ.

# 9 ബാലനായ യേശു ദേവാലയത്തിൽ

**തി**ക്കുംതിരക്കും നിറഞ്ഞതിരുനാളിൽ
കാണിക്കകാഴ്ചയർപ്പിച്ചിടുവാൻ
മേരിയും ജോസഫും ബാലനാമേശുവു-
മേരുശലേമിലേക്കായിയാത്ര.
തിരുനാളിനുത്സവാഘോഷസമാപ്തിയി-
ലൊരുദിനയാത്രകഴിഞ്ഞീടവെ
പൈതലാമേശുവാസംഘത്തിലില്ലെന്ന
കാര്യമറിഞ്ഞമാതാപിതാക്കൾ;
മദ്ധ്യദിനത്തിലുള്ളന്ധകാരം വഴി-
മദ്ധ്യേയവരെ തടുത്തുനിർത്തി
പുത്രനെനോക്കിത്തിരിച്ചുനടന്നുട-
നത്രയുംദൂരമാശങ്കയാലെ
പൈതലകന്നൊരാകന്നുപോലന്നഹോ
വേദനയാലെകരഞ്ഞു മേരി
''എങ്ങുപോയെങ്ങുപോയെന്നെളുപൈതല''-
ന്നങ്ങുനിലവിളിയോടവളാ
ദൂരെവഴിയിലൂടാഗമിക്കുന്നവൻ
പൈതലാണെന്ന് നിനച്ചുടനെ
പെട്ടെന്നങ്ങോടിയടുത്തുചെന്നിട്ടുടൻ
ഒട്ടുനിരാശയിലായിച്ചൊല്ലി:
''കണ്ടുവോനിങ്ങളെന്നേശുവാംപൈതലെ
ആണ്ടവദാനമനുഗ്രഹത്തെ..''
''ഇല്ല!..'', യെന്നുള്ളവരായ മറുപടി
വല്ലാതുള്ളാർത്തനിലവിളിയായ്,
മുറ്റിയസങ്കടത്താലെയിരുന്നുടൻ
പറ്റിയബദ്ധത്തെയേറ്റുചൊല്ലി.
ഈശ്വരവാക്യമുരുവിട്ടുരുവിട്ട-
ങ്ങാശ്വാസമേകിസമാശ്വസിച്ചും
നന്ദനനീശഗുണാഗുണംവർണ്ണിച്ചും
സന്താപമൊട്ടുലഘൂകരിച്ചും
ദുഃഖങ്ങളിത്രവരാവതോ ലോകത്തിൽ
ലോകമേ, നീതന്നെ സത്യമെന്നോ?
പൊന്തിവന്ന ദീനരോദനം പയ്യവെ
സാന്ത്വനമാക്കി ജോസഫുടനെ
സ്വച്ഛതയില്ലാതലഞ്ഞിരുപേർകളും
നീർച്ചാലുതേടും മാൻപേടകൾപോൽ.
മൂന്നുദിനങ്ങൾ തിരഞ്ഞുനടന്നവർ
യേരുശലേംപടിവാതിലോളം.



www.malankaralibrary.com

ദൂരെയുപാധ്യായന്മാരുടെകൂടെയാ
ബാലനനവധിചോദ്യങ്ങളാൽ!
നിസ്തുല്യരൂപനിരിക്കുന്നതിബുദ്ധി
വിസ്മയപൂർവ്വമങ്ങായവരും.
സന്തോഷത്തള്ളലിലാർന്നമേരിയുട-
നത്യന്തവേദനയാലുരച്ചു:
"പുത്രാ, നീയിങ്ങനെചെയ്യുവതെന്തിനി-
ന്നത്രമേലുൽക്കണ്ഠയാലെഞങ്ങൾ"
എന്നതുകേട്ടുടനേശുമൊഴിഞ്ഞേവം
ഖിന്നതയൊട്ടുമില്ലാതുടനെ:
"എന്തിനായെന്നെത്തിരഞ്ഞിങ്ങുപോരുവ-
തെൻപിതാവിൻകർമ്മമായിവിടെ
വ്യാപൃതനായിരിക്കേണമെന്നുള്ളത്
പ്രാപ്യരാംനിങ്ങൾക്കറിയുകില്ലേ..?"
ചൊല്ലുവതെന്തിവനെന്നുള്ളകാര്യത്തെ
തെല്ലുമറിയാതെയായവർക്ക-
ന്നൊപ്പമിറങ്ങിത്തിരിച്ചവനാദിനെ
അപ്പനുമമ്മയുമൊത്തുവാഴാൻ.
ജ്ഞാനമോടങ്ങുവളർന്നുവന്നാബാലൻ
കർത്തനും മർത്ത്യർക്കും പ്രീതിദനായ്.

## 10 സ്നാനവും പരീക്ഷയും



സർവ്വേശനന്ദനനേശുഒരുദിനെ
സർവ്വേശനീതിക്ക് പൂർത്തിയേകാൻ
സ്നാനത്തിനായിട്ടാ ജോർദ്ദാൻനദിക്കരെ
സ്നാപകൻതന്റെ കടവിലെത്തി.
തന്നുടടുക്കലേക്കെത്തിയുള്ളേശുവെ
വന്നുടൻ യൗനാൻതടഞ്ഞെന്നാലും
വാദങ്ങളും മറുവാദങ്ങളായേലും
മോദമോടായവനേകിസ്നാനം.
മാനത്തുനിന്നുമുടനൊരശരീരി,
വാനംതുറന്നൊരുപ്രാവുമേലെ
"പ്രിയനാകുംപുത്രനിവനെന്നുമെന്റെയുൾ-
പ്രിയം വഴിയുന്നിവങ്കലേക്ക്.."
സ്നാനമന്നായതിൻശേഷമായേശുവെ
മാനസചിന്താപരീക്ഷയാക്കാൻ
ആത്മാവിനാലെയയച്ചുമരുവില-
ന്നന്തരാത്മാവിന്റെ ശുദ്ധിനോക്കാൻ.
ഭക്ഷണപാനീയമൊന്നുമില്ലാതഹോ!
രക്ഷകൻനോമ്പന്നുനോറ്റുഭൂവിൽ
നാല്പതുരാവുദിനങ്ങൾകഴിഞ്ഞാ-
പ്രലോഭകനെത്തിയവന്നരികെ.
ചൊന്നവൻ: "ചൊല്ലുക ദൈവകുമാരനേ..,
മുന്നമീക്കല്ലുകളപ്പമാകാൻ.."
"അപ്പവുംമാംസവുംമാത്രമോജീവനെ-
ന്നപ്പൻവചനവും വേണ്ടതല്ലേ..?"
തർക്കിച്ചയേശുവിൻ തർക്കസ്വരത്തിന്
തക്കമറുപടിയേകിടാതെ

www.malankaralibrary.com

ദേവാലയത്തിനുള്ളഗ്രേനിറുത്തിയി-
"ട്ടാവുക താഴേക്കുചാടീടുക..;
നന്ദനനാകുന്നനിന്റെരക്ഷേ ദൂത-
വൃന്ദങ്ങൾക്കേകുമവൻകല്പന.."
"സർവ്വചരാചരസ്രഷ്ടാവാം ദൈവത്തെ
സാത്താനാം നിന്നാൽപരീക്ഷയാകാ..",
വൻഗിരിമേലെനിറുത്തിയിട്ടായവൻ
തൻതിരുമുമ്പിൽ "നമിക്കു.."ചൊല്ലീ-
ട്ടെ"ങ്കിലീകാണുന്നതെല്ലാമെയേകിടാം..,
ശങ്കിക്കവേണ്ട, നിനക്കതേകാം.."
"സാത്താനെ.., ദൂരേയ്ക്കുപോകൂ.."ന്നു ചൊല്ലിയാ-
കർത്തനാശാശിനെ ആട്ടിദൂരെ;
"പൂജിക്കനീനിന്റെ ദൈവംകർത്താവിനെ
പൂജിക്കരുത് മറ്റൊന്നിനേയും.."
ഇത്രയുംകേട്ടുള്ളമാത്രയിലാശാശ്
മാത്രേയൊഴിഞ്ഞുമറഞ്ഞകന്നു.
വാനവപുത്രനാമേശുമഹേശനെ
വാനവരെത്തിശുശ്രൂഷിച്ചുടൻ.

## 11 ആദ്യത്തെ ശിഷ്യന്മാർ

ഗനേസരത്തെന്നതടാകത്തിൻതീരത്ത്
വാനവപുത്രനിരുന്നീടവെ
താതവചനംശ്രവിക്കുവാനാളുകൾ
മോദമോടായങ്ങവിടെയെത്തി
ചുറ്റുംജനങ്ങൾ നിരന്നുള്ളനേരത്ത്
ആർത്തരായുള്ളവർ കേൾക്കുവാനായ്
വഞ്ചിയിലേറിയിരുന്നുള്ളയേശുവോ,
തഞ്ചത്തിൽചൊന്നഹോദൈവരാജ്യം;
ഓതിയനന്തരം ശിമയോനോടായുര-
ചെയ്തവ"നാഴെ വലയിറക്കൂ.."
ആഴിയിന്നാഴത്തെകണ്ടുശീലിച്ചവ-
നാദിയിലാവചനം ശ്രവിക്കെ
"രാവിലായേറെഅദ്ധ്വാനിതരെങ്കിലും
തീരത്തിലേറിയിന്നൊന്നുമാകാ-
തെങ്കിലുംനീയുരചെയ്തവണ്ണത്തിലായ്
ശങ്കയില്ലാതിറക്കുന്നുവീണ്ടും."




കർത്തന്റനുഗ്രഹത്താലെയവര-
ന്നിറക്കിവലയതങ്ങാഴത്തിലായ്
കീറുംവിധത്തിലായേറിയമീനിന്റെ
കൂട്ടങ്ങളാലെ വലഞ്ഞിരുവർ.
മറ്റൊരുകൂട്ടരെ ചേർത്തുവിളിച്ചവർ
വലയൊരുപാകത്തിലായ്‌വലിച്ചു
വള്ളങ്ങൾരണ്ടിലും വക്കോളംമീനുകൾ
മുങ്ങുംവിധത്തിലിരുവഞ്ചികൾ.
കണ്ടതുള്ളത്ഭുതരംഗങ്ങളാലവ-
നാണ്ടവസൂനുവിനോടുരച്ചു:
"കർത്തനേ, പാപിയാമേഴയെവിട്ടുനീ
ദൂരേയ്ക്കുപോകാൻ മനസ്സാകണേ.."

www.malankaralibrary.com

പങ്കുകാരായസെബദിസന്താനങ്ങൾ
ശങ്കയാൽമുറ്റിത്തരിച്ചുനിന്നു.
ആശ്വാസമേകിത്തഴുകിയുള്ളേശുവോ
വിശ്വാസമേകിമൊഴിഞ്ഞിങ്ങനെ:
"ധൈര്യമാർന്നീടുക ഇപ്പോൾമുതൽക്കുനീ
മർത്ത്യരായോരെ പിടിക്കും നൂനം.."
തത്ക്ഷണേയെല്ലാമേവിട്ടെറിഞ്ഞേവരും
കർത്തന്റെപാതയനുഗമിച്ചു.

# 12 കാനായിലെ കല്യാണം

ഗലീലിയായിലെകാനായിലന്നൊരു
കല്യാണസദ്യനടന്നീടവെ
യേശുവുമമ്മയും ശിഷ്യരാലെ, ജനം
പറ്റമായ് സദ്യയ്ക്കണഞ്ഞിരുന്നു
വന്നുഭുജിച്ചുകഴിഞ്ഞതിലേറെയും
ബന്ധുക്കളായവർ ബാക്കിനിൽക്കെ
സദ്യയിലേവർക്കുമേകിടേണ്ടുന്നതാം
സത്കാരവീഞ്ഞന്നുതീർന്നുപോയി!
വന്നോരതിഥികളായുള്ളോരേവർക്കും
മാന്യമായന്നമേകേണ്ടതല്ലേ?
വീഞ്ഞിൻകുറവത് നീക്കിപാലിക്കുവാൻ
മേരിതൻപൈതലിനോടുചൊന്നു.
"വിരുന്നുകാരായ നാം വീട്ടുകാരാകുവാ-
നെന്തിനുസാഹസമിഗൃഹത്തിൽ?,
ധർമ്മങ്ങളായത് ചെയ്യുവാനമ്മേയെൻ
കർമ്മസമയമിങ്ങായതില്ല."
പൈതൽമറുമൊഴിയിങ്ങനെയെങ്കിലും
വേലക്കാരോടായവളുരച്ചു:
"പുത്രനിവൻകഥിക്കുന്നതുപോലുട-
നെത്രയുംവേഗേനയാകനിങ്ങൾ."
ശുദ്ധിവേലയ്ക്കുതകുന്നതാമഞ്ചാറ്
കൽഭരണിയങ്ങുണ്ടായിരുന്നു.
വക്കോളംവെള്ളംനിറയ്ക്കുവാനായവൻ
കല്പിച്ചുടനെപരിചാരകർ
നിറച്ചവരാറിലുംവക്കോളംവെള്ളമാ-
യേശുവിൻവാക്കൊഴിവാക്കിടാതെ.
കലവറക്കാരന്റെപക്കൽപകർന്നുട
നേകുവാനാജ്ഞയുണ്ടായുടനെ
പുത്തനാംവീഞ്ഞിൻ രുചിയറിഞ്ഞുള്ളവർ
മത്തരായ്ത്തീർന്നവരായിച്ചൊല്ലി:
"മേൽത്തരമായിത്മുന്നേവിളമ്പുവാൻ
താൽപര്യമാകാഞ്ഞതെന്തുകഷ്ടം!"
സദ്യേവന്നുള്ളവർതൃപ്തരായിട്ടവർ
സദ്യയുടയവർക്കേകിനന്ദി!
യേശുവിൻകർമ്മമഹത്വവെളിവിലെ
ആദ്യപ്രവർത്തിയാണീയത്ഭുതം!.



www.malankaralibrary.com

## 13 കടലിനെ ശാന്തമാക്കുന്നു

**സാ**യാഹ്നസൂര്യൻ വരച്ചുള്ളസിന്ദൂര
വ്യോമങ്ങൾമാഞ്ഞിരുളായീടവെ
ചുറ്റുംനിരന്നങ്ങിരുന്നവരാംജനം
പറ്റേയൊഴിഞ്ഞകന്നായുടനെ
അക്കരെനാട്ടിലേക്കെത്തുവാനാവഞ്ചി
വെക്കംതുഴയുവാൻചൊല്ലിയീശൻ.
വിശ്രമ-മില്ലാതലഞ്ഞുള്ളമാനവൻ
സ്വസ്ഥതയോടെശയിക്കുംവണ്ണം
ക്ഷീണതയാലെയമരത്തുതൻതല
വിണ്ടലനാഥൻ തലയണയായ്,
പാതിരാവായി തണുപ്പാർന്നവായുവാ
താതന്റുറക്കത്തെ ശക്തമാക്കി
വിശ്രമമായതിഗാഢമാംനിദ്രയി-
ലാദിവ്യനാഥനന്നായിടവെ;
സാഗരമദ്ധ്യേയാവഞ്ചിയണഞ്ഞുടൻ
ഭീകരകാറ്റാലലയുയർന്നു.
അലറിവിളിച്ചുഭയപ്പെട്ടശിഷ്യര-
ന്നലയുന്നവഞ്ചിയിൽ ഭീരുക്കളായ്.
ആഞ്ഞടിച്ചതിരമാലകളാവഞ്ചി
പഞ്ഞിപോൽപൊക്കിമറിച്ചിടുവാൻ
വഞ്ചിയിൽവെള്ളംകയറുന്നവണ്ണത്തിൽ
വൻതിരമാലകൾ പൊങ്ങിചുറ്റും.
ഘോരാരവത്താലെ പൊന്തുന്നുചുറ്റിനും
രാക്ഷസരൂപത്തിരമാലകൾ
പരമേശപ്രിയപുത്രസാമിപ്യമാശിഷ്യർ-
ക്കൊട്ടുമേശാന്തിയാകാതെയന്ന്.
അത്രഭയാനകമായരംഗങ്ങളെ
ചിത്തേഅടക്കുവാനാകാത്തവർ
''അയ്യോ!'', എന്നുള്ളവരാർത്തനിലവിളി
വല്ലാതെപൊങ്ങിമുഴങ്ങിചുറ്റും
കെട്ടിപ്പുണർന്നങ്ങിരുന്നുപരസ്പരം
ഞെട്ടുന്നു ഭീകരകാറ്റിനൊപ്പം
ലോകാവസാനവിധംതോന്നിയത്രമേൽ
ഭൂകമ്പമെന്നോഒടുക്കമെന്നോ
ക്രൂരമിരുട്ടും കടുത്തലമാലകൾ
പാരം ഭയങ്കരമായികടൽ
തണ്ടുവലിച്ചുവലഞ്ഞവരാംശിഷ്യ-
രിണ്ടലോടാഗുരുവൊടുരച്ചു:
''നാശമായീടുമീവള്ളവുമെങ്ങളും
ഈശോ മഹാഗുരോ!, രക്ഷയേകൂ..''
കേണവർ കഷ്ടമവിശ്വാസമോടുടൻ
വീണവരേശുവിൻ തൃപ്പാദത്തിൽ
വെക്കമെണീറ്റുടനേശുവാകാറ്റിനെ
ശക്തമായ്ശാസിച്ചടിച്ചമർത്തി
''അടങ്ങുക, ശാന്തതകാട്ടുക കാറ്റേനീ.''
സാഗരംശാന്തമായങ്ങുടനെ.



www.malankaralibrary.com

അന്ധകാരത്തിനാൽ മൂടിയദിക്കുകൾ
മെല്ലെത്തെളിഞ്ഞുണരുന്നപോലെ
തന്നിഷ്ടംകാട്ടിയുള്ളകരിവീരനെ
മാനവർ വെക്കംതളച്ചപോലെ
സർവ്വേശസൂനുവിന്നാജ്ഞയനുസരി-
ച്ചാകടലാകവെ നിശ്ചലമായ്
അവിശ്വാസമോടേറ്റമത്യന്തഭീതിയി-
ലായതൻ ശിഷ്യരോടീശനോതി:
''വിശ്വാസമില്ലേ.., ഭയമാർന്നതെന്തിഹെ!
ഈശനൊരല്പവുമുള്ളിലില്ലേ..?''
ആശ്ചര്യമോടയാശിഷ്യർ ഭയപ്പെട്ട്
സംശയമായവർ തമ്മിൽതമ്മിൽ,
കാറ്റുംകടലലകേൾക്കുന്നിവൻമൊഴി,
കർത്തന്റെ ആജ്ഞയതെന്നപോലെ!
കുമ്പിട്ടുസർവ്വരും വന്ദ്യമഹീശന്റെ
മുമ്പിൽത്തലതാഴ്ത്തിയന്നുടനെ.

## 14 പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

**അ**ന്തിയിലാക്കടലോളങ്ങളെവെന്ന്
എത്തിയവർ ഗരസേനർനാട്ടിൽ
വഞ്ചീന്നിറങ്ങിയനേരം ബലിഷ്ഠം-
നശുദ്ധിയാർന്നുള്ളോനെതിരെയെത്തി
അലറിവിളിച്ചുകൈത്തണ്ടിലായ്പൊട്ടിയ
ചങ്ങലയോടവനെത്തിചാരെ
കണ്ടാലറയ്ക്കുംമുറിവുകളിൽ നിണം,
മുണ്ടുംമറയുമില്ലാത്തവനാ-
യനേകരശുദ്ധരായുള്ളവനുള്ളി-
ലൊരുവൻ ലെഗിയോനങ്ങായിരുന്നു.
കർത്തനെകണ്ടുള്ളമാത്രയിലെത്തിയി-
ട്ടാർത്തനിലവിളിയാലെയവൻ
ഓടിവന്നീശന്റെ കാൽക്കൽവീണന്നേരം,
വിടാതെനിന്നവൻ തൃപ്പാദത്തെ.
''ദൈവത്തിൻസൂനുവാമേശുവേ, താവക
സേവകളിങ്ങിഹെയാകരുതേ..''
എന്നുള്ളവൻവിളിയാലെ മഹോന്നതൻ
ശാസിച്ചൊതുക്കിയശുദ്ധതയെ
ശക്തനാമീശന്റെ ആജ്ഞയശുദ്ധത
സൂകരപറ്റത്തിലാവഹിച്ചു.
നെട്ടോട്ടമോടിയ പന്നികളത്രയും
കൂട്ടമായാഴിയിൽ ചാടിച്ചത്തു.
സംഭവിച്ചുള്ളവ ചെന്നുപുരത്തിലായ്
ചൊല്ലിയവർ പരിപാലകരാ-
യെത്തിയവർകൂട്ടരേവരും ഭീതരാ-
യെത്രയുംവേഗമൊഴിഞ്ഞുപോകാ-
നപേക്ഷയോടേശുവിൻ സന്നിധേവന്നവ-
രൊന്നായ്മൊഴിഞ്ഞുള്ളതിൻപ്രകാരം
വഞ്ചിയിലേറിപുറപ്പെട്ടുടനവ-
നക്കരെയെത്തിതൻ കർമ്മങ്ങളായ്.



www.malankaralibrary.com

ഈശൻ്റനുഗ്രഹത്താലെ ആ ഭാഗ്യവാൻ
തന്റെതൻനാട്ടിലേക്കായ്തിരിച്ചു,
കർത്തൻ തനിക്കായനേകിയകർമ്മങ്ങ-
ളാർത്തനവൻ നാട്ടിലായുറക്കെ.

## 15 രണ്ട് അത്ഭുതങ്ങൾ

**കാ**രുണ്യപൂർണ്ണനാമേശുവിൻ സന്നിധേ
യാചകനായിയന്നെത്തിജായ്റോസ്,
സിനഗോഗിൻ കർമ്മങ്ങളേറ്റുചെയ്യുന്നൊരു
സിനഗോഗധികാരിയായുള്ളവൻ.
കൈകൂപ്പി തൃപ്പാദം വന്ദിച്ചവനുടൻ
തക്കത്തിലങ്ങോതിതന്നപേക്ഷ.
"ദാവീദിൻ സൂനുവേ, സൗഖ്യമെൻ ഗേഹത്തിൽ
മേവീടുംമൽപുത്രിക്കേകണമേ
കേവലം പന്ത്രണ്ടുപ്രായമുള്ളെൻമക-
ളാവതില്ലായ്മയാലെ വലഞ്ഞു
ശയ്യാവലംബയായ്തീർന്നുള്ളവളുടെ
വയ്യാഴികയ്ക്ക് വിടുതലേകൂ,
ആശ്രയമറ്റവർക്കേവർക്കുമിങ്ങുള്ളോ
രാശ്രയമങ്ങല്ലാതാരിപ്പാരിൽ,
എൻപ്രിയപുത്രിയെ സൗഖ്യമാക്കീടണേ
എന്നോടുകാരുണ്യം കാട്ടിടണേ,
സർവ്വേശനന്ദനനെൻഭവനത്തില-
ങ്ങെത്തുവാൻ സന്മനസ്സായിടണേ.."
കാരുണ്യവാനവൻ കേഴും നരരോടു
കാരുണ്യംകാട്ടാനമാന്തിക്കുമോ?
വൻജനക്കൂട്ടത്തിനൊപ്പമായന്നേശു
തൻവഴിയാത്രയിലായിടുമ്പോൾ
മണ്ണിട്ടാൽതാഴെവീഴാതുള്ളതള്ളലായ്
വിണ്ണിന്റെപുത്രനുചുറ്റും ജനം.
ദീർഘമാംനാളുകൾ രക്തസ്രാവംകൊണ്ട
നാരിയുംകൂടിയന്നാവഴിയിൽ,
ഒട്ടൊട്ടനവധി വൈദ്യന്മാർശുശ്രൂഷേ-
ലൊട്ടുംകുറയാത്ത രക്തസ്രാവം
ശ്രീയേശുദേവന്നുടയാടതൊട്ടെന്നാൽ
മായാത്തമാലിന്യംനീങ്ങിപ്പോകും..!,
എന്നുള്ള വിശ്വാസംകൂടിയാനാരിയോ
അന്നുടൻചെന്നവൻ ചേലതൊട്ടു.
"തന്നാടയാരാപിടിച്ച്.തെന്നോതിയാ
മാനവരക്ഷകൻ നിന്നുടനെ.
"ഇത്രയുംവൻജനം തള്ളുന്നനേരത്ത-
ങ്ങിങ്ങനെ ചൊല്ലുവതെന്തേഗുരോ..?",
ശിഷ്യപ്രധാനിയാം പത്രോസങ്ങാധിയാ-
ലക്ഷമയോടങ്ങുചോദിച്ചുപോയ്.
"അല്ലല്ലീതെള്ളലിൻകാര്യമല്ലീക്കാര്യം
അല്ലലൊഴിക്കുമെൻശക്തിചോർന്നു..
ആരോയെന്നാടയിൽസ്പർശിച്ചു പിന്നെയോ
ആരാരോ നേടിവൻസ്വർഗ്ഗഭാഗ്യം.."



www.malankaralibrary.com

പേടിച്ചരണ്ടയാതന്വിവിറയലോ-
ടോടിച്ചെന്നാണ്ടവൻ കാൽക്കൽവീണു.
വ്യാധിയൊഴിഞ്ഞവളാധിപെരുകിയാ-
താതന്റെമുന്നിൽവീണിത്രചൊല്ലി:
''പന്ത്രണ്ടുവർഷംമേൽ വ്യാധിയാലിന്നോള-
മെത്രയോ ഔഷധക്കൂട്ടുതിന്നു..,
മാറാത്തമാറ്റാത്തയെന്നാധി രക്ഷകൻ,
നിന്നുടെശക്തിയാൽ ഭേദമായി..,
വല്ലായ്മമാറ്റുവാനെന്നെത്തലോടിയ
വല്ലഭാനിൻപാദം കുമ്പിടുന്നേൻ..''
എന്നോതി നീർവരും കണ്ണാർന്നതൂമുഖം
തന്വിതുകിൽകൊണ്ടുടൻ തുടച്ചാൾ.
''പ്രാർത്ഥിച്ചുകൊൾക മനസ്വിനി! നിന്നിഷ്ടം
പൂർത്തിയാക്കീടുന്നു സർവ്വശക്തൻ..''
എന്നുകല്പിച്ചേശു വന്ദിച്ചനാരിയെ
സന്ദേഹമെന്യേയനുഗ്രഹിച്ചു.
വിശ്വാസം രക്ഷിച്ചതന്വിക്കുശാന്തിയു-
മാശ്വാസമേകീശൻയാത്രയായി.
ജായിറോസിൻഭവനത്തിലേക്കെത്തുവാ-
നേതാനും കാതങ്ങളാകുംമുന്നേ
ഭൃത്യനൊരുത്തനങ്ങെത്തിയിട്ടോതിനാൻ
''പുത്രിമരിച്ചിനിയാത്രവ്യർത്ഥം..''
തെല്ലുമാശങ്കയ്ക്കുതൻകർണ്ണമേകാതെ
യെല്ലാർക്കുമാശ്വാസമേകിനാഥൻ;
''ഭയംവേണ്ടവിശ്വാസമർപ്പണംചെയ്യുക
തയ്യലുറങ്ങുന്നുണർത്തിടാം ഞാൻ..''
എന്നതുകേട്ടതാം നേരത്തങ്ങായുള്ളോ-
രൊന്നാകെ ഉച്ചൈഃപരിഹസിച്ചു.
ഹാസ്യസ്വരങ്ങളുയർന്നവിടെ പരി-
ഹാസമതേകുവാനെന്തെളുപ്പം!
ഉറ്റവരെതന്റെ ചാരത്തണച്ചവ-
നുറ്റവർക്കാലംബമേകിച്ചൊന്നു:
''ആർത്തലയ്ക്കുന്നവരന്യരെന്നുള്ളവ-
രെല്ലാരും വാതിൽപ്പടികടക്കൂ..,
സ്വസ്ഥതാപൂർവ്വംകടക്കട്ടെഞാനങ്ങ-
സ്വസ്ഥതയേറ്റാതിറങ്ങിത്തരൂ..''
അപ്പനുമമ്മയും മൂന്നുതൻശിഷ്യരു-
മൊപ്പംകൂടാക്കിയദേവാത്മജൻ
ബാലികാശയ്യയിന്നോരത്തുനിന്നിട്ട്
''ബാലികേണീക്കുക..'' എന്നുചൊല്ലി.
കരത്താലവളെയുണർത്തിയുള്ളീശ്വരൻ
പരമാത്മചൈതന്യപുത്രനല്ലോ.
രാത്രിയുറക്കമൊഴിഞ്ഞപോലാബാല-
പുത്രിയെഴുന്നേറ്റ് ചുറ്റുംനോക്കി.
ഹന്ത! മരിച്ചവൾ ജീവിച്ചെഴുന്നേറ്റു
സന്തോഷമായന്നങ്ങെല്ലാവർക്കും.
''പശിയുള്ളബാലികയ്ക്കന്നംകൊടുക്കു..''യെ-
ന്നേശുവിൻ കല്പനയായുടനെ.
മിത്രങ്ങളേവരുമത്ഭുതസ്തബ്ധരാ-
യത്രമേലത്ഭുതമായവർക്ക്.




www.malankaralibrary.com

"ചൊല്ലരുതിക്കാര്യമാരോടും..", ചൊല്ലീട്ടാ
വല്ലഭൻ യാത്രതുടർന്നുവീണ്ടും.

# 16 സ്നാപകയോഹന്നാന്റെ ശിരച്ഛേദം

**പാ**പാന്ധകർമ്മങ്ങളാലേറെ ഹെറോദേശ്
ശാപത്താൽപങ്കിലമായിരിക്കെ
സോദരൻ ഫിലിപ്പോസ്പ്രേയസിയായ
ഹെറോദ്യയെ വേളികഴിച്ചരചൻ.
നീതിരഹിതമാം വേലയാലന്നവൻ
സോദരൻ ഭാര്യയെയേറ്റതിനാൽ
ശിക്ഷാവിധിക്കുടൻ യോഗ്യനാകുമെന്ന്
വീക്ഷിച്ചുസ്നാപകൻ ഭീതിയേറ്റി.
തൻകാര്യമശുഭമാണെന്ന മുൻവിധി
അൻപില്ലാതുള്ളോൻ ശ്രവിച്ചുടനെ
കാരാഗൃഹത്തിലങ്ങാക്കിയടച്ചവൻ
കർത്തന്റെപാതയൊരുക്കുവോനെ.
വധിച്ചൊടുക്കുവാൻ വേലയനവധി
ഹെറോദ്യയന്നങ്ങുനോക്കിയേലും
പറ്റായ്ക ഹെറോദേശത്രമേലങ്ങവ-
നുറ്റവനായ്ക്കണ്ടുയോഹന്നാനെ
സന്തോഷപൂർവ്വമല്ലെന്നാലുമാനൃപൻ
സന്താപമേറ്റും വചനങ്ങളെ
വല്ലാതെകൊണ്ടവൻ ഹൃത്തിലാവാക്കുകൾ
വല്ലായ്മതോന്നായ്ക, എന്നാകിലും
തക്കമായൊറ്റാൻ കരുക്കളുമായവൾ,
തക്കംപാർത്തങ്ങുഹെറോദ്യയെന്നും
വെക്കമായാദിനം വന്നണഞ്ഞന്നുടൻ
സത്ക്കാരനൃത്തതിമിർപ്പുശ്ശേഷം.
രാജസദസ്സിലായ് വച്ചചുവടതി-
ന്നോജസ്സ്കണ്ടുമതിച്ചരചൻ
നൽകിയൊരുവരം ചൊൽവാൻസലോമി, തൻ
ജന്മദിനത്തിൻകലാവേളയിൽ.
ആനന്ദനൃത്തമതാടിത്തിമിർത്തവൾ
ചെന്നുതന്നമ്മഹെറോദ്യമുന്നിൽ
എത്തിയിട്ടങ്ങവൾ രാജന്റെസന്തോഷ
സത്താൽമൊഴിഞ്ഞവരമുരച്ചു.
എന്തവളായ്വരം ചോദ്യമതാകണ-
മെന്തെന്നുചൊല്ലിയവളിരിക്കെ
മിന്നലായ്മിന്നിത്തെളിഞ്ഞവൾ ഹെറോദ്യ
തന്നിലെ കോപപ്പകയുടനെ.
വെക്കമുണർന്നവൾ തർക്കമില്ലാതുടൻ
തക്കപ്രതിഫലംതന്നെചൊന്നു:
"സ്നാപകൻതൻതല താലത്തിലേകുവാൻ
സ്നേഹമോടായിനീ ചൊല്ലീടുക."
രാജന്റെസന്നിധേ വെക്കമണഞ്ഞവൾ
വ്യാജമില്ലാതങ്ങുചൊല്ലിമെല്ലെ:
"സ്നാപകൻതന്റെ തലയൊരുതാലത്തിൽ
സ്നേഹമോടേകൂ.., പിതാവേദ്രുതം."



www.malankaralibrary.com



എന്താണുചൊല്ലുന്നതെന്നുള്ളകാര്യത്തെ
ചിന്തിക്കുവാനും കഴിവില്ലാത്തോൾ
അമ്മതൻവാക്കിനെ തള്ളിച്ചുസന്നിധേ,
സമ്മാനംനേടിക്കടന്നുപോകാൻ.
ആവശ്യംകേട്ടുടൻ ഞെട്ടിനൃപനവൻ
''പ്രാവശ്യംവീണ്ടും നീ.., എന്തുചൊന്നൂ..?''
ചൊന്നവൾവീണ്ടുമാ സ്നേഹസമ്മാനത്തെ
''മന്നവാ, വെക്കം തരികെനിക്ക്
സ്തംഭിച്ചപോലൊട്ടുനിന്നുള്ളരാജനോ-
ടൻപാർന്നുടനവൾ വീണ്ടുംചൊന്നു.
ആമോദത്തള്ളലിലേകും വരങ്ങളെ
ആമോദാനന്തരം തള്ളിടാമോ..?,
ദു:ഖമാണെങ്കിലും ചെയ്തതൻസത്യത്തെ
വെക്കമാർക്കേലും മറന്നിടാമോ..?
കല്പനയാലെയയച്ചൊരുസേവകൻ
കല്പി''ച്ചറക്കൂ.. ശിരസ്സുടനെ..''
വേഗത്തിൽ സ്നാപകൻതന്റെതലയൊരു
താലത്തിലാക്കിക്കൊടുത്തവൾക്ക്;
അമ്മതന്നാവശ്യമാകും തലയവൾ
സമ്മാനമായിട്ടങ്ങേകിപ്പോന്നു.
ദാരുണമായവനന്ത്യശരീരത്തെ
കാരുണ്യപൂർവ്വമടക്കി ശിഷ്യർ.

# 17 ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നു




**ക**ഫർണാനാട്ടിലൂടാദിവ്യനാഥൻതൻ
സാഫല്യയാത്രതുടർന്നീടവെ
യാചനയാലെയങ്ങെത്തിശതാധിപൻ
കർത്തൃപാദങ്ങൾപുണർന്നുചൊല്ലി:
''വൻകൃപയാലെ കനിയുകനായകാ
എൻഭൃത്യനേകുകജീവരക്ഷ
വാത കഠിനതയാലെയവനങ്ങ്
വേദനയോടെകിടന്നിടുന്നു
മരണഭയത്താൽപിടയുന്നടിയന്റെ
ആശ്രിതനേകൂ നീ ദൈവകൃപ.''
തൻഭൃത്യനായിട്ടിരക്കുന്നധിപന്റെ
മനസ്സിന്നെളിമയെകണ്ടയീശൻ
ഉള്ളലിവോടുടൻചൊന്നങ്ങവനോട്
''തള്ളാതെകൊള്ളുന്നുനിന്നപേക്ഷ
വെക്കംനടന്നുഞാനെത്തിയിതാ, നിന്റെ
ഭൃത്യനെസൗഖ്യമാക്കാൻവരുന്നു.''
എന്നതിനായവൻചൊല്ലിശതാധിപൻ
തന്നിലലിഞ്ഞുള്ളായീശനോട്
''കർത്തനേ, നീയെൻഭവനത്തിലെത്തുവാൻ
തീർത്തുമേയോഗ്യനല്ലാത്തതിനാൽ
ഒരുവാക്കുണർത്തുകയെങ്കിലെൻഭൃത്യന്റെ
ദുരിതങ്ങളപ്പടിഭേദമാകും
അധികാരിയാകുമെൻവാക്കിന്നധികാരം
വിധിയായികേൾക്കുംതൊഴിലാളികൾ,

www.malankaralibrary.com

പോകാനുംപോരാനുംചൊല്ലുന്നൊന്നാജ്ഞകൾ
പാകംപോലാകും പടയാളികൾ.''
ആശ്ചര്യമോടെശതാധിപൻവാക്കുക-
ളീശനിലത്യന്തസ്നേഹമേറ്റി.
ചൊന്നുടൻചുറ്റുംജനങ്ങളോടൊന്നാകെ
''ഇന്നിവനാകുംവിശ്വാസസാക്ഷ്യം
ഇസ്രയേൽമക്കളിലെങ്ങുമേകാണാതെ-
ന്നത്രമേലിഷ്ടമായിന്നെനിക്ക്,
പൊയ്ക്കൊൾകനിന്നുടെവിശ്വാസമെന്നപോൽ
ഭൃത്യവല്ലായ്മകൾഭേദപ്പെടും.''
സന്തോഷംപൂണ്ടവൻ ഗേഹത്തിൽ ചെന്നപ്പോൾ
സന്തുഷ്ടനായ് ഭൃത്യൻ മേവിടുന്നു.
ഉത്തമനായവൻ കർത്തൃകരുണയെ
തീർത്തുംഹൃദയത്തിൽചേർത്തുനിർത്തി.

## 18 അഞ്ചപ്പവും രണ്ട് മീനും

**വേ**ലയിൽ കാഠിന്യമാർന്നതൻശിഷ്യർക്ക്
വേലയിലൽപമൊഴിവുകിട്ടാൻ
വിജനസമതല ദേശത്തേയ്ക്കേവരും
വഞ്ചിയിലായങ്ങുയാത്രയായി.
എത്രമേലങ്ങവർ യാത്രതുടർന്നേലും
മാത്രയിലെത്തിയവിടെ ജനം,
ഇടയനില്ലാതുള്ളോരാട്ടിൻപറ്റംപോലെ
ഇടയനെത്തേടിയണഞ്ഞുള്ളവർ.
കരയ്ക്കിറങ്ങികർത്തൻ തന്റെജനത്തോട്
സ്വർഗ്ഗീയഭാഗ്യമുരചെയ്യവെ
നേരമിരുട്ടിത്തുടങ്ങിയവർക്കുടൻ
കൂരയിലെത്താനരുതാത്തതും.
ഭക്ഷണമായിക്കഴിക്കാനവർക്കുടൻ
''ഭക്ഷിപ്പാനെന്തേലുമേക..''യെന്ന്;
രക്ഷകനിങ്ങനെ ചൊന്നതാംനേരത്ത്
ശിഷ്യരെല്ലാവരും സ്തബ്ധരായി;
''എന്തിവർക്കേകുവാൻ..?, തങ്ങൾ പുരങ്ങളിൽ
ചെന്നങ്ങുവാങ്ങാനനുവദിക്ക.''
''എന്തുണ്ട് കൈകളി''ലെന്നമഹാഗുരു
ചോദ്യത്തിലായവർ നോക്കീടവെ
''അഞ്ചപ്പവും രണ്ടുമത്സ്യവുംമാത്രമേ
സഞ്ചിയിൽമിച്ചമായ് ബാക്കിയുള്ളൂ.''
''കൊണ്ടുവരുവിന്നവയെന്നരികി''ലേ-
ക്കാണ്ടവനപ്പോളരുളിയന്ന്.
''പന്തിയിരുത്തുവിൻ..'' ചൊന്നവനങ്ങുട-
നുന്നതേകൺകളുയർത്തിനിന്നു.
വാഴ്ത്തിസ്തുതിച്ചവൻ ഭാഗിച്ചങ്ങേൽപ്പിച്ചു
വാഴ്വോടെ ശിഷ്യർകരങ്ങളിലായ്.
പന്തിയിരുന്നവർ പുൽത്തകിടികളിൽ;
പന്തിയിലയ്യായിരംപുരുഷർ;
ഭക്ഷിച്ചുതൃപ്തരായെല്ലാജനങ്ങളും
ശേഷിച്ചുബാക്കി പന്ത്രണ്ടുകൊട്ട.



www.malankaralibrary.com

## 19 വെള്ളത്തിനു മീതെ

**ക**ർത്തൻ കരയിലിരുന്നുജനത്തിന്
സ്വർഗ്ഗീയഭാഗ്യമരുളീടവെ
താൽപ്പര്യപൂർവ്വം വിളിച്ചുതൻശിഷ്യരെ
നിർബന്ധിച്ച "ങ്ങേക്കരയിൽപ്പോകൂ
കാണുംകടലിനുമപ്പുറം ബത്സയിദാ
തോണിയിൽ പോകുവാൻ കല്പിച്ചവൻ.
ശിഷ്യരാമേവരുമക്കരേയ്ക്കായവർ
ഹർഷരായ് യാത്രയായുള്ളനേരം
യാത്രപറഞ്ഞുടൻ സർവ്വേശനന്ദനൻ
പ്രാർത്ഥനാപൂർവ്വം മലയിലേറി.
വഞ്ചിയാമദ്ധ്യക്കടൽകടന്നക്കരെ
സഞ്ചരിച്ചീടുന്ന നേരംവരെ
കാറ്റുംകടലലമാലകളാശിഷ്യർ
മുറ്റുമവശരായ്ത്തീർന്നിരുന്നു.
ശങ്കയാർന്നുള്ളവർ ചുറ്റുംതിരകളെ
ശങ്കിച്ചുമുൻപോട്ടങ്ങായീടവെ
കർത്തനാ വെള്ളത്തിൻമീതെനടന്നവർ
തീർത്തുമടുത്തുകടന്നുവന്നു.
ഭൂതമാണെന്നുകരുതിയുടനവർ
ഭീതിയാലുച്ചേ നിലവിളിച്ചു.
ഓർത്തുഭയപ്പെട്ടുശക്തിചോർന്നുള്ളവർ,
കർത്തന്റെശബ്ദം ശ്രവിച്ചുടനെ:
"ധൈര്യമാർന്നീടുവിനൊട്ടുംഭയംവേണ്ട."
ധൈര്യപ്പടുത്തിയോൻ വഞ്ചിയേറി.
കാറ്റുശമിച്ചുടൻ, കോളുതെളിഞ്ഞുടൻ
മുറ്റിയുള്ളാശ്ചര്യമാർന്നങ്ങവർ
കണ്ടതാംസത്യമറിഞ്ഞുപറഞ്ഞിവ-
നാണ്ടവൻതന്റെയരുമപുത്രൻ.



## 20 വിത്തിന്റെ ഉപമ

**സാ**ഗരതീരത്തിരുന്നുദൈവാത്മജൻ
സ്വർഗ്ഗീയ ഭാഗ്യമരുളീടവെ
വറ്റിയമാനസ്സരാകും ജനാവലി
പറ്റമായ് വന്നുനിരന്നിരുന്നു.
വന്നവരേവരും നന്നായ്ശ്രവിക്കുവാൻ
ഉന്നതനന്നൊരുവഞ്ചിയേറി
തീരക്കരയിലിരുന്നു ജനാവലി,
തീർത്തവർ മറ്റൊരുസ്നേഹതീരം.
"മെച്ചമാമിങ്ങിത് കേൾക്കുവിൻ കൂട്ടരേ."
ഉച്ചരിച്ചേശുപമയായി:
"വിത്തുവിതയ്ക്കാൻ പുറപ്പെട്ടകർഷകൻ
വിത്തുവിതറി വയലുകളിൽ..
വിതച്ചുള്ളവിത്തിൽക്കുറച്ചുപറവകൾ



www.malankaralibrary.com



വിതറിയനേരമെ തിന്നുതീർത്തു,
വിത്തിൽചിലതുതെറിച്ചവപാറമേൽ
കത്തിക്കരിഞ്ഞു മുളച്ചനേരം,
മുള്ളിന്റെയുള്ളിൽ വീണുള്ളവപൊന്തവെ
മുള്ളുകളാലെ ഞെരിഞ്ഞമർന്നു,
നല്ലനിലത്തുവീണുള്ളതാം വിത്തുകൾ
പൂർണതയാർന്നവിളവുകളായ്..
മുപ്പതറുപത്, നൂറുമേനിയവ
നിൽപ്പതുകർഷകർക്കാമോദമായ്.''
കേൾക്കയെന്നുച്ചത്തിലേശു ഉടൻചൊല്ലി:
''കേൾക്കുക നിങ്ങളിൽകർണ്ണമുള്ളോർ.''
വചനം ശ്രവിച്ചതൻശിഷ്യരവർക്കവൻ
വചനവിത്തിന്റെ പൊരുളരുളി:
''വിതറിയവിത്തുകളെല്ലാമെ ദൈവത്തിൻ
പതറാനരുതാത്ത വചനമത്രെ..,
ഹൃദയേവിതറിവീണുള്ളതാം വിത്തുകൾ
ഹൃത്തീന്നെടുത്തുകളഞ്ഞുദുഷ്ടർ..,
വഴിയിൽവീണുള്ളതാം വിത്തിവയെന്നങ്ങ്
മൊഴിയായി വിശ്വസിച്ചീടുനിങ്ങൾ..,
ഏറെസന്തോഷെ ശ്രവിച്ചീടുവോർചിലർ
പാറമേൽ വിത്തുകളെന്നപോലെ..,
മുളച്ചു, തളരുന്നു.. വേരില്ലാതാകയാൽ,
ക്ലേശകാറിന്യാൽക്കടന്നുപോയോർ..,
മുൾച്ചെടിമേലെ വിതറിയവിത്തുകൾ,
ഉൾക്കാമ്പതില്ലാ ധനാശ്രയത്താൽ..
ലൗകീക ഭോഗയാകർഷണത്താലവ
വെക്കമെ ശുഷ്കമായ്ത്തീർന്നീടുന്നു..,
ഉത്തമവിത്തിൻ വചനംശ്രവിച്ചവ-
രൊത്തഗുണങ്ങളെയേകിയേകി..,
മുപ്പതറുപതുനൂറുമേനിയവർ
നൽപ്പുള്ളനേകഫലങ്ങളേകി.''

## 21 സുവിശേഷ ഭാഗ്യങ്ങൾ



**ചു**റ്റുംജനങ്ങൾനിറഞ്ഞുള്ളനേരത്ത്
മുറ്റിയസന്തോഷത്തള്ളലാലെ
മലയുടെമേലെ കയറിയിരുന്നീശൻ
വലിയതാം സുവിശേഷഭാഗ്യമോതി:
''ആത്മാവിൽ ദാരിദ്ര്യമുള്ളവരേവരും
ആത്മാവിൻരാജ്യം സ്വായത്തമാക്കും
വിലപിച്ചിടുന്നവരായവരേവരും
വിലയേറുമാശ്വാസമേറ്റുവാഴും.
ശാന്തതശീലമാക്കീടുവോരേവരും
സ്വന്തമാക്കീടും ധരയെവെക്കം.
നീതിക്കുവേണ്ടി വിശന്നുവലയുവോർ
തൃപ്തരായീടും മഹാഗുണത്താൽ.
കരുണകാട്ടീടുവോരേവരുമാഗുണാൽ
കരുണാരസത്താലഭിരമിക്കും.

www.malankaralibrary.com

അന്തരേശുദ്ധിയാർന്നീടുവോരേവരും
അന്തരാത്മാവിനെകണ്ടുവാഴും.
വിശ്വസമാധാനസ്ഥാപകരായവ-
രീശ്വരപുത്രസമാനരാകും.
നീതിയാൽപീഡനമേൽക്കപ്പെടുന്നവർ
നീതിയിൻസ്വർഗ്ഗാവകാശിയാകും.
എന്നെപ്രതിമർത്യപീഡനമേൽക്കുവോർ,
തിന്മയാൽ വ്യാജമതേറ്റുവാഴ്‌വോ-
രേവരുമത്യന്തമാഹ്ലാദിച്ചീടുവിൻ
സ്വർഗ്ഗപ്രതിഫലമേറ്റുവാങ്ങാൻ.''

# 22 കല്ലേറിയാൻ കൊണ്ടുവന്നവൾ

**ദേ**വാലയപ്പടിവാതിലിലീശൻ
ദൈവജനത്തോടന്നായിരിക്കെ
സർവ്വേശസൂനുവിൻചാരത്ത് നാരിയെ
സ്മാർത്തവിചാരണയ്ക്കായി ജനം.
കോലാഹലത്താലലറുന്നൊരുകൂട്ട-
രാലോചനയാൽ നിയമജ്ഞരും.
ഏറ്റമുറിവിലൂടിറ്റുവീഴുന്നവൾ
ചോരകണ്ടാർത്തുവിളിക്കുന്നവർ
''കല്ലെറിഞ്ഞീടുക വെക്കമീനാരിയെ
അല്ലായ്കിലെല്ലാംനശിക്കും നൂനം,
കല്ലാൽതലതകർത്തീടുകിൽ വെക്കമായ്
വല്ലായ്മമാറും നമുക്ക് നാകം!''
വേട്ടമൃഗങ്ങടെ മുന്നിലായ്പ്പെട്ടൊരു
പേടക്കിടാവിനെയെന്നപോലെ
ചോരയൊലിക്കുന്ന ദേഹമോടങ്ങവൾ
ക്രൂരന്മാർ ഭത്സിച്ചുകൊണ്ടവളെ.
വീണുകിടന്നവളീശന്റെമുന്നിലായ്
താണുവീണേറ്റം ധരയ്ക്കുമീതെ.
ഫരിസേയരായവരെത്തി ''മഹാഗുരോ..,
ശരിയായ്ശ്രവിച്ചുനീ, തീർപ്പിലാക്കൂ..,
തക്കത്തിലിങ്ങിവൾ വ്യഭിചാരവൃത്തിയാൾ,
തർക്കമില്ലാതുടൻ കല്ലെറിയാൻ
കല്പിച്ചുമോശ നിയമത്തിലൂടെ, നീ
കല്പിക്കയെന്തിവൾക്കേകിടണം..?''
അത്രമേലങ്ങിവന്നിഷ്ടം നിനച്ചല്ല!
അത്രമേൽ കുറ്റംതെളിച്ചുകാട്ടാൻ
പരീക്ഷിക്കയത്രയേചെയ്തവർ വൈദികർ
തീരാപ്പകയ്ക്കിന്നു തിർച്ചയാക്കാൻ.
കൈവിരൽതന്നാൽ നിലത്തുവരയ്ക്കുന്ന
കൈവല്യദായകനേശുവോടായ്
''സർവ്വേശചൊല്ലുക, എന്തിവൾക്കേകണം
സർവ്വേശനീതിക്ക് മാറ്റുകൂട്ടാൻ..''
തന്നുള്ളിൽ ദീനാനുകമ്പകൾ തിങ്ങിയൊ-
ട്ടൊന്നുമേ മിണ്ടാതവനിരുന്നാൻ.
ആവർത്തനത്താൽ സകലേശനന്ദനൻ
നിവർന്നവരോടവനോതിയുടൻ:




www.malankaralibrary.com



''പാപരഹിതരായുള്ളവരാവുക
പാവമീനാരിതൻനേർക്കുകല്ല്.''
കർത്തനെഴുത്ത് കുനിഞ്ഞുതുടരവെ
തർക്കമില്ലാതായോരെല്ലാവരും
മുതിർന്നവരാദ്യംതുടർന്നുള്ളോരേവരും
ചതുർത്ഥിയോടവിടുന്ന് വിട്ടുപോയി.
ഒറ്റയ്ക്കുമുന്നിലായ് നിൽക്കുന്നനാരിയെ
കുറ്റപ്പെടുത്താതെ ഈശനോതി:
''എങ്ങവർ..?, തന്വിനിൻ ചുറ്റുംനിരന്നവർ
തങ്ങാതെ ശിക്ഷാവിധിക്കിരന്നോർ..?''
''പോയവർ ദൂരേയ്ക്കു...'', ചൊല്ലിയനാരിയെ
നായകൻ കുറ്റംവിധിയാചൊന്നു:
''പോവുകനീയും നിൻ കർമ്മംവഴിയുക,
പാപമരുതാതെജീവിക്കുക.''

## 23 സക്കേവൂസിന്റെ ഭവനത്തിൽ



സർവ്വേശനന്ദനനന്നൊരിക്കൽപകൽ
ജറീക്കോമാർഗ്ഗേനസഞ്ചരിക്കെ
സക്കേവൂസെന്നൊരാളാവഴിനാട്ടിലായ്
ചുങ്കംപിരിച്ചങ്ങിരുന്നിരുന്നു.
കർത്തനിന്നീവഴിയെത്തുന്നവാർത്തയാ
വർത്തകൻകേട്ടതുള്ളാക്ഷണത്തിൽ
രോഗികൾക്കാശ്വാസമേകുന്ന രക്ഷകൻ
വേഗേനയാഗമിക്കുന്നകാണാൻ
പൊക്കംകുറഞ്ഞവൻ വെക്കംകയറിയ
സിക്കമൂർശാഖിയിൻ പൊക്കത്തിലായ്.
ഭീതിയാർന്നുള്ളോനിരുന്നൊരുശാഖയിൽ
നീതിമാനായവനെകാണുവാൻ
കൊമ്പിലിരുന്നവനാവഴി വന്നിടും
തമ്പുരാനെ വീക്ഷിച്ചങ്ങിരിക്കെ
നിന്നുടൻ ക്രിസ്തനന്നാമരച്ചോട്ടിലാ-
യുന്നതേനോക്കിയുരച്ചിങ്ങനെ:
''വെക്കമിറങ്ങിയിട്ടിങ്ങുവരികനീ
സക്കായി, ഞാൻവരും നിന്റെകൂടെ..''
രക്ഷകനീശൻ വിളിച്ചുടനെയവൻ
രക്ഷയിൻമാർഗ്ഗം തെളിഞ്ഞവനായ്
വർദ്ധിതസന്തോഷത്തള്ളലാൽ വർത്തനൻ
കർത്തന്റടുക്കലിറങ്ങിച്ചെന്ന്
കൈകൂപ്പിനിന്നവനേശുവിൻ മുൻപിലായ്
സക്കായി, പ്രീതിതനെന്നവണ്ണം.
ആനയിച്ചാപുണ്യനീശനെ തൻഗൃഹെ
മാനിച്ചിരുത്തിയോൻ സത്കരിച്ചു.
ഈശനാസക്കായി ഗേഹത്തിൽച്ചെന്നത്
മോശമായ്കണ്ടുള്ളെതിരാളികൾ
''എന്തിനീരക്ഷകൻ പാപിയാമിങ്ങിവൻ
പന്തിയിൽപോയത് കഷ്ടമല്ലേ..?''
ഉള്ളംതെളിഞ്ഞുള്ളാവാമനൻ ചൊന്നുടൻ:
''കള്ളംപറഞ്ഞുഞാൻനേടിയതും,

www.malankaralibrary.com

അർഹതയില്ലാതെയാർജിതസമ്പത്തും
അർഹരായുള്ളവർക്കേകുന്നുഞാൻ,
വഞ്ചിച്ചെടുത്തുപയോഗത്തിലാക്കിയ
വഞ്ചിതരായുള്ളോർ നാലിരട്ടി,
സർവ്വേശാ, പാപിയാമീദാസനേകിടും
സർവ്വേശസൂനൂ.., അനുഗ്രഹിക്കൂ.''
അബ്രഹാംപുത്രനാം സക്കായിരക്ഷയെ
ഇത്രമേൽ കണ്ടതുള്ളാനന്ദത്താൽ
സന്തോഷമായുരയായവൻ രക്ഷകൻ:
''ഇന്നീഗൃഹത്തിനുരക്ഷവന്നൂ..,
നഷ്ടമായുള്ളതാംപുത്രനെ കണ്ടെത്തി
രക്ഷിപ്പാനത്രയേഞാനിഹത്തിൽ''
സംതൃപ്തനായവൻ, സർവ്വേശനന്ദനൻ
സന്തോഷമോടെവസിച്ചാദിനം.

## 24 യേശുവും സമരിയാക്കാരിയും

**സ്**നാപകൻ സ്നാനമതേറ്റതിലേറെപ്പേർ
സ്നേഹവാനേശുവിലായതായി
ഫരിസേയരായോരറിഞ്ഞതുള്ളായതി-
ലേറിയ ഖിന്നതയാർന്നയേശു
യൂദയാദേശത്തെവിട്ടന്നൊരുദിനം
പാത-സമരിയ താണ്ടുന്നേരം
ക്ഷീണത്താലീശൻ വഴിയോരം സിക്കാർ
കിണറ്റിൻകരയിലിരുന്നൊരല്പം
ജോസഫിനായ്താതൻയാക്കോബന്നേകിയ
വയലോരത്തത്രേ സിക്കാർനഗരം
ശിഷ്യരാമേവരും പട്ടണംപോയവർ
ഭക്ഷ്യമെന്തെങ്കിലും വാങ്ങുവാനായ്.
ആറാംമണിക്കൂറിലാവഴിവന്നഹോ
സമരിയാക്കാരിയാമേകനാരി
കൂപക്കരയിലന്നെത്തിയ മാനിനി
താപത്താൽ തണ്ണീർവഴിഞ്ഞീടവെ
ദാഹാർത്തനായിട്ടിരുന്നവൻ, ശ്രീയേശു
ദാഹാർത്തിപോക്കുവാനായുരച്ചു:
''തണ്ണീരൊരല്പം നീ തന്നീടുകിൽതമ്പി
പുണ്യമുണ്ടാകും നിനക്കുനീളെ.''
തന്നോടുദാഹജലത്തിനപേക്ഷിപ്പോ-
നുന്നതജാതനെണ്ണെന്നുകാൺകെ
''എന്തുരചെയ്യുന്നു..! മാന്യനാകുന്നനീ..?''
എന്നുള്ളചോദ്യാലുഴറിയപ്പോൾ.
മുന്നിലായ് കൈനീട്ടി നിൽക്കുന്നയൂദനോ-
ടന്യതകാട്ടിയവൾ മൊഴിഞ്ഞു:
''യഹൂദകുലത്തിൽപ്പിറന്നവനായ നീ
ദാഹത്താൽ ജാതി മറന്നുവെന്നോ..?,
സംസർഗമാകാതിരുകൂട്ടരായ നാം
സംസാരംപോലുമാകാത്തതല്ലേ..?''
''എന്തിതുചൊല്ലുന്നു നാരി, ശ്രവിച്ചാലും
എന്തിനാശങ്കയാൽ മുറ്റിടുന്നു..?,



www.malankaralibrary.com

നിന്നോടു ചോദിപ്പോനാരെന്നറിയുകിൽ
ഭിന്നതയാകാ നിനക്കുനൂനം..,
ചോദിക്കും നീയവനോടുടൻ ജീവന്റെ-
ചേതനയേകുന്ന ജീവജലം.''
''കോരാൻ കരത്താലസാദ്ധ്യം മഹാപ്രഭോ
കോരും കിണറിനധികമാഴം,
ജീവൻജലമത് എങ്ങനെയേകീടും
ജീവനിൽ യാക്കോബിൻമേലെയോ നീ..?''
ദാഹാർത്തിപോക്കുവാൻതണ്ണീരിറ്റേകാതെ
തർക്കിക്കും നാരിയോടീശനോതി:
''ദാഹിക്കും നിങ്ങളീനീരുനുകർന്നാലും
ദാഹിക്കായെൻജലമാകുന്നോർക്ക്.
നിത്യമാംജീവന്റുരുവിതുറക്കുന്ന
നിത്യതയേകുന്നതാണെൻജലം.''
''എങ്കിൽതരികയെനിക്ക്കുറെ ജല-
ശങ്കയാലിങ്ങിനിയുംവരേണ്ട.''
എന്നമൊഴിക്കുമറുപടിയായവൻ
ഉന്നിയെറിഞ്ഞവളോടുചൊന്നു:
''തമ്പി, ഞാൻതന്നിടാം നീപോയുടൻ നിന്റെ
മാന്യനാം കാന്തനെകൊണ്ടുവരൂ.''
പരിഹാസമായുടൻ ചൊന്നവൾ ''നാഥനേ..,
ശരിയായിചൊല്ലുന്നേൻ കാന്തനില്ല!''
ഹാസ്യമോടായവൾചൊന്നതിനായുടൻ
ഹാസ്യസ്വരത്തിലീശന്നരുളി:
''നേരാണ് നാരിനീ, കാന്തൻ നിനക്കാകാ
നേരായ്കഥിക്കിലനേകരുണ്ട്.,
നിൻകൂടെയഞ്ചുപേരുണ്ടായിരുന്നവർ
പിൻവാങ്ങിയാരുമേകൂടെയില്ല,
ഇപ്പോഴും പേരായിട്ടൊന്നുണ്ടേലും പ്രിയേ..,
ഇപ്പോഴുള്ളോനും നിൻ ഭർത്താവല്ല.''
സമ്മോദമാർന്നിത് കേട്ടുതിരിഞ്ഞവൾ
സമ്മുഖിയായവനോടു ചൊന്നാൾ:
''സത്യം ചൊല്ലുന്നതാം സത്യവാനാണുനീ
വ്യത്യാസമില്ലാ.. പ്രവാചകൻ നീ.''
''ധന്യേ നീയിന്നിപ്പോൾ വിശ്വസിച്ചീടുക
മുന്നേനീയുൾക്കൊണ്ടതൊന്നുമല്ല..,
രക്ഷയെഹൂദനിൽനിന്നിങ്ങുവന്നീടും
രക്ഷഗിരിയിലൂടെത്തുകില്ല..,
ആത്മാവിലാരാധിച്ചീടുനീ ഈശനെ
അന്തരാത്മാവിലും സത്യത്തിലും.''
തന്നോടുതർക്കിച്ചുനിൽക്കുന്നയൂദനോ-
ടുന്നയിച്ചാളവൾതന്നറിവ്:
''പൂർവ്വീകർ ഭാഷാവരത്താലുറപ്പേകി
ക്രിസ്തുവാം രക്ഷകനെത്തുമെന്നും
സർവ്വചരാചരസൃഷ്ടികൾക്കേകമായ്
സർവ്വവുമേകീകരിക്കുമെന്നും.''
അതിശയമത്ഭുത മാലകറ്റീടുവാൻ
നീതിമഹാഗുരുചൊന്നുടനെ:
''സംശയമെന്യേ നീ വിശ്വസിച്ചീടുക
സംസാരിക്കുന്നിവൻ ക്രിസ്തുവത്രെ.''



www.malankaralibrary.com

സമരിയാക്കാരിയൊരുവളോടാഗുരു
സംസാരിക്കുന്നത് കണ്ടശിഷ്യർ
അത്ഭുതമാർന്നവരായതുമാറ്റുവാൻ
ചോദ്യങ്ങളൊന്നുമേ ആയതില്ല.
താൻകണ്ടയത്ഭുതകാര്യങ്ങളപ്പടി
കൺകണ്ടെല്ലാരോടും ചൊല്ലീടുവാൻ
വെള്ളത്തിനായിട്ട് വന്നവൾതൻകുടം
വെള്ളമില്ലാതിഹെതള്ളിയിട്ട്
താനന്നുകണ്ടതും കേട്ടതുമായവ
തന്റെജനത്തോടങ്ങോതാനോടി.
ഭക്ഷണകാലത്തിൻ ക്ഷീണമകറ്റുവാൻ
ഭക്ഷണമായിട്ടങ്ങെത്തിശിഷ്യർ
"റബ്ബീ..., യിരുന്നങ്ങുഭക്ഷണമാകൂ.."–
ന്നപേക്ഷയാൽ ശിഷ്യരടുത്തീടവെ
"നിങ്ങളറിയാതെൻഭക്ഷണമുണ്ടിഹെ,
നിങ്ങളോ ഭക്ഷിച്ചുതൃപ്തരാകൂ.."
വന്നവർ തങ്ങളറിയാതുള്ളേതേലും
അന്നംകൊടുത്തെന്നുചിന്തിക്കയാൽ
സംശയംനീക്കുവാൻ സർവ്വേശനന്ദന
നാശയംവ്യക്തമാക്കിയുരച്ചു:
"എന്റെജനകന്നഭീഷ്ടങ്ങളത്രയും
തന്റേടത്തോടെനടത്തുന്നതേ..,
ഭക്ഷണമെന്നത് ചൊന്നതെന്നുള്ളത്
ഇക്ഷണേനിങ്ങളറിഞ്ഞിടുവിൻ."
രക്ഷകൻ തൻനാട്ടിലെത്തിയസന്ദേശ–
മക്ഷണേ നാട്ടിലറിയിച്ചവൾ
വെക്കമാനാടിന്റെ രക്ഷയെകാണാ–
നുറക്കയങ്ങെല്ലാമേ സാക്ഷിയായി.
"എന്നുടെ ചെയ്തികൾ നേരായിച്ചൊന്നൊരാൾ
വന്നിരിക്കുന്നത് ചെന്നുകാണിൻ.."
എന്നത്ചൊന്നവളെല്ലാവരോടുമാ–
യന്നുകണ്ടത്ഭുതം വിസ്തരിച്ചു,
സമരിയക്കാരിലന്നൊട്ടേറെയാളുകൾ
വിസ്മയമാർന്നങ്ങുചെന്നവിടെ
ധ്യാനതപൂണ്ടങ്ങിരുന്നതാം താതന്റെ
ധ്യാനത്തെകണ്ടുമാനിച്ചങ്ങവർ
നന്മയാർന്നേറ്റം വിളങ്ങുംഭഗവാനെ
മേന്മയോടേറ്റം ക്ഷണിച്ചുടനെ:
"വന്നുവസിച്ചുകഴിച്ചുകൂടീടുവാൻ
സന്മനസ്സാകണ" മെന്നുചൊല്ലി.
കാരുണ്യപൂർണ്ണനാം ദാവീദിൻസൂനുവോ
കാരുണ്യാൽ കൈക്കൊണ്ടവർക്ഷണത്തെ.
സ്നേഹപരിചരണങ്ങളാലാദേവൻ
സ്നേഹാൽവസിച്ചങ്ങ് രണ്ടുദിനം.
വചനംവിതറി, ശ്രവിച്ചവർ വിശ്വാസ–
വചനാൽവളർന്നവർ സജ്ജനങ്ങൾ.
കർണ്ണാൽശ്രവിച്ചത് സത്യമെന്നുള്ളത്
പൂർണ്ണമായിട്ടങ്ങറിഞ്ഞവരായ്
രക്ഷകനായവൻ തന്നെയിവനെന്ന
വീക്ഷണെയെത്തിസമരിയാക്കാർ.



www.malankaralibrary.com

## 25 യേശുവും ഫിനേഷ് പുത്രിയും

**അ**ന്യജാതിയിൽപ്പെട്ട നാരിയന്നൊരുദിനം
ധന്യനാമീശൻപാദം പുണർന്നന്നപേക്ഷിച്ചു:
“യേശുവേ.., ദേവാത്മജായേകണമെന്നിൽകൃപ
ആശിഷമാരിതൂകി കാക്കണമെൻപുത്രിയെ,
സാത്താന്റെ, കർമ്മത്താലെ വീണവൾ മരിക്കുന്നു,
കർത്താവേ.., കനിയുകെൻ പുത്രിയെസൗഖ്യമാക്കാൻ,
ഈശനാമങ്ങേഴയെ ഇപ്പോഴിന്നുപേക്ഷിച്ചാൽ
നാശമെൻ പുത്രിക്കാകുമാശ്രയമായുള്ളോനെ..”
കരഞ്ഞോൾപാണികൂപ്പി വിജാതിയായുള്ളവൾ
തോരാക്കണ്ണീരെന്നാലുമലിഞ്ഞില്ലീശനൊട്ടും
നിർബന്ധപൂർവ്വംവീണ്ടും വന്നവളാർത്തലച്ചു
വർദ്ധിതസ്നേഹവായ്പാൽ “രക്ഷിക്കൂ..!” യെന്നുകേണു.
“എന്റെ തന്നാടുകളാമിസ്രയേൽഗോത്രങ്ങളെ
പറ്റമാക്കീടുവാനായെത്തിഞാനിങ്ങീലോകെ..”
പ്രാർത്ഥനാരോദനത്താലോമലാൾ വീണ്ടും കാലി-
ലർത്ഥനതുടർന്നവൾ വിടാതെതൃപ്പാദത്തെ.
“ഇസ്രയേൽമക്കൾക്കായി ഭക്ഷണമേകാൻ വന്നു,
ഇസ്രയേലിവർ ജനം തൃപ്തരായ്ത്തീർന്നീടട്ടെ,
മക്കളിവർക്കുള്ളതാം ഭക്ഷണമെടുത്തിട്ട്
വിശക്കും നായ്ക്കൾക്കായിട്ടേകുമോ ആരെങ്കിലും..?”
ഓരോന്നുചൊല്ലിയവളാർന്നതാം വിശ്വാസത്തെ
തർക്കത്തിലളക്കുവാനീശൻ തുടർന്നുചോദ്യം.
തെല്ലുകൂസലുമെന്യേ ഓമലാൾ ഫിനേഷ്പുത്രി
ചൊല്ലിയാൾ സന്താപത്താലുഴറും ഗദ്ഗദത്താൽ.
“ഗുരോ.. നീ ശരിതന്നെയെന്നാലും ചൊന്നീടട്ടെ,
നീരസം തോന്നരുതേ.., അടിയനായീടട്ടെ?,
മേശയ്ക്കരികെനിൽക്കും പട്ടികളെന്നാകിലും
മേശേന്നുവീഴുന്നവ മൃഷ്ടാന്നംഭുജിക്കുന്നു,
നായയാമേഴനിൽപ്പൂ തിന്നുടൻതൃപ്തയാകാൻ
നായകാചൊരിഞ്ഞാലും കരുണാകടാക്ഷത്തെ..”
“നാരി.., നിൻ വാക്കുധന്യം, വിശ്വാസമതിശ്രേഷ്ഠം,
വാഞ്ഛിതം സാദ്ധ്യമായി കൃപയാലിന്നീനേരം..”
വിശ്വാസപാരമ്യത്താലീശനെ സ്തുതിച്ചവ-
രാശ്വാസമാർന്നിട്ടുടൻ തൻഗേഹേതിരികെപ്പോയ്.



## 26 നല്ല സമരിയാക്കാരന്റെ ഉപമ

**ചോ**ദ്യേയന്നേശുവിനെകുടുക്കീടുവാൻ
വൈദീകരായോർ ശ്രമിച്ചീടവെ
നിയമജ്ഞനാകുന്നോരാളന്നൊരിക്ക-
ലറിയുവാനെന്നപോലായീചോദ്യം:
“നിത്യജീവന്നവകാശമാക്കീടുവാ-
നത്യന്തമായെനിക്കെന്തുവേണം?”
“നിയമത്തിലെന്തുനീ കാണുന്നു.?, ചൊല്ലുക..”

www.malankaralibrary.com

നിയമജ്ഞനോടുപ്രത്യുത്തരമായ്.
''കർത്തനെസ്നേഹിക്ക പൂർണ്ണമനസ്സോടും
പൂർണ്ണമാം ഹൃത്തിലുമാത്മാവിലും
നിന്നെപ്പോലെതന്നെ സ്നേഹിക്ക, മാനിക്ക
നിന്നയൽക്കാരനെയെന്നുമെന്നും.''
''ജീവിപ്പാൻ സത്യമായ് നീ ചൊന്നതുശരി
ആവും വിധത്തിലതായീടുക.''
ആരാഞ്ഞുടനവൻ മറ്റൊരുചോദ്യമായ്
''ആരാണെനിക്കയൽക്കാരനായോൻ..?''
ഉത്തരമേകുന്നതിന്ന് ദൈവാത്മജൻ
ഉത്തമമായൊരുപമ ചൊല്ലി:
''ജറുസലേമീന്ന് ജറീക്കോയെത്താ-
നൊരുവനായാത്രയിലായീടവെ
വഴിവക്കിലക്രമക്കാരുടെ കൈകളിൽ
വഴിപോക്കനായവൻ ചെന്നുപെട്ടു
അവന്റെയുൾകയ്യിലെസർവ്വവും നഷ്ടമായ്
ജീവനുംജീവിതസർവ്വസ്വവും;
വസ്ത്രം പറിച്ചവർ, ദണ്ഡനമേകിയോർ,
അർദ്ധപ്രാണനെന്നപോലെയാക്കി.
നൊന്തുപിടഞ്ഞുനിലവിളിയോടവൻ
പൊന്തതന്നുള്ളിലന്നായീടവെ,
തങ്ങാതെയെത്തും മരണത്തെവീക്ഷിച്ച്
വിങ്ങുംമനസ്സാലെയേങ്ങിയേങ്ങി.
ഞരങ്ങികിടക്കുന്നവന്നുടെയാവഴി
പുരോഹിതനായൊരാളെത്തിയേലും
കണ്ടുള്ളകാര്യം കാണാത്തതുപോലയാൾ
താണ്ടിമറുവശത്തൂടെയുടൻ.
ലേവായനായവൻ വന്നുചേർന്നെങ്കിലു-
മായവനും താൻവഴിയേപോയി.
മൂന്നാമതാവഴിയെത്തി സമര്യായൻ;
നിന്നവനുള്ളലിവേറിയവൻ
പൊന്തതന്നുള്ളിൽക്കിടക്കുന്ന പാന്ഥനെ
പൊന്തിച്ചുമെല്ലെയെടുത്തിരുത്തി,
അരിച്ചുപെറുക്കികടിച്ചുവലിക്കു-
ന്നുറുമ്പുകളപ്പടിതൂത്തുമാറ്റി,
ആലസ്യമാറാൻ തലോടിമുഖമവൻ
ചേലത്തലകൊണ്ട് മെല്ലെ വീശി,
തൊട്ടുതലോടിത്തഴുകിക്കൊടുത്തവൻ
പൊട്ടിയമുട്ടിലായെണ്ണതൂകി,
വീണ്ടുപുരട്ടി മുറിഞ്ഞയിടങ്ങളി-
ലാഞ്ഞിടിച്ചായിടം വച്ചുകെട്ടി,
വൃത്തിയാക്കി, വെടിപ്പോടെയെടുത്തുടൻ
കഴുതയിൻമേലെകയറ്റിവച്ചു,
യാത്രതുടർന്നാവഴിയിലായുള്ളൊരു
സത്രത്തിലെത്തിപരിചരിച്ചു,
രാവിനുശേഷമുടമയോടായവ-
''നാവതാകുംവരെ നോക്കീടണേ,
എന്തുചെലവേലും തന്നിടാമേൽക്കുക..''
എന്നുപറഞ്ഞുപണവുമേകി.
''ചൊല്ലൂ..., കവർച്ചയിൽപ്പെട്ടവൻ മുൻപി-



www.malankaralibrary.com

ലയൽക്കാരനായവനാരിവിടെ..?''
കാരുണ്യം കാട്ട്യവനെന്നുനിയമജ്ഞ-
നുത്തരം ചൊല്ലിയനേരംതന്നെ
സർവ്വേശനന്ദനൻ ചൊന്നങ്ങവനോട്:
''പോവുകനീയുമതായീടുക..''

## 27 സാബത്താചരണത്തർക്കം

**യേ**ശുതൻ ശിഷ്യരായുള്ളവരൊന്നിച്ചാ
ദേശവയൽവഴി സഞ്ചരിക്കെ
പാടത്തിൽ പാകമാം ചാഞ്ഞകതിർക്കുല
തേടിയെത്തും കുളിർതെന്നലേറ്റ്
നിത്യനിരാമയനേശുവിൻ സാമിപ്യാ-
ലത്യാദരത്താലങ്ങാടിനിന്നു.
വിശന്നുവലഞ്ഞവരായുള്ളശിഷ്യരോ
ആശയാലന്നാകതിർകൊറിച്ചു.
ഫരിസേയരായോർക്കനിഷ്ടമായന്നത്
പരിഹാസപൂർവ്വമാരാഞ്ഞിങ്ങനെ:
''ഭക്ഷണമരുതാത്തതല്ലേയീ സാബത്തിൽ
ഭക്ഷിപ്പതെന്തിവരീദിനത്തിൽ..?''
കർത്തൻ മറുപടിയായുടനോടവൻ:
''ഓർക്ക പുരാതനസംഭവത്തെ,
ദാവീദനുചരരാദിനത്തിലന്ന്
ദേവാലയത്തിൽകയറിയിട്ട്
കാഴ്ചയപ്പത്തെ കഴിച്ചുവിശപ്പിനാൽ
കാഴ്ചയായോർക്കുമതേകിയില്ലേ..?,
വൈദികരായോർ ഭുജിക്കുന്നവസ്തുവെ
ഭീതിയില്ലാതെ ഭുജിച്ചതിനെ
ഓർക്കുക നിങ്ങളീതോർമ്മയാക്കീടുകീ
കർത്തനോ സാബത്തിൻകർത്താവത്രേ..''



## 28 ധനികനും ദൈവരാജ്യവും

**പ**രമേശപുത്രന്റടുക്കലൊരുദിനം
ധനികനായുള്ളൊരാൾവന്നുകൂപ്പി
''നല്ലവനാംഗുരോനിത്യജീവന്നവ-
കാശിയായ്ത്തീരുവാനെന്താകണം?''
''നല്ലവനെന്നുനീ എന്നെവിളിക്കുവാൻ
വല്ലായ്മതോന്നാത്തതെന്തുകഷ്ടം!,
സർവ്വവുംസൃഷ്ടിച്ചദൈവമല്ലാതൊരു
നല്ലവനാരുമില്ലീയുലകിൽ,
ഓർക്കുക കല്പനപാലിക്കുന്നെങ്കിലോ
നിത്യജീവൻനിനക്കായ്ഭവിക്കും.''
ഈശനന്നിങ്ങനെചൊല്ലിയപ്പോളതി
വിശ്വാസമോടെയവന്നുരച്ചു:
''നന്നേറെയൗവ്വനപ്രായംമുതൽക്കവെ
മാനിക്കുന്നെഹോവകല്പനകൾ.''

www.malankaralibrary.com

സ്നേഹംനിറഞ്ഞീശകല്പനയായുടൻ
"ഒന്നിൻകുറവുണ്ടുകർമ്മമാക്കാൻ..,
വിൽക്കുക നിന്റെ സമ്പത്തതുസർവ്വവും
നൽകൂ-ദരിദ്രർക്കതായുടനെ,
ശേഷംനീയെന്നെയനുഗമിച്ചീടുകിൽ
നിക്ഷേപംകാണും നിനക്കുസ്വർഗ്ഗേ."
സമ്പത്തങ്ങേറെയുണ്ടായിരുന്നുള്ളയാൾ
സങ്കടത്തോടെതിരിച്ചുപോയി!
ചുറ്റുംനിരന്നങ്ങുനിന്നവരാംജന-
പറ്റങ്ങളൊന്നായ്ശ്രവിപ്പതിന്നായ്
ഉച്ചസ്വരത്തിലരുളിയന്നീശനീ
മെച്ചമാർന്നുള്ളതാമാപ്തവാക്യം:
"ഏറ്റംകഠിനമാംകാര്യമിതത്രയേ
ധനികന്റെ ദൈവരാജ്യപ്രവേശം,
തിട്ടമിതിലുമതേറ്റമെളുപ്പം
കടക്കുവതൊട്ടകംസൂചിക്കുഴെ."
അത്യന്തവിസ്മയമോടയാശിഷ്യരാ
സത്യപിതാവിനോടായിങ്ങനെ:
"രക്ഷകനാംഗുരോ, നന്നേറെചൊല്ലുകിൽ
രക്ഷനേടുന്നതിനാർക്കുസാദ്ധ്യം?"
"നരനതസാദ്ധ്യമതാകിലുമീശ്വരൻ
സാദ്ധ്യമാക്കുന്നതാംശക്തിതന്നെ,
സത്യമായ്ചൊല്ലുവതെന്നെപ്രതിനിങ്ങ-
ളെന്തിനേയുംവെടിഞ്ഞീടുകിലോ
നിശ്ചയംനൂറുമടങ്ങായ്പ്രതിഫലം
വിശ്വേലഭിക്കുമതേറെസ്പഷ്ടം."



## 29 സാബത്തിലെ രോഗസൗഖ്യം

**ദേ**വാലയത്തിന്നകമേയിരുന്നേശു
ദൈവരാജ്യംപ്രസംഗിച്ചീടവെ
കാൺമതാമത്ഭുതവേലയാകാൻ വലം-
പാണിശോഷിച്ചവനെക്ഷണിച്ചു.
വൈദികരായോർക്കതൃപ്തിയായിട്ടുട-
നതിലേറെആശങ്കേലായിരുന്നു.
എന്തിവൻ കാട്ടുന്നീസാബത്ത്ദിനത്തിലെ
ചിന്തയാൽനിന്നന്നെഹൂദർചുറ്റും.
ദുഷ്ടവിചാരമറിഞ്ഞമഹാഗുരു
കഷ്ടതയാർന്നവനോടുരച്ചു:
"വന്നുനിന്നീടുനീ, മദ്ധ്യേയീവേദിയിൽ.",
നിന്നവനപ്രകാരമുടനെ.
ചോദ്യമായങ്ങുടൻ ചുറ്റും ജനത്തോട്
"ചൊല്ലുകസാബത്തിൽ നൻമയാമോ..?,
അനുവദനീയമായ്ത്തീരുമോ നന്മയു-
ള്ളനുഗ്രഹപൂർവ്വമാമീപ്രവർത്തി.."
ചുറ്റും ജനങ്ങളെനോക്കിയുടനവ-
നേറ്റം കരുണയാർന്നായീവാക്യം:
"നീട്ടുകനിന്റെയാകയ്യെന്റെനേർക്കുനീ...";
വിട്ടകന്നാനവൻ കെട്ടുപാട്.



www.malankaralibrary.com

രോഷതയാലെവിറച്ചുവൈദീകന്മാർ
ദുഷ്ടമനസ്സിന്നധിപതികൾ,
തങ്ങളിൽതങ്ങളിൽ കാര്യവിചാരമാ-
യെങ്ങനെതീർക്കുമിവന്റെകാര്യം!?.

## 30 കൂനുള്ള സ്ത്രീയുടെ സൗഖ്യം

**പ**തിനെട്ടുവർഷമായ് കൂനിനടന്നൊരു
സ്ത്രീയൊന്നങ്ങേശുവിൻ മുന്നിൽനിന്നു.
ദുഷ്ടാത്മബാധിച്ചവളെ വിളിച്ചീശൻ
ശിഷ്ടമാം ജീവിതഭാഗ്യമേകി.
കൈകളവളുടെമേൽവച്ചിട്ടീശനോ
കല്പിച്ചു ''സ്ത്രീയേ നീ മോചിതയായ്..''
വചനംശ്രവിച്ചവളന്നേരം സൗഖ്യമായ്
മോചനശബ്ദാൽനിവർന്നുനിന്നു.
സത്യസ്വരൂപനാമീശ്വരനെയവൾ
അത്യന്തഭക്തിയോടെ സ്തുതിച്ചു,
കൂറുള്ളയേശുവിൻ പൊൽപാദമോമലാൾ
നൂറുരുവന്ദിച്ച് ശീഘ്രംപോയി.
സാബത്തിലാശ്വാസമാർന്നതിൻപേരിലാ
സിനഗോഗധികാരി ശാസനയായ്:
''മറ്റുദിനങ്ങളിലാവുകയിക്കാര്യ-
മൊട്ടുമേപാടില്ലയിന്നീദിനം..''
കർത്തൻമൊഴിഞ്ഞവനിപ്രകാരമുടൻ
''നിർത്തുകനിങ്ങൾ കുതന്ത്രങ്ങളെ,
സാബത്തിൽ കാള, കഴുതകളെ നിങ്ങൾ
വീട്ടീന്നഴിച്ചുമാറ്റീടുകില്ലേ..?,
വെള്ളംകൊടുത്തതിന്നുള്ളുനിറയ്ക്കുവോർ
തള്ളാമോ ഇന്നിങ്ങിബ്രാഹിംപുത്രി..?,
പതിനെട്ടുവർഷത്തെ ശാപംവെടിഞ്ഞിവൾ
മതിയാകുംവണ്ണംനടന്നിടേണ്ടേ..?''
പ്രതിയോഗിയായോർക്കരിശംവന്നെന്നാലും
മതിവരാസന്തോഷാലായി ജനം.



## 31 മഹോദരരോഗിയെ സുഖപ്പെടുത്തുന്നു

**സാ**ബത്തിലായ്കരകർമ്മങ്ങളെല്ലാമെ
പാപകരങ്ങളാണെന്നിരിക്കെ
ഫരിസേയനായപ്രമാണിയൊരുവന്റെ
ഭവനാങ്കണത്തിലേക്കെത്തിയേശു
എന്തിവനിങ്ങിവിടാകുമെന്നുള്ളത്തിൽ
ചിന്തയാലാജനമായനേരം
നന്ദനനീശ്വരചോദ്യമുടനായി:
''സാബത്തിൽരോഗവിടുതലാമോ?''
ഒന്നുമേചൊല്ലാതുള്ളങ്ങവർമദ്ധ്യേ
മഹോദരരോഗിയെ ചേർത്തുനിർത്തി

www.malankaralibrary.com

സൗഖ്യമേകിയവൻഗേഹേയയച്ചുടൻ
ചോദിച്ചവിടുത്തെയൂദരോട്:
"കാളയോപുത്രരിത്യാദിയിലേതേലും
ഗർത്തേനിപതിച്ചുവെന്നാകിലോ
സാബത്തെന്നുള്ളതിനാലവിടങ്ങനെ
വിട്ടിട്ടുപോരുമോ ആരെങ്കിലും?"

## 32 അതിഥിക്കും ആതിഥേയനും ഉപദേശം



സത്കാരസദ്യയിലാദ്യമായ് വന്നവ-
രുത്തമസ്ഥാനം തിരഞ്ഞെടുക്കെ
ചൊന്നവൻ നല്ലൊരുപദേശമന്നാളിൽ
വന്നവരെല്ലാം ശ്രവിച്ചിടുവാൻ
കല്ല്യാണസദ്യയ്ക്കതിഥിയെന്നാകുകിൽ
വല്ലായ്മതോന്നാതിരിപ്പതിന്നായ്
കരുതുക നിങ്ങളിരിപ്പിടമായ് മുഖ്യ-
വരികളിൽ സ്ഥാനത്തിരുന്നിടായ്ക
നിന്നിലുംനല്ലോരതിഥിയാഗേഹത്തിൽ
മുന്നോക്കംവന്നിങ്ങുനിന്നിടുകിൽ
"വെക്കമെഴുന്നേറ്റുനീങ്ങിനിന്നീടുക
തക്കതാംസ്ഥാനമൊഴിയുംവരെ",
എന്നുള്ളാതിഥേയൻ വാക്കുകൾ കഷ്ടമായ്
വന്നുനിൻ കർണ്ണേമുഴങ്ങുംനൂനം.
ലജ്ജയോടാവീട്ടുടയവനാജ്ഞനീ
സജ്ജനംകേൾക്കെശ്രവിക്കയാലെ
മാനക്കേടോടെനിൻസ്ഥാനമൊഴിഞ്ഞുടൻ
ഹീനനായ് പിന്നിലാകേണ്ടിവരും.
നിന്നെ ക്ഷണിക്കയെന്നാകിലാപന്തിയിൽ
പിന്നോക്കംചെന്നങ്ങിരുന്നുവെങ്കിൽ
"മുന്നോക്കംപോരൂ"കെന്നുള്ളവിളിയാകും
പൊന്നൊക്കുംവാക്കുശ്രവിക്കയാകാം,
സർവ്വരുംകേൾക്കയുള്ളന്നവൻ വാക്കുകൾ
സർവ്വമഹത്വസുകൃതമാകാം.
താഴ്മയാൽ തന്നെത്താൻ താഴ്ത്തുന്നുള്ളേവനും
താഴ്മയിൽത്തന്നെയുയർത്തപ്പെടും
തന്നെത്താനുന്നതിയാക്കപ്പെടുന്നവൻ
തന്നെതാഴുന്നതുംനിശ്ചയംതാൻ.
തന്നെക്ഷണിച്ചവനോടുടനന്നവൻ
നന്മയാർന്നീടുവാനായീമൊഴി:
സദ്യനടത്തുകെന്നാകിലോനിങ്ങളിൻ
സോദരരായോർക്കതേകിടേണ്ട,
തക്കപ്രതിഫലമായവരായ് മറു
സദ്യനടത്തി കടമതീർക്കും.
നിസ്വരായുള്ളവർക്കായന്നമേകുകിൽ
നിശ്ചയം സമ്പത്തില്ലായ്മയാലെ
പകരമെന്നുള്ളതങ്ങില്ലാത്തതാകയാൽ
പരമേശകാരുണ്യമാകുംഫലം.

www.malankaralibrary.com

## 33 സ്വർഗ്ഗരാജ്യത്തിലെ വലിയവൻ

**ശി**ഷ്യരായുള്ളവരജ്ഞതയാലൊരു
ചോദ്യമായന്നവൻ മുന്നിലെത്തി
"സർവ്വേശസൂനു അരുളുകറിയുവാൻ
ആരാണുനാകത്തിലത്യുന്നതൻ?"
ഉത്തരമായവൻനിർത്തിയൊരുശിശു
മദ്ധ്യേയവർക്കുടനായീമൊഴി:
"മാനസേമാറുകെന്നാകിലീ പൈതലായ്
നാകത്തിനുള്ളിലായ്ത്തീരുംതീർച്ച,
സത്യമായ്ചൊല്ലുന്നീപൈതലെപോൽനിങ്ങ-
ളെളുതാകിലെങ്കിലങ്ങത്യുന്നതൻ,
കർത്തന്റെ വിശ്വാസി ആയോരെളിയവർ-
ക്കത്രദുഷ്പ്രേരണയേകിടുവോർ-
ക്കുത്തമമെത്രയുംവെക്കമായാകുക
ശക്തമാംകല്ലുകണ്ഠത്തിലേറ്റി
കാണാക്കയത്തിലെറിയപ്പെടുന്നതേ
നിർണ്ണയമായുമവന്നുഗുണം
പാപപ്രലോഭനചിന്തകളാലവെ
ദുരിതവഴികളിലായലോകം
പ്രലോഭനമാകാമെന്നാകിലാകാരണ
മാലിന്യമേകുവോനോ ദുരിതം!
പാണിപാദങ്ങൾ ദുരിതമെന്നാകിലോ
വെട്ടിയെറിയുക ദൂരത്തവ
കരചരണങ്ങളാലഗ്നിയേൽക്കുന്നതി-
ലെത്രയോ ശ്രേഷ്ഠമീനിത്യജീവൻ!,
കണ്ണുകളാലെ ദുഷ്-പ്രേരണയേൽക്കുകിൽ
നിർണ്ണയംകണ്ണുകളഞ്ഞീടുക
അന്ധനായ്ജീവവഴിലഭിക്കുന്നതേ
നരകാഗ്നിപൂകുന്നതിലുംഭേദം."



## 34 വിഗതകുമാരന്റെ ഉപമ

**സ്**നേഹാർദ്രനായ പിതാവിന്റൊരുകഥ
സ്നേഹസ്വരൂപനരുളിയന്ന്:
രണ്ടുപുത്രരവനുണ്ടായിരുന്നതിൽ
രണ്ടാമനായവൻ ചൊന്നൊരിക്കൽ:
"പിതാവേ.., തരികയെനിക്കെന്റെയോഹരി
സ്വത്തിൻവിഹിതമതേകീടുക.."
ഭാഗിച്ചവർക്കവൻ സ്വത്തിലെസർവ്വവും
ഭാഗമായ് രണ്ടാമനായിയാത്ര.
ചുക്കാൻപോയുള്ളൊരുകപ്പലായന്നവൻ
തക്കതാംവേലയിലായിമേഞ്ഞു
വേശ്യാലയങ്ങളിലാശതീർത്തുള്ളവൻ
നാശമതായതെല്ലാമറിഞ്ഞു.
സ്വത്തിലന്നായവയെല്ലാം ക്ഷയിക്കയായ്,
ധൂർത്തനായുള്ളവൻ വേലയാലെ.

www.malankaralibrary.com

ദേശംകഠിനമാം ക്ഷാമത്തിലാകയാൽ
മോശത്തിലായിയവന്റെ ജീവൻ.
പാകമതായിടാവേഷം ധരിച്ചവ-
നേകിടാതാരുമേ ഭോജ്യമൊട്ടും.
കാഠിന്യദാരിദ്ര കഷ്ടത്തിലായവ-
ശിഷ്ടത്തിനാലെ കഴിച്ചുകൂട്ടാൻ
പന്നികൾ പാർക്കുന്നിടത്തിലേക്കായവൻ
ചെന്നവിടുത്തെ പണിക്കുകൂടി.
നട്ടംതിരിഞ്ഞവനേറ്റകർമ്മങ്ങളാൽ
കഷ്ടത്തിനാലെ വലഞ്ഞലഞ്ഞു.
വിശപ്പിന്റെ കാഠിന്യത്തള്ളലിലായവ-
നാശയായിറ്റുതവിടുപോലും.
വൻനിറവാർന്നുഭുജിച്ചുകഴിഞ്ഞവൻ
തൻപിതാവിൻഗൃഹമോർത്തുടനെ.
വെളിവാർന്നബോധം വസിച്ചവനിലുടൻ
തെളിവാർന്നചിന്തയിലായിയപ്പോൾ
വിശന്നുവലഞ്ഞുവരളുന്നു ഞാനിഹെ
പശിയാർന്നുടനെ മരിച്ചുവീഴും,
എൻപിതാവിൻകൂടെ എത്രയോദാസൻമാ-
രൻപോടവിടെക്കഴിയുന്നവർ,
ഇങ്ങിതാഞാനൊരു നിന്ദിതനായവൻ
വിങ്ങിക്കഴിയും ദാരിദ്രവാസി,
വെക്കമെഴുന്നേറ്റുപോകും പിതാവിന്റെ
പക്കത്തിലെത്തിയങ്ങോതിടുമേൻ:
''പിതാവേ.., ക്ഷമിക്കുക ഈ പാപിവേലയെ
പാതകനാമിവനേറ്റുചൊൽവൂ..,
പുത്രനിവനെ നീ ഏറ്റെടുത്തീടണെ
''പുത്ര''വിളിക്കിവൻ യോഗ്യനല്ല,
ദാസനായെന്നെനീ ചേർത്തുകൊള്ളേണമേ
ദാസ്യവൃത്തിയാലടിയന്നിഹെ,
പാപത്തിൻപങ്കില ചിന്തകളാലവെ
പാപാന്ധകാരത്തിലാഴ്ന്നവൻ ഞാൻ,
സ്വീകരിച്ചീടണേ.., ഏഴയാംപാപിയെ
സ്വർഗ്ഗീയഗേഹത്തിൻ വൈരിയെന്നെ..''
വൈകാതെഴുന്നേറ്റുപോയവനായങ്ങാ
നാകമാം താതന്റെ ഗേഹംതന്നിൽ.
ദൂരേന്നുതൻമകനാഗമിക്കുന്നത്
നേരായിക്കണ്ടതാം സ്നേഹതാതൻ
ഉള്ളലിവേറുന്നുള്ളാർദ്രമനമോടും
തള്ളിച്ചസ്നേഹക്കനിവോടെയും
ഓടിച്ചെന്നാനവൻ, കെട്ടിപ്പുണർന്നുടൻ
വീട്ടിലേക്കായ്വന്നതന്മകനെ.
സ്നേഹത്തിനാർദ്രതയേറ്റവനാമകൻ
വേദനയോടെയന്നിത്രചൊല്ലി:
''സ്വർഗ്ഗീയഗേഹത്തിൻമേലും നിൻമുന്നിലും
ധൂർത്തനാമീയേഴ തെറ്റുചെയ്തു,
അയോഗ്യനാകുന്നുഞാൻ നിൻപുത്രനാകാൻ
നിയോഗിക്കയെന്നെനിൻ ദാസനായി..''
സ്നേഹമാർന്നുള്ളാപ്പിതാവുടൻ ചൊല്ലുന്നു:
''വേഗേനമേൽത്തരം വസ്ത്രമേകൂ..,



www.malankaralibrary.com

മോതിര, പാദുകമേകുകക്ഷിപ്രമായ്
ഭീതിവേണ്ടൊട്ടുമതേകിടുവാൻ,
വെക്കമായ്കൊല്ലുക കാളക്കിടാവിനെ
ഭക്ഷണമാക്കിയിന്നുല്ലസിക്കാം,
മൃതനായിരുന്നവനെന്റെയിളമകൻ
മൃതിയെയകറ്റിയിന്നെത്തിയിങ്ങ്,
നഷ്ടപ്പെട്ടോനിവൻ വീണ്ടെടുത്തീയിന്ന്
ഇഷ്ടമായാഹ്ലാദിച്ചാർപ്പിടുവിൻ..''
അത്യന്തമുല്ലാസവേളയിലായിടം
മൊത്തമായുത്സാഹമാർന്നയിടം.
വയലിലെവേലയിലായിരുന്നജ്യേഷ്ഠം-
നായവനാവഴിയെത്തീടവെ
വാദ്യവൃന്ദാജനസഞ്ചയമാർന്നതൻ
മന്ദിരം കണ്ടന്നുവിസ്മയിച്ചു!.
ദാസന്നൊരുവനോടായവൻ സംശയം
''ദാസാ.., യീ വാദ്യത്തിന്നർത്ഥമെന്തേ..?''
''ഓഹരിയേറ്റുടനാവഴിപോയനിൻ
സോദരനെത്തിയുള്ളാഘോഷമായ്,
കൊന്നവനായുടനിന്നൊരു മൂരിയെ..'',
എന്നവനങ്ങുടൻ ചൊന്നുടനെ.
കോപിച്ചുതൻഗൃഹ വാതിൽകടക്കുവാൻ
ദ്വേഷിച്ചുനിന്നങ്ങവൻ പുറത്ത്;
താതനാവാർത്തയറിഞ്ഞുടനങ്ങെത്തി
സാന്ത്വനിപ്പിച്ചവനെയെങ്കിലും
ദേഷിച്ചുചൊന്നുപിതാവിന്റെ നേർക്കവൻ:
''വർഷങ്ങളെത്രപണിയെടുത്തു..?,
കല്പനപോലെ ഞാനേറ്റുനിൻവാക്കുക-
ളല്പവും ലംഘിച്ചിട്ടില്ലനാളിൽ,
കൂട്ടുകാരൊത്തുഞാനുല്ലസിപ്പാനൊരു
മുട്ടനെപ്പോലും നീയേകിയില്ല,
വേശ്യകളൊത്തുപൊറുത്തു ധനത്തിന്റെ
വശ്യതയെല്ലാമറിഞ്ഞിവന്നായ്,
കൊഴുത്തുമുഴുത്തൊരു കാളയെകൊന്നങ്ങീ-
ധൂർത്തനെ സ്വീകരിപ്പാനിതെന്ത്..?''
''മകനേ.., നീയെപ്പോഴുമെൻകൂടെയുള്ളതാ-
ലാകെയെൻസ്വത്തും നിനക്കുമാത്രം..,
മൃതനായനിന്റെയീസോദരൻ നഷ്ടമാ-യ-
മൃതനായിപ്പോഴരികിലെത്തി,
നഷ്ടമായുള്ളവൻ വീണ്ടിങ്ങുവന്നതാ-
ലിഷ്ടമാർന്നിന്നുനാമാഹ്ലാദിക്കാം.''




## 35 ബർതിമേയൂസിന് കാഴ്ച നൽകുന്നു

**വ**മ്പൻജനാവലി തള്ളിച്ചുമുന്നോട്ട്
തുമ്പമില്ലാതെയനുഗമിക്കെ,
നിത്യൻ നിരാമയൻ സർവ്വേശനന്ദനൻ
മോദാൽ ജറീക്കോവഴികടക്കെ
പാതയോരത്തന്നിരുന്നോരന്ധനാം
ബർതിമേയൂസാരവം ശ്രവിച്ചു.

www.malankaralibrary.com

''എന്തിത്രവമ്പൻ തിരക്കിതുപാതയിൽ
സന്തോഷമേറ്റും മഹോത്സവമോ..?''
''നസ്രേയനായവനീശനിതുവഴി
നിർഗ്ഗമിച്ചീടുംരവം..'', ചൊന്നവർ
എന്നതുകേട്ടുടനന്ധനാം യാചകൻ
ചൊന്നുട''നീശോ മഹാഗുരുവേ..,
ഈശോയേ, സർവ്വേശസൂനൂ കനിയുക
ആശയുള്ളോനിവൻ കാഴ്ചയേകൂ..''
''നിശബ്ദനാകൂ''യെന്നാജ്ഞാപിച്ചാജനം
മോശമാംവാക്കാൽ പരിഹസിക്കെ
വീണ്ടുംനിലവിളിച്ചന്ധനായുള്ളവൻ
മണ്ഡലംപൊട്ടിത്തകരുംവണ്ണം
''ദാവീദുപുത്രാ.., ചൊരിയുക സൽഗതി
താവക സ്നേഹാലനുഗ്രഹിക്ക.''
മാത്രയിലിത്ര ശ്രവിച്ചുള്ളനേരത്ത്
യാത്രയിലായിരുന്നീശപുത്രൻ
''വെക്കംവിളിക്കയിങ്ങന്ധനെ'' ചൊല്ലിയോൻ
വെക്കമറിഞ്ഞവനാഗ്രഹത്തെ.
ഈശൻ വിളിക്കുന്നതെന്നവൻകേട്ടുടൻ
ദൂരത്തെറിഞ്ഞുമേൽകുപ്പായവും
തപ്പിത്തടഞ്ഞുനടന്ന കുരുടനോ
തപ്പാതെയോടിയടുക്കലെത്തി.
നീതിമാൻ നിർമ്മലൻ സർവ്വേശപുത്രനീ
രീതിയിലായുരചെയ്തുടനെ:
''എന്തുഞാൻ ചെയ്യണമെന്നുനീ ചൊല്ലുക
സ്വന്തമാക്കീടാമനുഗ്രഹിക്കാം..''
''കർത്താവേ, സൽഗുണസമ്പൂർണ്ണനീശനേ,
ആർത്തനാമിങ്ങിവൻ കാഴ്ചയേകൂ..''




''പൊയ്ക്കൊൾക കുഞ്ഞേ, നിൻ വിശ്വാസവാക്കിനാൽ
പൊയ്പ്പോയകാഴ്ച തിരികെയായി..''
എന്നീശൻ കല്പിച്ചുള്ളാക്ഷണേകാഴ്ചയായ്
വന്നതാം രക്ഷേലഭിരമിച്ചു.
വർദ്ധിതോല്ലാസ രസങ്ങളിലാഴ്ന്നവൻ
കർത്തന്റെ പാതയനുഗമിച്ചു.

## 36 ബത്സാഥാ കുളക്കരയിൽ

**ഇ**സ്രായേലൊന്നായൊക്കും ശുദ്ധിയാർന്നുള്ളോരിടം
ഇസ്രായേൽമക്കൾക്കെന്നും ആശ്രയമായുള്ളിടം.
ജറുസലേമിലന്ന് തിരുനാളായിരിക്കെ
കർത്തനങ്ങെത്തിചാരത്തജകവാടത്തിങ്കൽ.
കുളമൊന്നുണ്ടരികിലാർത്തർക്കങ്ങാശ്വാസമായ്,
ഓളപ്പരപ്പിലാഴ്ന്നാലുടനെ സുഖമാകും.
വറ്റില്ലയീബത്സാഥാ കടുത്തവേനലിലും,
മുറ്റിയവ്യാധികളെ മൊത്തമായ്മാറ്റുന്നിടം.
കുരുടർ, മുടന്തരും തളർച്ചയായുള്ളോരും
പറ്റമായ്പൂകുന്നിടം കുളത്തിന്നോരംതന്നിൽ.
വാനവനെത്തുംനേരത്തോളമുയരുംകാല-
ത്താദ്യമാ കയത്തിങ്കലാഴുന്നോർ സുഖമാകും.

www.malankaralibrary.com

മുപ്പത്തിയെട്ടുവർഷം രോഗിയായ് കിടപ്പവ-
നുണ്ടായിരുന്നു കുളത്തിട്ടയിൽ പ്രതീക്ഷയാൽ.
ദൈവതനയനേശു ചെന്നവന്നരികത്ത്
ആരാഞ്ഞന്നവനോട്: ''സൗഖ്യമായ്ത്തീർന്നീടേണ്ടേ..?''
''ഈശനേ.., സൗഖ്യമാകാനാശയുണ്ടെന്നാകിലും,
ഇറങ്ങികുളിപ്പാനായ് ആവതില്ലൊട്ടുംതന്നെ,
ഏനങ്ങിറങ്ങിച്ചെല്ലും നേരത്തിന്നേറെമുന്നേ
എൻകാര്യംനടക്കായ്ക അന്യൊരാളവിടെത്തും..''
കണ്ണീരിലലിയുന്ന കർത്തന്റെമകനിവൻ
കേണീടുന്നവരോട് കാരുണ്യം കാട്ടീടില്ലേ..?.
മാറാതുള്ളപേക്ഷയാലേവർക്കുമനുഗ്രഹം
കൂറാർന്നങ്ങേകിടുന്ന ഈശനാണിവനെന്നും
സർവ്വേശനന്ദനനാം കർത്താവിന്നുള്ളംവിങ്ങി
സർവ്വേശകരുണയായ്, വിണ്ണിൻകരങ്ങൾനീണ്ടു.
''വിശ്വാസമെങ്കിൽ വേഗമെഴുന്നേറ്റിരിക്കുക,
ആശ്വാസമോടെ നിന്റെ കിടക്കയെടുക്കുക..''
ചൊന്നപോലുടനവൻ കിടക്കമേലിരുന്നു
പിന്നവന്നാശ്ചര്യമായ് ശയ്യയന്നെടുത്തുടൻ.
രക്ഷയിൻ മാർഗ്ഗംതെളിഞ്ഞുടനെ മോക്ഷമാർന്നോൻ
രക്ഷകനേകിനന്ദി നടന്നു കിടക്കയാൽ.
കണ്ടവരാമെഹൂദർ തടഞ്ഞാമനുജനെ
''വേണ്ടനിൻവേലയിന്ന് സാബത്തെന്നറിയുക..'',
നിഷിദ്ധദിനകർമ്മം ചെയ്തവനായുള്ളോനെ
വഴിക്ക് യഹൂദന്മാർ തടഞ്ഞുശകാരിച്ചു.
സൗഖ്യമാർന്നുള്ളകഥ വിസ്തരിച്ചവൻ ചൊൽകെ
മുഖ്യപുരോഹിതനന്നാരാഞ്ഞ''ങ്ങവനാര്..?''
തിക്കിലുംതിരക്കിലും കർത്തനോമറഞ്ഞതാൽ
സൗഖ്യമായുള്ളവനോ അവനെ അറിഞ്ഞില്ല..
ആരെന്നെസൗഖ്യമാക്കിയെന്നുള്ള പരിഭ്രമാൽ
പരതിനടന്നവനന്തിവരേക്കുംചുറ്റും.
അന്തിയിലേശുദേവനവനെകണ്ടെന്നാകെ
സന്തോഷമാർന്നുചൊന്നു ''സൗഖ്യമായീടുക നീ..,
പാപമരുതേയിനി.., പാപത്താൽ മൃതിപ്പെടും..,
പാപത്തെ വെറുത്തുനീ പാവനമാക്കൂജന്മം..''
യേശുവാംദൈവപുത്രനേകിയ സൗഖ്യമെന്ന്
യഹൂദർമദ്ധ്യേയവൻ സാക്ഷ്യമായ് ചൊന്നീടവെ
''സാബത്തിൽനിഷിദ്ധമാം വേലകളാകരുത്..'',
കോപിഷ്ഠരായയൂദരേശുവിന്നേകി വിധി.
പുച്ഛസ്വരത്തിലീശൻ അവരോടോതിയുടൻ:
''എൻപിതാവെന്നപോലെ ഞാനുമെൻ കർമ്മങ്ങളാൽ.''
തന്നെത്താൻ ദൈവപുത്രനാക്കിയുള്ളേശുവിനെ
വധിപ്പാൻതക്കംനോക്കിയിരുന്നുള്ളെഹൂദന്മാർ
സാബത്തിലായുള്ളവൻ കർമ്മത്തിൽ ക്ഷുഭിതരായ്
വേഗേനയേശുവിനെ വധിപ്പാൻചിന്തകളായ്.



## 37 കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു

**ഗ**ലീലിനാട്ടിലായ് ആദിവ്യനാഥന-
ന്നെല്ലാർക്കും മോക്ഷംവഴിഞ്ഞീടവെ

www.malankaralibrary.com



കുഷ്ഠത്താൽ കഷ്ടതയായൊരുമാനവ-
നിഷ്ടമോടാദേവൻ മുന്നിലെത്തി.
കുമ്പിട്ടുനിന്നവൻ ദൈന്യനായേശുവിൻ
മുമ്പിൽതലതാഴ്ത്തി ചൊന്നിതേവം:
''മനസ്സാകശുദ്ധതമാറ്റാൻസകലേശ
മനസ്സാകുമെങ്കിലനുഗ്രഹിക്ക..''
എന്നതുകേട്ടുടനീശനുരചെയ്തു
''മനസ്സുണ്ട് ശുദ്ധനായ്ത്തീരുകനീ..''
തൊട്ടുതലോടിത്തടവിയാരക്ഷകൻ
വിട്ടുമാറീടാനവന്റെകുഷ്ഠം.
തത്ക്ഷണേരോഗമൊഴിവായവന്നോ''ടീ
സത്കാര്യമാരുമറിയരുതെ-
ന്നാകിലുംചെന്ന്, പുരോഹിതനോടിതു
കാണിച്ചുകാണിക്കയർപ്പിക്കുക.''
കർശനപൂർവ്വംകൽപ്പിച്ച ഗുരുവിന്റെ
നിർദ്ദേശമെന്നപോലായിടാതെ
അത്രമേൽകട്ടികറുത്തിരുണ്ടാകാശം
മാത്രേകനകപ്രഭയാർന്നപോൽ
ആട്ടുംവിലക്കുംവഴിയാട്ടുമേറ്റുള്ളോൻ
വിട്ടുള്ളകുഷ്ഠത്താലായമോദാൽ
ശുദ്ധനായുള്ളവനാർത്തലച്ചുതന്റെ
ശുദ്ധതനാട്ടിലന്നുദ്ഘോഷിച്ചു
ആയതാലീശന്നനവധികർമ്മങ്ങ-
ളായതില്ലാദേശത്താകമാനം;
എങ്കിലുമെല്ലായിടത്തുനിന്നേശുവിൻ
പക്കലേക്കാളുകൾ വന്നിരുന്നു.

## 38 യേശുവും നിക്കോദേമോസും



**ഫ**രിസേയനായപ്രമാണി നിക്കോദേമോസ്
ഇരുളിലന്നെത്തി ഈശന്നരികെ
ചൊന്നവനിങ്ങനെ ''റബ്ബീ മഹാഗുരോ,
ഉന്നതേനിന്നിങ്ങുവന്നവൻ നീ,
അല്ലായ്കിലാകില്ലീകർമ്മങ്ങളൊന്നുമേ,
കർത്തന്റനുഗ്രഹത്താലെനൂനം.''
എന്നതിനായവനോതിയന്നിങ്ങനെ:
''ചൊന്നതാംസത്യമറിഞ്ഞീടുക
വീണ്ടുംജനിക്കുന്നവന്നായിമാത്രമേ
സ്വർഗ്ഗരാജ്യത്തിൻപടിതുറക്കൂ..''
കർത്തൻമറുപടിയേകിയസംഭ്രമാൽ
വന്ദ്യനോടായവനന്നുരച്ചു:
''എന്തിതുചൊല്ലുന്നു ധന്യൻമഹാഗുരോ,
എങ്ങനെസാദ്ധ്യമാമീപ്രവർത്തി..?
അമ്മയുദരത്തിലേറിപിറക്കുവാ-
നാർക്കേലുമാകുമോ ഈ ജഗത്തിൽ..?''
ഈശൻപ്രത്യുത്തരമായുടൻചൊന്നത്:
''സത്യംസത്യമായി നീ ഗ്രഹിക്ക.
പിറവി-ജലത്താലുമാത്മാവിലായതേ
നിറവേറുംസ്വർഗ്ഗവാതിൽകടക്കൂ..,

www.malankaralibrary.com

ആത്മൻ, ആത്മാവിനാലുയിർനേടുന്നു
ജഡികസുഖങ്ങളാലാഗണവും
കാറ്റതിശക്തമായ് വീശുന്നുനിത്യവും
പാരംഗതിയറിയിച്ചിടാതെ.''
''എങ്ങനീക്കാര്യംഭവിക്കുന്ന''തെന്നുടൻ
ശങ്കയോടായവൻ ചോദിക്കവെ
''യൂദഗുരുവേ, നിന്നജ്ഞത നിശ്ചയം
ആശ്ചര്യമേറ്റിടുന്നെന്റെയുള്ളിൽ!,
ഞങ്ങളറിവുകൾ, സാക്ഷ്യങ്ങളത്രയും
നിങ്ങളവിശ്വസിച്ചീടുകല്ലേ..?,
ഭൗമികകാര്യമവിശ്വാസമെങ്കിലോ
സ്വർഗ്ഗീയമായവയെപ്രകാരം..?.
സ്വർഗ്ഗത്തിൽനിന്നിങ്ങുവന്നവനല്ലാതെ
മറ്റാരുമങ്ങുകടക്കുകില്ല,
ഇസ്രയേൽരക്ഷയ്ക്കുതകുന്നവണ്ണത്തിൽ
മോശയാൽനാഗമുയർന്നപോലെ
വിശ്വസിച്ചേവർക്കുംനിത്യജീവന്നായി
നിശ്ചയമീശനുയർത്തപ്പെടും.''

## 39 ധനവാനും ലാസറും

**വ**ട്ടമിരുന്നതാംശിഷ്യഗണത്തിന്
വെട്ടമാകാനൊരുപമചൊല്ലി:
പട്ടുംമൃദുലമാംചേലകൾചുറ്റുന്ന
കൊട്ടാരവീട്ടിലുള്ളധനവാൻ
സുഭിക്ഷമായ്ഭക്ഷിച്ചങ്ങാനന്ദത്തോടവൻ
സൗഭാഗ്യനെന്നപോലായിരിക്കെ
വിണ്ടുകീറിവ്രണത്തോടെദരിദ്രനാം
കണ്ടാലറയ്ക്കുംലാസർപുറത്ത്,
നാറിപ്പുഴുത്തുകിടക്കുമവനുടെ
മുറിവുകൾ നക്കിത്തുടച്ചുനായ്ക്കൾ,
ധനവാന്റെമേശയിൽനിന്നുവീഴുന്നതാം
ആഹാരമിച്ഛിച്ചിരുന്നങ്ങവൻ.
ലാസർമരിച്ചുയെന്നായുടൻ ദൂതന്മാർ
ചേർത്തവനെബ്രഹാമിൻമടിയിൽ.
ധനികൻമരിച്ചു, അടക്കപ്പെട്ടാനവൻ
നരകത്തിൽപീഡനമേൽക്കുന്നേരം
കണ്ടവൻലാസറെ അബ്രഹാമിൻമടി-
ത്തട്ടിലായ്ലാളനയേറ്റിടുന്നു
ചൊന്നവനങ്ങ് ''പിതാവേ, കനിയുക
ക്ഷീണാൽവരളുന്നുള്ളെന്റെനാവിൽ
ഇറ്റുതണ്ണീരൊഴിച്ചീടാനയയ്ക്കുക
ലാസറിനെയടിയന്റരികെ.''
അബ്രഹാംചൊന്നു: ''മകനേ, ഓർത്തീടുക
എത്രനാൾ തൃപ്തനായ് നീ ഊഴിയിൽ..,
കഷ്ടത, യാതനയാലെ വലഞ്ഞിവൻ
ദുഃഖ, ദുരിതരോഗങ്ങളാലെ,
ഇവിടിവനിന്നിങ്ങ് വിശ്രമിച്ചീടട്ട്
അവിടെനീകഷ്ടതയേറ്റിരിക്ക,



www.malankaralibrary.com

ഗർത്തമൊന്നുള്ളതിനാലെ നീ ഓർക്കുക
തമ്മിലടുക്കുവാനാകയില്ല,
തന്റെതൻകർമ്മങ്ങളാലെയുള്ളഫലം
തന്നെയനുഭവിക്കുന്നിവിടെ"
"എങ്കിലവനെ അയയ്ക്കുക ഭൂവിലായ്
പങ്കിലവേലയൊഴിഞ്ഞിടുവാൻ,
ചെന്നവൻചൊല്ലട്ടീപീഡനമങ്ങുടൻ
നന്നായ്ചൊന്നീടട്ടീസാക്ഷ്യങ്ങളെ."
എന്നതുകേട്ടുടനബ്രഹാംചൊന്നത്
"മുന്നേയവർശുദ്ധരായിടുവാൻ
മോശ, പ്രവാചകരേവരുമിക്കാര്യം
മോശമില്ലാതറിയിച്ചതല്ലേ..?"
"അല്ലല്ലുയിർത്തൊരുമാനവൻ ചൊന്നീടിൽ
അല്ലലില്ലാതവർ കേട്ടുകൊള്ളും."
എന്നുള്ളാസമ്പന്നനായമറുമൊഴി
ഭിന്നതയോടെബ്രഹാംതടുത്തു:
"മോശ, പ്രവാചകർ ചൊന്നയാഥാർത്ഥ്യങ്ങൾ
മോശങ്ങളെന്നപോൽതള്ളിയവ-
രെങ്ങനെകേൾക്കുമിവന്റെ പ്രഘോഷണ-
മെങ്ങനെബോധ്യരായീടുമവർ..?"

## 40 കാണാതായ ആടിന്റെ ഉപമ

**ബ**ലഹീനരാർത്തരോടായവൻ ശ്രീയേശു
സ്വർഗ്ഗരാജ്യംപ്രസംഗിച്ചീടവെ
ഫരിസേയ, നിയമജ്ഞരായവരൊന്നായി
പിറുപിറുപ്പോടെ നിരന്നുചുറ്റും
"പാപികൾക്കൊപ്പം ഭുജിക്കുവതെന്തിവ"-
നെന്നുള്ളചോദ്യമന്നാരായവെ;
"അരുതരുതേനിന്ദയേകാതിരിപ്പാൻ
കരുതുകനിങ്ങളിലേഴയേയും
സ്വർഗ്ഗേയവർദൂതരെപ്പോഴുംതാതന്റെ
ദർശനത്താലെയിരിപ്പുനൂനം.
ആടുകൾനൂറെണ്ണമുള്ളതിലായൊന്ന്
ഓടിവഴിതെറ്റിയെന്നാകിലോ
കൂട്ടിലായ്മറ്റാട്ടിൻകൂട്ടത്തെവിട്ടവൻ
തിട്ടമായിട്ടും തിരിച്ചുപോകും
കാണുംവരേയ്ക്കുമായാട്ടിടയൻസർവ്വ
കാടുംമലയുമലഞ്ഞുഴറും
കാൺകയെന്നാലുടനത്യന്തമാനന്ദ
സ്നേഹമോടായവൻതോളിലേറ്റും
തെറ്റാത്തമറ്റാട്ടിൻകൂട്ടങ്ങളെക്കാളും
മുറ്റിയാഹ്ലാദമവനുതോന്നും.
ആരുംവഴിതെറ്റിപ്പോകാതിരുന്നിടാൻ
പരമേശനത്യന്തശ്രദ്ധയാലെ
ഇഷ്ടമാകില്ലവനേറ്റമെളിയവൻ
നഷ്ടമായങ്ങുനശിച്ചുപോകാൻ."




www.malankaralibrary.com

## 41 നികുതിയെക്കുറിച്ച്



**ശി**ഷ്യരോടൊത്തീശൻഗലീലിയായിലെ
കഫർണനാട്ടിലന്നായിടവേ
ദേവാലയത്തിൽകരംപിരിക്കുന്നവ-
നാവഴിയെത്തിയാരാഞ്ഞിങ്ങനെ:
''ശരിയായിചൊല്ലുക നിങ്ങൾ ഗുരുനാഥൻ
കരമടയ്ക്കുന്നത് നേരുതന്നോ?''
''ഉവ്വ്''ന്ന്ചൊല്ലിയാശിഷ്യൻശിമയോനോ-
ടിവ്വണ്ണമോതിയന്നേശുപരൻ:
''എന്തുതോന്നുന്നുശിമയോനെ ചൊല്ലുക
ആരിൽനിന്നാകുന്നിവർ നികുതി?''
''അന്യരിൽനിന്നെ''ന്നവൻപറഞ്ഞന്നേരം
ഖിന്നതയോടെയീശൻമൊഴിഞ്ഞു:
''ചെല്ലുക, ചൂണ്ടലിൽകോർത്തമീനുള്ളി-
ലൊരുനാണയത്തെനിനക്കുതകും
മോദമോടേകിയടച്ചുതീർത്തീടുക
കടമയായുള്ളനമ്മൾ നികുതി.''

## 42 നിർദ്ദയനായ ഭൃത്യൻ




**എ**ത്രമേൽപാപം ക്ഷമിക്കേണമെന്നന്ന്
പത്രോസാരാഞ്ഞുള്ളതിന്റെപേരിൽ
ഏഴല്ലെഴുപതുവട്ടമെന്നായേശു-
ദേവനായ്ചൊല്ലി ഭൃത്യന്റുപമ:
സേവകരായോർകണക്കുതീർത്തീടുവാ-
നാഗ്രഹിച്ചുള്ള രാജാവൊരുനാൾ
പതിനായിരം കടം കൊണ്ടുള്ളദാസനാം
സേവകനെവിളിച്ചന്നുചൊന്നു
''തീർക്കുകവെക്കമെൻബാധ്യതമൊത്തമായ്
സർവ്വവും വിറ്റുതരികെനിക്ക്,
ഭാര്യയുംമക്കളും നിന്റെസർവ്വസ്വവും
വിറ്റുകടത്തീന്നൊഴിഞ്ഞീടുക.''
പറ്റാതെസേവകൻകാൽക്കൽവീണന്നുടൻ
മുറ്റിയകാരുണ്യയാചനയാൽ;
അരചനാസേവകന്റാർത്തനിലവിളി
ഉള്ളലിവോടെശ്രവിച്ചുടനെ
വിട്ടയച്ചാനവൻ സേവകനെദ്രുതം
ഇളവേകിവൻതുക തന്നുതീർക്കാൻ
പുറമേയിറങ്ങിയ സേവകൻതൻസഹ-
സേവകനെയന്ന് കണ്ടനേരം
നൂറുദനാറിൻകടംകൊണ്ടവനൊടു
പീഡനമേറ്റിപ്പറഞ്ഞിങ്ങനെ:
''വെക്കമെടുക്കയെൻനൂറുദനാറത്
തീർക്കയിന്നെന്റെ കടങ്ങളെല്ലാം.''
സേവകൻകാൽക്കലായ് വീണന്നപേക്ഷയാ-
ലൊട്ടുംമനസ്സലിവായിടാതെ

www.malankaralibrary.com

കാരാഗൃഹത്തിലടച്ചവനാസഹ-
സേവകനെകടം തീർക്കുംവരെ.
വാർത്തയറിഞ്ഞെജമാനനാഭൃത്യനെ
ചേർത്തുവിളിച്ചറിയിച്ചിങ്ങനെ:
''എന്തങ്ങുചെയ്തുനീ ദുഷ്ടനാംസേവകാ
സന്താപമായിന്നുനിന്റെപേരിൽ,
നിൻകടഭാരമിളച്ചുതന്നെന്നാലും
അന്യനോടിന്നുനീയെന്തുചെയ്തു?,
കരുണയില്ലാത്തവനായനിനക്കെന്ത്
കാരുണ്യമേകണമെന്നുചൊല്ലൂ?,
എൻകടമത്രയുംതീർക്കുംവരേയ്ക്കുനീ
കാരാഗൃഹത്തിന്നകത്തുപോകൂ..''
ഇക്കഥയിങ്ങനെചൊന്നതിൻശേഷമായ്
കർത്തൻതുടർന്നുഅന്നിപ്രകാരം:
''സോദരൻതെറ്റുപൊറുക്കായ്കയെങ്കിലെൻ
താതൻപൊറുക്കില്ല നിന്റെതെറ്റും.''

## 43 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു

**ദേ**വാത്മജനേശു അന്നൊരിക്കൽസ്വന്തം
കഫർണാനാട്ടിലങ്ങായിരിക്കെ
യേശുവിൻ നാമമന്നാദിക്കിലാകവെ
ആശ്വാസമേകുന്നതായിരുന്നു.
മാനവരാലംബമേകണമെന്നോതി
വാനവപുത്രന്റെ ചുറ്റുംകൂടി.
തങ്ങളിൽതങ്ങളിൽ തിക്കിത്തിരക്കിയോർ
തിങ്ങിനിറഞ്ഞുള്ളാഗേഹംതന്നിൽ
ആധിയുംവ്യാധിയും ബോധമൊഴിഞ്ഞ
ബധിരരുംമൂകരുമന്ധന്മാരും.
പടിയിലുംതൊടിയിലുംപാതയിലാകവെ
പാടിവിളിച്ചവരേശുനാമം.
ഈശോവിമോചനമേകുമെന്നാശയാൽ
വിശ്വാസക്കൂട്ടുകാരൊത്തുകൂടി
തങ്ങളിലേഴ, തളർവാതരോഗിയെ
അങ്ങവർകൊണ്ടുപോയെന്നാകിലും
ഈശന്റരികെയണഞ്ഞുവാനാകാതെ
ആശയൊഴിഞ്ഞവരായിടാതെ
കൂരമുകളിലേക്കേറിയാക്കൂട്ടർ മേൽ-
ക്കൂരപൊളിച്ചവനെയിറക്കി.
തൻമുന്നിലായുള്ളാദീനനെ കണ്ടുടൻ
വൻപെഴുന്നാഗുണം മാനിച്ചവൻ
അൻപോടെയന്നാ തളർവാതരോഗിയോ-
ടുൺമയാർന്നിങ്ങനെ ചൊല്ലിയേശു:
''നിന്നുടെ പാപപരിഹാരമാർന്നിഹെ,
അൻപോടെപാപങ്ങളെപൊറുത്തു..''
കൂടിനിന്നുള്ള നിയമജ്ഞരായവർ-
ക്കായുടൻ സംശയമുള്ളിലായി
സർവ്വശക്തനായോനല്ലാതിവൻപാപ
മിങ്ങുക്ഷമിക്കുവാനാരിങ്ങിവൻ?



www.malankaralibrary.com

സകലേശനന്ദനനനന്തരംഗം അറി-
ഞ്ഞക്കൂട്ടരോടായിട്ടന്നിങ്ങനെ:
''എന്തിഹെ ചൊല്ലുവതെന്തെളുപ്പം മമ
താതന്റെ സ്നേഹമിവനേകുവാൻ?,
മകനേ, നിൻപാപം ക്ഷമിച്ചിരിക്കുന്നതോ,
വെക്കമെണീറ്റുനടക്കുന്നതോ?,
പാപംപൊറുക്കുവാൻ സർവ്വേശനന്ദന-
നിപ്പാരിലാവതുണ്ടെന്നറിയാൻ..''
അരികത്തിരിക്കും ജനങ്ങളെല്ലാവരും
നേരായ് ശ്രവിക്കുവാനെന്നവണ്ണം
ദേവാത്മനന്ദനൻ ചൊന്നുആദീനനോ-
''ടാവോടെ ശയ്യയെടുത്തുപോകൂ..''
ക്ഷിപ്രേയാദീനൻ സകലരും കാൺകവെ
തല്പമെടുത്തുതലയിലേറ്റി,
അത്യുന്നതീശനെ പാടിപ്പുകഴ്ത്തിയ-
ന്നത്യാഹ്ലാദെയോടി വീട്ടിലേക്ക്.
വിസ്മയിച്ചേവരും ചൊല്ലിമാഹാത്മ്യങ്ങൾ
വിസ്മയമോടെ സ്തുതിച്ചുനിന്നാർ.

## 44 പത്ത് കന്യകമാർ

**ജാ**ഗ്രതയോടിങ്ങുവർത്തിക്കയെന്നീശ-
നാഗ്രഹത്താലെ കഥിച്ചീക്കഥ:
കന്യകമാരാകും പത്തുപേരുണ്ടവർ
കർമ്മങ്ങളാലെതിരിച്ചുരണ്ടായ്
അഞ്ചുപേർബുദ്ധിമതികളായുള്ളവ-
രഞ്ചുപേരൽപവും ബുദ്ധിപോരാ.
ദീപപ്രകാശമണഞ്ഞുപോകാതവ
ദീപ്തിപരത്തണമെന്നാകിലോ
എണ്ണകരുതണമെന്നുള്ളറിവിനെ
കാര്യമാക്കാത്തവർ ബുദ്ധിഹീനർ,
എണ്ണകരത്തിൽ കരുതിയിരുന്നവ-
രുൺമയായുള്ളവർ ബുദ്ധിയുള്ളോർ.
കർത്തനിങ്ങെത്തുന്നനേരംകന്യർക്കത്
കൃത്യതയാകാതിരിപ്പതിനാൽ
കൂർക്കംവലിച്ചുകിടന്നുറങ്ങിയവ-
രാർപ്പുവിളിയതുകേൾക്കുംവരെ.
പെട്ടെന്ന് ദൂരത്തുയർന്നുകുരവക-
ളാർപ്പുവിളികളും കാഹളവും
കന്യകമാരെല്ലാം, ഞെട്ടിയുണർന്നവർ
ധന്യതയോടെതെളിച്ചുദീപം.
ചട്ടറ്റെഴുംജ്വാലപൊങ്ങി വിളക്കിലാ-
യൊട്ടൊട്ടിരുളുകൾ മാറിമാറി
നീളെത്തെളിഞ്ഞുപ്രകാശിതമായെണ്ണ
യില്ലാത്തിരികളണഞ്ഞണഞ്ഞ്
എണ്ണയിൻകാര്യത്തിലന്തിച്ചുനിന്നിട്ട്
ഖിന്നതയാർന്നതാം ബുദ്ധിശൂന്യ-
''രുള്ളതിലല്പം തരിക''യെന്നായെണ്ണ
യുള്ളവരോടായി ചോദിക്കവെ



www.malankaralibrary.com

''ഞങ്ങൾക്കും നിങ്ങൾക്കും പോരാവതാകയാ-
ലങ്ങുപോയ്‌വാങ്ങുക□''യെന്നുചൊല്ലി.
സ്തംഭിച്ചപോലൊട്ടുനിന്നവരാംകന്യർ
തുമ്പമോടായത് കേട്ടശേഷം
തീർന്നതാമെണ്ണയെ വാങ്ങുവാനായ്ബുദ്ധി-
ശൂന്യരാമഞ്ചുപേർ പോയുടനെ
രാജനെഴുന്നള്ളികൂടെഗമിച്ചഞ്ചു-
പേരുമായുള്ളിൽ, കതകടച്ചു.
മറ്റഞ്ചുകന്യകൾ നേരംകഴിഞ്ഞിഹെ
പറ്റമായെത്തിയപേക്ഷയാലെ
ചൊല്ലിയാർ, ''ഈശനേ.., വാതിൽ തുറക്കുക..
തെല്ലുദയയങ്ങുകാട്ടീടുക..''
അപേക്ഷയാൽനിന്നവർക്കായവനാജ്ഞ
''യുപേക്ഷയാർന്നുള്ളവരങ്ങുപോകൂ.,
സത്യമായ്ചൊല്ലുന്നു, ജാഗ്രതകാട്ടുവി-
ന്നത്യന്തശ്രദ്ധയാൽ ജീവിക്കുവിൻ..''

## 45 യേശു രൂപാന്തരപ്പെടുന്നു

**പ**ത്രോസ്, യാക്കോബ് സോദരൻ യോഹന്നാ-
നിത്രയും ശ്ലീഹന്മാരൊത്തൊരുനാൾ
താതനോടർത്ഥനചെയ്യുവാനായവൻ
വൻമലമേലെയിരുന്നനേരം
പ്രാർത്ഥനപാരമ്യേലായി, ദൈവാത്മജൻ
മറുരൂപമായവിടങ്ങുനിൽക്കെ
സൂര്യാഭയാമുഖം, ധവളമാംചേലകൾ
വാരുറ്റവെൺമേഘകാന്തിപോലെ.
ഏലിയ, മോശയോടൊത്തവിടേശുവും
വലിയവിചാരങ്ങളാലെമൂവർ.
ഏറെനേരങ്ങളാലങ്ങവരാകവെ
വേറിട്ടചിന്തകളാർന്നപത്രോസ്
''നന്നേറെനമ്മളിങ്ങായിരിക്കെങ്കിലോ
മൂന്നുകൂടാരങ്ങൾതീർത്തിന്നിഹെ..''
എന്നുള്ളവൻമൊഴികേട്ടുടനങ്ങവെ
വൻമേഘംവന്നവരെമറച്ചു.
''എൻപ്രിയപുത്രനിവൻസ്വരംകേൾക്കൂ..''യെ-
ന്നൻപുള്ളശരീരിയായവിടെ.
ക്ഷിപ്രേയുള്ളാസ്വരഭേരിയാലെയവർ
ഭീതിപൂണ്ടങ്ങുനിലംപതിച്ചു
ഈശനാശിഷ്യരടുക്കലെത്തീട്ടുട-
നാശ്വാസമേകിത്തഴുകീടവെ
യേശുവല്ലാതവിടാരെയുംകാണുവാ-
നാശിഷ്യരായവർക്കായതില്ല.
ആരോടുംചൊല്ലരുതിക്കാര്യമെന്ന-
വരോടവനാജ്ഞയായന്നുടനെ.



www.malankaralibrary.com

## 46 താലന്തുകളുടെ ഉപമ

**സ്വ**ർഗ്ഗരാജ്യത്തിൻ വിശ്ലേഷമായന്നവൻ
മർത്ത്യർക്കരുളി പൊരുളിതേവം
ഉപമയാലെയവൻ ചൊന്നവരോടായി
വ്യാപാരിതന്റെ താലന്തുകഥ.
യാത്രപുറപ്പെടും മുൻപായിതൻഗണ
ഭൃത്യരെച്ചേർത്തവർക്കേകിനാണ്യം;
കഴിവിന്റെ മാനത്തിലേകിയവർക്കവൻ
വഴിപോലെതന്റേതാം താലന്തുകൾ.
ഭാഗിച്ചവയഞ്ച്, രണ്ടുമൊന്നുമായി
ഭാഗിച്ചനന്തരമായിയാത്ര.



അഞ്ചുതാലന്തന്നുനേടിയോൻ വ്യാപാരാ-
ലഞ്ചുതാലന്തുകൾ കൂടിനേടി,
രണ്ടന്നുകിട്ടിയോൻ രണ്ടുംകൂടിനേടി
രണ്ടിന്റിരട്ടിയായ് കൂട്ടിവച്ചു,
താലന്തിലൊന്നന്നുനേടിയോനാപ്പണം
നിലത്തൊരിടത്തൊളിച്ചുവച്ചു.
നാളേറെയായതിൻശേഷമെജമാനൻ
ആളായിട്ടെത്തി കണക്കുതീർക്കാൻ.
അഞ്ചുതാലന്തങ്ങുകിട്ടിയോൻ താലന്തി-
ലഞ്ചുകൂടിയേകിച്ചൊല്ലിയന്ന്:
''എജ-മാനനേ, മാനിക്കയേകിയതാലന്തിൽ
വ്യാജമില്ലാതിതാ അഞ്ചുകൂടെ..''
''കൊള്ളാം വിശ്വസ്തനാംഭൃത്യനെ നല്ലത്
തള്ളാതെൻസന്തോഷെ നീ കടക്കൂ..''
രണ്ടുതാലന്തന്ന്കിട്ടിയോൻ നേടിയ
രണ്ടുംകൂടിയേകിച്ചൊന്നിങ്ങനെ:
''മാന്യെജമാനനേ, മാനിക്കയിങ്ങിതാ
അന്യനാമേഴയിൻ രണ്ടുംകൂടെ..''
''അല്പകാര്യത്തിൽ വിശ്വസ്തനാം ഭൃത്യന-
നല്പമാംകാര്യത്തിൽ നീ കടക്കൂ..''



ഒറ്റത്താലന്തന്നുകിട്ടിയോൻ വന്നിട്ടാ
ഒറ്റത്താലന്തവനേകിച്ചൊല്ലി:
''വിതയ്ക്കാതെകൊയ്തും വിതറാതെകൂട്ടുന്നു-
ള്ളാധിമനസ്സുള്ളോനായവനേ!,
ആയതാൽ നീയെനിക്കേകിയ താലന്തീ
വയലിൽ മറച്ചതെടുത്തുകൊൾക..''
എന്നതുകേൾക്കവെ ആ ധനവാനുടൻ
ചൊന്നതി''ങ്ങിത്ര മടിയനോ നീ..?,
ദുഷ്ടവികാര, വിചാരത്തിൻഭൃത്യനേ,
കഷ്ടമായ്ക്കാണുന്നു നിന്റെചിന്ത,
വിതയ്ക്കാതെകൊയ്യും, വിതറാതെചേർക്കും നി-
ന്നുതകാത്ത വാക്കുകളെത്ര കഷ്ടം!,
എന്റെ താലന്തുനീ വ്യാപാരശാലയിൽ
തന്റേടമോടയന്നിട്ടിരുന്നേൽ
ഒട്ടുംകുറയാപലിശയോടിന്നുഞാൻ
തിട്ടമായിട്ടിന്നെടുത്തുവേനെ..,

www.malankaralibrary.com

എടുക്കൂക, താലന്തിലൊന്നവനുള്ളത്
കൊടുക്കയപരന്നതേറെയുള്ളോൻ..''
പത്തുതാലന്തന്നുനേടിയോൻ പാണിയിൽ
ചേർത്തുവയ്ക്കാത്തവന്റേതുമേകി.
ചൊല്ലിയുടനവൻ ''ദുഷ്ടനിവനെ
വിലാപക്കുഴിയിലെടുത്തെറിയൂ..,
ഉള്ളവനേറെയിനിമേലുമേകിടു-
മുള്ളതുംപോകുമില്ലാത്തവന്..''

## 47 കർത്തൃപ്രാർത്ഥന




**സ**ർവ്വേശനന്ദനൻ, യേശുതൻശിഷ്യരോ-
ടർത്ഥനചൊൽവാൻ കൽപ്പിച്ചിതേവം:
പ്രാർത്ഥനയർപ്പണംചെയ്യുക നിത്യവും
നാട്യമരുതാതെയാക നിങ്ങൾ.
രഹസ്യേയിരുന്നുനീ പ്രാർത്ഥിക്കയെങ്കിലാ-
രഹസ്യത്തിനുത്തരമേകിടുവോൻ,
വാതിൽ, ജനാലയടച്ചങ്ങകമേ-
യിരുന്നുനീയാകുക നിന്നപേക്ഷ.
ആകരുതേ.., നിങ്ങളതിഭാഷണത്താ-
ലകതാരറിയുവോനെന്റെ താതൻ,
ചോദിക്കുംമുന്നമേ ഉള്ളറിയുന്നവൻ
മോദമോടേകുമേ നിന്നർത്ഥന.
പ്രാർത്ഥിക്ക നിങ്ങളായിപ്രകാരം സദാ:
സ്വർഗേവാണരുളുന്ന തമ്പുരാനേ,
തവനാമം പൂജിതമായീടുകയെന്നും
തവരാജ്യം വെക്കമിങ്ങാക്കിടുക,
തവഹിതം നാകത്തിലെന്നപോലിങ്ങിഹെ
ഇപ്പാരിതിങ്ങിലുമാക്കീടുക,
അന്നന്നുവേണ്ടുന്നോരന്നമേകീടുവാൻ
വല്ലഭാ.., നിൻമനസ്സായിടണേ,
ഞങ്ങൾക്ഷമിക്കുവതെന്നപോലങ്ങയു
മെങ്ങൾകടങ്ങൾ ക്ഷമിച്ചീടണേ..
പാപപ്രലോഭനെ വീഴാതിരിക്കുവാൻ
പാവനാത്മാവേ, നീ കാത്തിടുക,
തിന്മയിൽനിന്നുനീ രക്ഷിക്കസർവ്വേശാ
നന്മയാർന്നെന്നും വസിച്ചിടുവാൻ.

## 48 ലാസറിന്റെ ഉയിർപ്പ്


**ബേ**തലേംഗോശാലയിൽ ഭൂജാതനായുള്ളേശു
പിതാവിന്നനുഗ്രഹാൽ ലോകരെചേർത്തീടവെ
വചനം മാംസമായുള്ളേശുവാം ദൈവപുത്രൻ
മോചനമേകിശുദ്ധരാത്മാക്കൾക്കാലംബമായ്.
സ്നേഹത്തിൻദൂതങ്ങോതി മനുഷ്യസ്നേഹിയീശൻ
അന്ധർക്ക്കാഴ്ചയേകി, ബന്ധിതർമോചിതരായ്.

www.malankaralibrary.com

വർദ്ധിതസ്നേഹംചൊരിഞ്ഞായന്നാ മഹാപ്രഭു
പിതാവിൻകാരുണ്യംതൻ മക്കൾക്ക് പകർന്നേകി.
''ശത്രുവെ സ്നേഹിക്കുവിൻ, വിധിക്കാതിരിക്കുവിൻ,
ശത്രുവിൻ ബന്ധനത്തെ നന്മയാൽവെന്നീടുവിൻ..''
ആർദ്രവാനവനുടെ വാക്കുകൾ ശ്രവിപ്പാനാ-
യാർത്തരാം ജനമവൻസന്നിധേപോന്നിരുന്നു.
ജോർദ്ദാന്റെമറുകരെ യേശുവന്നായിരിക്കെ
വാർത്തയണ്ടെത്തി ലാസർ രോഗശയ്യയിലെന്ന്.
ജറുസലേമിന്നോരം ബഥാനിയായിലല്ലോ
ലാസറും സോദരികൾ മാർത്തയുംമറിയവും.
യൂദയാനാട്ടിലെത്തും കാലത്തങ്ങായിടുന്ന
കാര്യത്തെക്കുറിച്ചേശുശിഷ്യരാകുലരായി.
''അങ്ങേയങ്ങില്ലാതാക്കാൻ തക്കംപാർത്തിരിക്കയാം
അന്നാസും കയ്യാഫാസും മറ്റുപുരോഹിതരും..''
എന്നാലും സ്നേഹിതർക്കായാപത്തണയും കാലം
തൻ ക്ഷേമമോർത്തൊഴിയാൻ സജ്ജനം ശ്രമിക്കുമോ?.
ബഥാനിയായിലെത്തി ലാസറെസൗഖ്യമാക്കാൻ
ഗുരുവിന്നിച്ഛപോലെ ശിഷ്യരുംകൂടെക്കൂടി.
''സൗഖ്യമാക്കുവാനല്ല ലാസറോ മൃത''നെന്ന്,
യാത്രയിലേശുദേവൻ ശിഷ്യരോടായന്നോതി.
അനേകകാതംതാണ്ടിയെത്തിയാദേശത്തവർ
കാണുവാൻ ലാസർദേഹമാശ്വാസവചസ്സേകാൻ.
കൊടിയനിലവിളിയാലെയെത്തിയ മാർത്ത
തേടിയണഞ്ഞദൈവപുത്രനെയെതിരേറ്റു.
മാറത്തടിച്ചുകേണു സോദരൻ ലാസർക്കായി
തീരാത്ത വേദനയാലവളിങ്ങനെയോതി:
''നീയിവിടെങ്കിലവൻ മരിക്കാതിരുന്നേനെ
എന്നാലും നീ ചോദിച്ചാലവനെതിരിച്ചേകും..''
''മാർത്തേ, നീ കരയാതെ ലാസറുയിർക്കും തീർച്ച.''
''കർത്താവേ.., യേശുദേവാ ചൊൽവ്വതുസത്യം പര-
മാർത്ഥമാമുത്ഥാനത്തിലവനുയിർക്കും തീർച്ച..''
''ഉയിരുമുത്ഥാനമാകും ഞാനില്ലേ മാർത്തേകൂടെ?,
എന്നിൽവിശ്വസിക്കുന്നോർ മരിച്ചാലുംജീവിക്കും,
എന്നാലെജീവിപ്പവർ മരിക്കില്ലൊരിക്കലും.''
വിശ്വാസമാർന്ന മാർത്തയാശ്വാസമോടെ ചൊന്നു:
''ക്രിസ്തുവാംദൈവപുത്രാ കർത്താവേ.., കനിഞ്ഞാലും..''
യേശുവിൻ സാമിപ്യത്തെ അറിഞ്ഞമറിയമോ
ക്ലേശങ്ങളോർക്കാഗ്രാമപ്പടിക്കലോടിയെത്തി.
കരഞ്ഞുകലങ്ങിയ കണ്ണുമായവൾമേരി
ഗുരുവിൻതിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു.
കണ്ണീരിലലിയുന്ന മനുഷ്യസ്നേഹി ഈശൻ
മണ്ണിലായ്പിറന്നുള്ള വിണ്ണിന്റെപുത്രനല്ലോ?
പെരുത്തവ്യഥയാലെ കരപ്പൂവല്ലികൂപ്പി
കിടക്കുംമേരിയവൾക്കാശ്വാസമീശനല്ലോ.
ഗുരുവിൻ പാദംതൊട്ടുവന്ദിച്ചുയർന്നിട്ടവൾ
ഗദ്ഗദകണ്ഠത്താലന്നിങ്ങനെയുരചെയ്തു:
''ഗുരുവേ സ്വസ്തി.. മഹാസ്രഷ്ടാവിൻ പുത്രനീശോ,
സ്നേഹമേ... സ്നേഹപിതാ.. പൂജ്യനാം മഹോന്നതാ..,
താമസിച്ചെന്തേയങ്ങ്? നാളുകളേറെയായി
കോമളനവൻ ലാസർ, നിത്യതയ്ക്കാധാരമായ്,



www.malankaralibrary.com



എങ്കിലുമൊരുവാക്ക് നിന്നിൽനിന്നായിടുകിൽ
സോദരൻലാസറിഹെ മരിക്കാതിരുന്നേനെ.."
മേരിയുമെഹൂദരും ചുറ്റുമുള്ളാശ്രിതരും
കരയുന്നതുകണ്ടന്നീശന്റെ കരൾവിങ്ങി.
ഈശ്വരപുത്രൻ മിഴിനീരാലന്നാർദ്രമായി-
ട്ടാത്മാവിൻ നെടുവീർപ്പിലശ്രുക്കൾ ധാരധാര!.
നോക്കൂ ആകണ്ണിൽനിന്നും വാക്കുകൾക്കതീതമായ്
തൂകുന്നകണ്ണുനീരിൽ കാണുകയവൻസ്നേഹം.
"വരിക കാട്ടീടുക, ലാസറിൻകുടീരം നീ..
പോരുന്നങ്ങവിടേയ്ക്കിന്നായിടാമനുഗ്രഹം."
മറിയം മുന്നേനടന്നറിയാനത്ഭുതത്തെ
പിരിയാതെല്ലാവരും ആശ്വാസനാഥന്നൊപ്പം.
എത്തിയാ ഗുഹയ്ക്കരികത്തിലായ് സകലരും
മാർത്തയടുക്കലെത്തീട്ടിങ്ങനെ മൊഴിഞ്ഞവൾ:
"നാലുദിനങ്ങളായി അടുക്കാനാകാതിപ്പോൾ
വല്ലാതെനാറുന്നുണ്ടാം, മാറാത്തവ്യാധിയുണ്ടാം.."
ഈശനവളോടോതി "വിശ്വാസെബലപ്പെടൂ..
ഈശ്വരനുള്ളിലെങ്കിലീവിശ്വേയെന്തസാദ്ധ്യം?,
കല്ലുനീക്കുക..", ക്രിസ്തൻ ജനത്തോടാജ്ഞാപിച്ചു.,
വല്ലഭൻകല്പനയാൽ കല്ലറക്കല്ലുമാറ്റി.
കൺകളുയർത്തീട്ടേശു ഉരചെയ്തിപ്രകാരം:
"എന്റെപിതാവേ, നന്ദിയേകുന്നേൻ പ്രാർത്ഥനയാൽ
എന്റെയാചന നിത്യം ശ്രവിപ്പോൻ നീയല്ലയോ..?,
എന്നാലുമെൻപിതാവേ.., ഈലോകരോർത്തീടുവാൻ,
ദൈവമേ, സർവ്വശക്താ എന്നെനീ അയച്ചെന്നി-
ങ്ങേവരുമറിയുവാൻ ഞാനിതാപറയുന്നു..,
ലാസറേ..., വരിക നീ...., വസിക്കാനീയുലകിൽ..!"
കല്ലറപ്പുറംപൂകി കെട്ടുകളോടെ ലാസർ.
"കെട്ടുകളഴിക്കുവിൻ, സ്വതന്ത്രനാക്കീടുവിൻ,
വിട്ടവൻപോയീടട്ടെ ചൊല്ലീടാനീശൻശക്തി."
യേശുവിൻ വൈരികളന്നത്ഭുതം കണ്ടുഞെട്ടീ-
ട്ടവനെതച്ചൊടുക്കാൻ കൂടിയാലോചനയായ്.
വൻകൃപയാർന്നജനമുത്സവ ലഹരിയിൽ
കൺകണ്ടോരത്ഭുതത്തെ ആനന്ദത്തോടെവാഴ്ത്തി.
ആനന്ദജയഗീതമായിരം കണ്ഠങ്ങളിൽ
മാനവരാഹ്ലാദത്താലീശന്ന് സ്തുതിപാടി.



## 49 പത്ത് കുഷ്ഠരോഗികൾ

**സ**കലേശനന്ദനനേശുതൻ ശിഷ്യരൊ-
ത്തേറുശലേമിലേക്കാകുംവഴി
കുഷ്ഠരോഗത്താൽവലഞ്ഞുള്ള പത്തുപേർ
കഷ്ടതയാലവരായപേക്ഷ,
"യേശുമഹാഗുരോ, ഏഴയാമെങ്ങളി-
ന്നാശയാലങ്ങുകനിയണമേ.."
നിന്നുടനന്നേരമുള്ളലിവുള്ളവൻ
കാരുണ്യപൂർണനായോതീടിനാൻ:
"വെക്കമായ്പോയി പുരോഹിതരോടിന്ന്
തക്കംപോൽകാണിക്കൂ നിങ്ങളെത്തൻ.."

www.malankaralibrary.com



സന്തോഷംപൂണ്ടവരൊന്നായ് കടന്നുപോയ്
ആനന്ദദായകൻ ചൊന്നപോലെ
പോകുംവഴിക്കവരേവരും സൗഖ്യമായ്
രക്ഷകൻവാക്കിൻ പൊരുളുപോലെ.
രോഗവിമുക്തനായ്തീർന്നുള്ളൊരുവനോ
സൗഖ്യമായെന്നങ്ങറിഞ്ഞുടനെ
ദൈവസ്തുതികളുദ്ഘോഷിതനായവ-
നാവതുംവേഗംതിരികെവന്ന്
സ്നേഹവാനേശുവിൻ തൃപ്പാദെകുമ്പിട്ട്
നന്ദിയാൽ ചുംബനമേകിയുടൻ.
സമരിയക്കാരനായുള്ളോനിവനെന്ന
സ്മരണയോടീശനരുളിയന്ന്:
"എങ്ങവർബാക്കിയുള്ളൊൻപതുപേരവർ
മാറിയകുഷ്ഠമറിഞ്ഞുള്ളവർ?,
വിജാതിയനാമിവൻമാത്രമായിങ്ങിഹെ
കൂറോടെ ശീഘ്രം മടങ്ങിയെത്തി..!
വെക്കംനീപോവുക സന്തോഷത്തോടവെ
തക്കവിശ്വാസെ നീ രക്ഷിതനായ്."

## 50 ജറുസലെമിലേക്ക് രാജകീയപ്രവേശം

**യാ**ത്രയായേശു ജറുസലേംപട്ടണെ
യാത്രയങ്ങെത്തുന്നനേരംമുന്നേ
ഒലിവുമലയടിവാരത്തിലെത്തിയോർ
വലിയവചന നിവർത്തിയാകാൻ.
അയച്ചവൻരണ്ടുപേർ, ശിഷ്യരെയങ്ങുട-
"നയൽഗ്രാമത്തിലേക്കായിപ്പോകിൻ..,
കാണുമവിടൊരു കഴുതക്കിടാവിനെ
ഭാണ്ഡങ്ങളേറ്റാ കഴുതയൊന്ന്,
കെട്ടഴിച്ചിങ്ങായി കൊണ്ടുവന്നീടുവി-
നൊട്ടും ഭയമാർന്നിടേണ്ടനിങ്ങൾ,
ആരാനും ചോദിക്കയാണെങ്കിലോതുക
ഗുരുവിനായേകുവാൻ, യാത്രയാകാൻ.."
സന്തോഷപൂർവ്വമങ്ങെത്തിയവരുടൻ
മുന്നമെചൊന്നപോലായവിടെ.
കൊണ്ടുവന്നങ്ങവർ ഗർദ്ദഭമൊന്നിനെ
വിണ്ടലനാഥന് വാഹനമായ്.
വസ്ത്രംവിരിച്ചുമേൽകേറിയിരുന്നവൻ
വസ്ത്രംവിടർത്തി വിരിച്ചുജനം.
ഒന്നിച്ചണഞ്ഞവർ പച്ചിലക്കൊമ്പുമാ-
യൊന്നിച്ചന്നോശാനഗാനംപാടി.
കീർത്തനാലാർത്തുവിളിച്ചവരേവരും
കർത്തനെയുറ്റുസ്നേഹിച്ചിടുവോർ
ആനന്ദഭേരികൾ കേട്ടുവന്നുള്ളവർ
ആനന്ദനൃത്തമതാടിയാടി.
കൊമ്പുവിളിക്കുവോർ, തപ്പുകൊട്ടീടുവോർ
കൊമ്പുമായുല്ലാസ ജയ്‌വിളിപ്പോർ
എല്ലാത്തലമുറ, ഭിന്നതയാർന്നവർ
വല്ലായ്മമാറ്റി വിശുദ്ധിയാർന്നോർ



www.malankaralibrary.com



എണ്ണിയെണ്ണിപ്പറഞ്ഞാദൈവപുത്രന്റെ
എണ്ണിയാൽത്തീരാതുള്ളത്ഭുതത്തെ.
വർണ്ണിച്ചുള്ളാജനസഞ്ചയം നീങ്ങുന്നു
ജറുസലേമിലേക്കായിമോദാൽ.;
''കർത്തന്റെനാമത്തിൽ വന്നുപിറന്നവ-
നുത്തമസ്നേഹദയാലുപരൻ,
പൂർവ്വപിതാമഹ ദാവീദിൻദേശവും
സർവ്വാലനുഗ്രഹമായി വാഴ്ക..;
ദാവീദിൻ പുത്രനിന്നോശാന..'', യെന്നവർ
ദേവാലയത്തിൻ പടിക്കലോളം;
ആർപ്പുവിളികളാൽ കുട്ടികളുച്ചത്തിൽ
കർതൃനാമത്തിൽ സ്തുതിയുതിർക്കെ
''എന്തിവർകാട്ടുന്നു..?'', എന്നുപുരോഹിതർ
ഖേദമോടായന്നുചോദിക്കയാൽ
''ആരാധിച്ചീടട്ടീകുട്ടികൾ, കൂട്ടരും
ആരാധിച്ചീടട്ടിന്നീജനവും,
ഭിന്നതയാർന്നുതടയുവതെങ്കിലോ
ഖിന്നതേലാർക്കുമേയീക്കല്ലുകൾ..''
മറ്റുവഴികളന്നില്ലാതെയായുള്ള
മുറ്റിയ വൈരാഗ്യവൈദീകന്മാർ
ഒത്തുകൂടിയവർ തട്ടുന്നതിന്നായി
ഒത്തുചേർന്നന്നുമേൽ ചിന്തകളായ്.
വൈകിയനേരംവരേയ്ക്കുമന്നാഘോഷ-
മേകിജനങ്ങളന്നേശുവിന്.

## 51 അത്തിവൃക്ഷത്തെ ശപിക്കുന്നു

**പി**റ്റേന്നതിപ്രഭാതത്തിലായ് ശ്രീയേശു
യേരുശലേംപുരി പൂകുന്നേരം
പോകുംവഴിയൊരുപാടം കടന്നവർ
നേരെനടപ്പാത താണ്ടിത്താണ്ടി
കുന്നുംമലയുംപൂമൈതാനവുംകട-
ന്നന്നേവിശന്നുവലഞ്ഞുള്ളവർ
അകലെത്തളിരിട്ടുനിൽക്കുന്നൊരത്തിയിൽ
ഭക്ഷിപ്പാനെന്തേലും കാണുമെന്ന്
ചിന്തിച്ചടുത്തുടനെത്തിയെന്നാകിലും
അത്തിപ്പഴമൊന്നും കണ്ടതില്ല.
ക്ഷുത്തിന്റെ കാഠിന്യത്തള്ളലിലദ്ദേവൻ
ക്ഷുത്താലരിശമാർന്നന്നുചൊല്ലി:
''ആരുമൊരിക്കലും നിന്നിൽനിന്നുഫല-
മൊരുനാളും ഭക്ഷിക്കാതായിടട്ടെ..''
അന്നേരമാമരത്തായ്വേരുതന്നെയും
പറ്റേയുണങ്ങിവരണ്ടൊഴിഞ്ഞു.
അക്കാഴ്ചകണ്ട് പകച്ചൊട്ടുനിന്നവർ
ശക്തനായുള്ളവനെസ്തുതിച്ചു
നിന്നവരാംശിഷ്യരത്ഭുതസ്തബ്ധരായ്
ചൊന്നവ''രെങ്ങനെ..? യെന്തിത്രമേൽ..?''
''നിത്യനെവിശ്വസിച്ചീടുകിൽ നിങ്ങൾക്കും
സത്യമായ്ചെയ്യാമിതിന്നുമേലും,



www.malankaralibrary.com

കാണുംമലയോട് ചൊല്ലുകിൽനിശ്ചയം
കാൺകെ കടലിലോ ചെന്നുവീഴും..,
വിശ്വാസമോടെ ചോദിക്കുകിൽ നിങ്ങൾക്കും
തീർച്ചയതിന്റെ ഫലംനുകരാം..''
''വിശ്വാസമല്ലോ വിളക്കുമനുഷ്യന്
വിശ്വാസംജീവസർവ്വസ്വമല്ലോ..!''

## 52 ദേവാലയ ശുദ്ധീകരണം

**ന**ന്ദനനീശ്വരനന്നുദേവാലയ
മന്ദിരവാതിൽപടികടക്കെ
കണ്ടവനങ്ങായി തിക്കിത്തിരക്കുന്നു
നാണയം മാറ്റുവോർ, വ്യാപാരികൾ,
വഞ്ചനകാട്ടുവോർ, കള്ളത്തുലാസുകൾ,
വഞ്ചന നാവിൽപ്പതിയിരിപ്പോർ.
ചമ്മട്ടിയൊന്നന്നുണ്ടാക്കിയുടനവ-
നമ്മട്ടിലാട്ടിയോടിച്ചവരെ,
തട്ടിമറിച്ചവർ മേശ, കസാലകൾ,
തട്ടിച്ചിതറിത്തെറിച്ചു നാണ്യം,
പ്രാവിന്റെകൂടുകൾ, വ്യാപാരശാലകൾ..
സർവ്വവും വാരിവലിച്ചെറിഞ്ഞു;
ചൊന്നവനുച്ചേ, പ്രഘോഷണമായത്
നിന്നവരെല്ലാം ശ്രവിക്കയായി
''പ്രാർത്ഥനആലയമാകുമീ ഗേഹത്തെ
വ്യർത്ഥകവർച്ചാഗുഹയതാക്കി,
വെക്കമൊഴിഞ്ഞുകടന്നുപോയീടുക
പക്കത്തിലെങ്ങുമടുത്തുകൂടാ..''
എന്തധികാരത്തിലിക്കാര്യം കാട്ടുന്നേ-
നന്നുയഹൂദരങ്ങാരായവെ;
''നശിപ്പിക്കനിങ്ങളീ ദേവാലയമുട-
നുശിരോടുയർത്തുമെ മൂന്നാംദിനെ.''
''മൂന്നുദിനത്തിലുയർത്തുമോ നീയി-
തനേകവർഷത്താൽ പണിതപള്ളി..?''
എന്നാലന്നേശുവോ ചൊന്നതവരോട്
സ്വന്തശരീരമുയിർപ്പതത്രേ.
അനേകരന്നെത്തിയവന്റെ അരികി-
ലനേകരെ സൗഖ്യമാക്കിയയച്ചു.
വിശ്വാസമോടവരേറ്റുപറഞ്ഞേലും
വിശ്വാസമായില്ലവനവരെ.



## 53 മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ

**ഉ**പമയുച്ചാരണാലേകിയവർക്കവൻ
സ്വപിതാവിന്റേതാം വാക്കുകളെ.
നാട്ടുപ്രമാണി, ധനവാനൊരിക്കൽതൻ
നാട്ടിൻപുറത്തെ കൃഷിയിടത്തിൽ
നട്ടു, നനച്ചു, വളർത്തിനിരവധി
മൊട്ടിട്ട മുന്തിരിത്തൈച്ചെടികൾ

www.malankaralibrary.com

വെട്ടിയൊരുക്കി, വളർന്നുവന്നൂമണി-
ഞെട്ടിലായ്തൂങ്ങിയ മുന്തിരികൾ.
കാലികൾകേറാതിരിക്കുവാൻ ചുറ്റിലും
വേലികൾനാട്ടിനൽ ചക്കൊരൊക്കി.
മുന്തിരിക്കായ്ഫലമാകുന്ന വേളയിൽ
മുന്തിരിത്തോട്ടഫലമെടുക്കാ-
നേൽപ്പിച്ചുതക്കതാം കർഷകരായ്ച്ചിലർ
തൽക്കാല വേലസംരക്ഷകരായ്.
കർഷകർതന്നെ വയലേലയേറ്റതി-
ലേറെയുത്സാഹാലവൻമടങ്ങി.
വിളവെടുപ്പിൻഫലകാലത്തവനൊരു
ആളെ വയലിലേക്കായയച്ചു.
ദാസനെ കണ്ടുള്ളമാത്രയിൽ കർഷകർ
ദാസനെ തച്ചുപറഞ്ഞുവിട്ടു.
വീണ്ടുമവനൊരു ഭൃത്യനെവിട്ടേലും
വീണ്ടുമവരായി കല്ലെറിഞ്ഞു.
മറ്റൊരുദാസനെ വിട്ടവർ മദ്ധ്യേയായ്,
കുറ്റംവിധിച്ചു വധിച്ചവനെ.
പുത്രനെമാനിക്കുമെന്നുള്ള ചിന്തയാൽ
പുത്രനെത്തന്നെയയച്ചുടനെ.
"കൊന്നുകളയുക വെക്കമിവനെയും
എന്നാലവകാശമായ്നമുക്ക്."
ചൊന്നത് ചെയ്തന്നെറിഞ്ഞുകളഞ്ഞവർ,
കൊന്നൊഴിവാക്കിയാപുത്രനെയും.
എന്തിനിചെയ്വാനുടമസ്ഥനായവൻ
മുന്തിരിത്തോട്ടം പിടിച്ചടക്കാൻ
കർഷകക്കൂട്ടരെതച്ചോടുക്കി നവ-
കർഷകർക്കേകിയവൻ സ്ഥലത്തെ.
വേലയാർന്നോരന്ന് തള്ളിയതാംകല്ല്
മൂലക്കല്ലായന്ന് ചൊല്ലുമില്ലേ..?
തങ്ങൾക്കെതിരെയാണിക്കഥയെന്നത്
തങ്ങാതെ ചിന്തിച്ച വൈദീകന്മാർ
പങ്കിലമായത് ചിന്തിച്ചുറച്ചിട്ട്
പങ്കപ്പാടാക്കാൻ തുനിഞ്ഞെന്നാലും
പ്രവാചകൻതന്നെയിവനെന്നുള്ളാജനം
തീവ്രമായന്നങ്ങുചിന്തിക്കയാൽ
വൻജനക്കൂട്ടാൽ ഭയന്നുപുരോഹിതർ
ഖിന്നരായിട്ടുടൻവിട്ടുപോയി.



## 54 സീസറിന് നികുതി

**വാ**ക്കിൽകുടുക്കുവാനെന്നായവണ്ണത്തിൽ
തർക്കവഴികളെകണ്ടയൂദർ
തീർത്തൊരുപായവുമായിട്ടവരന്ന്
കർത്തന്റെമുന്നിലായ്ചെന്നുചൊല്ലി:
"സത്യവാനായ നീ നിർഭയമോടിഹെ
നിത്യനാംദൈവവഴിയോതുന്നു,
ചൊല്ലൂമഹാഗുരോ സീസറിനുള്ള
നികുതികൊടുപ്പത് നീതിയെന്നോ..?"


www.malankaralibrary.com

ദുഷ്ടതയാലിവരാകുന്നചോദ്യമ-
നിഷ്ടതകാട്ടാതെ ദൈവപുത്രൻ
''കാട്ടുകനാണയത്തുട്ടൊന്നുയെന്നെനീ
നാട്യമരുതാതെ ചൊന്നീടുക,
ദനാറയൊന്നിതിൻരൂപലിഖിതങ്ങ-
ളാരുടെതാണന്ന് നീ പറയൂ..''
''സീസറിന്റേ''തെന്ന് ചൊല്ലിയായൂദനോ-
ടേശുദേവനുടനോതിമോദാൽ:
''സീസറിനുള്ളത് സീസറിനേകുക,
നിസ്തുലസ്നേഹവാനപ്രകാരം.''
വിസ്മയപൂർവ്വമായ്കേട്ടുഫരിസേയ-
രസ്വസ്ഥതയോടവിടുന്നുപോയി.



## 55 യേശുവിനെ വധിക്കാൻ ആലോചന

**ലാ**സറുയിർത്തുയെന്നുള്ളതാംവാർത്തയാ-
ദേശം ബഥാനിയായിൽമുഴങ്ങി.
വിശ്വാസമോടെയാ കർത്താവിൻതൃപ്പാദ-
മാശ്വാസമോടെവണങ്ങിലോകർ.
കൺകണ്ടയത്ഭുതകാര്യത്താൽ സംഭ്രമ-
മാർന്നചിലരതിമോദംപൂണ്ടു,
വാർത്തയറിഞ്ഞപുരോഹിതരേവരും
വാർത്തയാൽ സംഘംവിളിച്ചുകൂട്ടി.
''കാര്യങ്ങളിങ്ങനെയേറെമുൻചെല്ലുകിൽ
പാരമ്പര്യത്തിനുകോട്ടമാകും.,
വിട്ടുകൂടായ്ക നമുക്കവനെവെക്കം
തട്ടുകതന്നെയേ രക്ഷയുള്ളൂ..,
എല്ലാരുമൊന്നായ് നശിക്കാതിരിക്കുവാ-
നെല്ലാർക്കുമായി മരിക്കയവൻ..'',
എന്നുള്ള വാക്യമുരുവിട്ടുകയ്യാഫാസ്,
അന്നത്തെ മുഖ്യപുരോഹിതനാൾ.
ആദിനമന്നവർ ചേർന്നുവിധിച്ചത്
''ഭീതിവേണ്ടൊട്ടും വധിക്കവനെ..''
കർത്തനീക്കാര്യമറിഞ്ഞതിൻശേഷം
പരസ്യമായെങ്ങുംതൻകർമ്മമാകാ.



## 56 മഗ്ദലനയുടെ തൈലാഭിഷേകം

**പെ**സഹാദിനത്തിനുമുന്നേയവനൊരു
വാസഗൃഹത്തിലന്നായിരിക്കെ
ശുദ്ധപരിമള വെൺകുപ്പിയോടെയാ
ശുദ്ധയാം മഗ്ദലീനങ്ങുവന്നു.
ഓമനമാമിളം മാന്തളിർപോലവൾ
കോമളനായവൻ മുന്നിൽനിന്നു
ഉടുപ്പും ശിരസ്സിലെ ചേലയവളുടെ
മട്ടുമാഭിജാത്യമെച്ചമോതി;



www.malankaralibrary.com

പറ്റേയവൾമേനി നന്നായ് മറച്ചുള്ള
ശ്യാമളമായിളമാടകളെ
പയ്യെപ്പിടിച്ചങ്ങിരുന്നാളിരുമുട്ടിൽ
നല്ലരയന്നപ്പിടകണക്കെ
നിന്നവരേവരുമത്ഭുതസ്തബ്ധരായ്
ഖിന്നതയോടങ്ങ് നോക്കിനിന്നാർ
തങ്ങളിൽ തങ്ങളിൽ തിക്കിത്തിരക്കി
യെന്തിവൾകാട്ടുന്നതെന്നറിയാൻ!
പറ്റിയിരുന്നവൾ, വാർമുടി മെല്ലവെ
കെട്ടീന്നഴിച്ചുവിടർത്തിയിട്ടു
കട്ടിക്കരിവർണ്ണമാർന്നവൾ കാർകൂന്തൽ
മുട്ടിക്കിടന്നിരുപാർശ്വങ്ങളിൽ
കറ്റപോൽകയ്യിലെടുത്തുയെന്നാകിലും
പറ്റാതവൾക്കതൊതുക്കീടുവാൻ.
മുറ്റിയസ്നേഹം മറയ്ക്കുവാനാവതോ
ഏറ്റംസംശുദ്ധതയാർന്നവർക്ക്?
വീട്ടിലായെത്രയും സ്നേഹാലൊളിപ്പിച്ച്
പൂട്ടിവച്ചുള്ളതാം ശുദ്ധനാർദീൻ
തീർന്നുപോമെന്നുള്ളാശങ്കയോടങ്ങവൾ
ആണ്ടിലൊരൽപം പുരട്ടിടുന്നോൾ
പരമേശസൂനുവിനോടുള്ളസ്നേഹത്താൽ
പാരംതന്നാശവെടിഞ്ഞുള്ളവൾ;
സുഗന്ധപരിമള തൈലമൊഴിച്ചുടൻ
മുഗ്ദ്ധമാം ക്രിസ്തൻ ശിരസ്സിലൂടെ.
ശുദ്ധമാംനാർദീൻ പരിമളധാരയിൽ
ശുദ്ധമാംമേനിനനഞ്ഞുലഞ്ഞു.
വർദ്ധിതസ്നേഹാൽ തലോടീശപാദങ്ങൾ
മൂർദ്ധാവാൽമുത്തി മടിയിലാക്കി
പാദംതുടച്ചവൾ കേശത്താലേശുവിൻ,
പാദാന്തികത്തിലിരുന്നനേരം..
നൽത്തെന്നലൊന്ന് കടന്നുവന്നീട്ടുടൻ
സൽസുഗന്ധത്തെപരത്തിചുറ്റും.
''എന്തിനീപാഴ്ച്ചിലവിങ്ങിവൾകാട്ടിയി-
ന്നെന്തുകൊണ്ടീയിതു വിറ്റുമില്ല.?,
എങ്കിൽധനത്താലിവൾക്കെത്ര ദാരിദ്ര്യ
സങ്കടംതീർക്കാൻ കഴിഞ്ഞുവേനെ.''
എന്നുള്ളജല്പനാൽ ശങ്കിച്ചശിഷ്യരോ-
ടന്നുടൻ രക്ഷകനായീവാക്ക്:
''തിങ്ങിയസ്നേഹപരിചരണങ്ങളാൽ
മുങ്ങിയവളിന്നിങ്ങെന്റെ ഹൃത്തിൽ,
വിടുകയവളെ സ്വതന്ത്രയാകട്ടവൾ
തടയേണ്ട ചെയ്തവൾസത്പ്രവർത്തി,
കാണും ദരിദ്ര-രെപ്പോഴുമിങ്ങിഹെ
കാണുകയില്ലഞാനെക്കാലവും,
അചേതനമായയെൻ ദേഹത്തൊഴിച്ചപോ-
ലർപ്പണംചെയ്യുകിവളുകർമ്മം.''



www.malankaralibrary.com

# 57 യൂദാസിന്റെ ഗൂഢാലോചനയും പെസഹായും



**ശ്ലീ**ഹൻമാർ പന്ത്രണ്ടുപേരിലൊരുവനാം
സ്കറിയോത്ത യൂദാസങ്ങന്നൊരിക്കൽ
പുരോഹിതർതങ്ങടെ സംഘത്തിൽ ഹാജരാ-
യവരോടന്നിത്രയുംചൊല്ലിയവൻ:
''നിങ്ങൾതിരഞ്ഞുപിടിക്കാനിരിക്കുന്ന
യെങ്ങൾഗുരുവിനെകാട്ടിയെന്നാ-
ലെന്തുപ്രതിഫലമേകുമേനിക്കിന്ന്..?,
വാഗ്ദാനമായുടൻചൊല്ലിയാലും.''
''മുപ്പതുവെള്ളിതൻ നാണയത്തുട്ടുകൾ,
തപ്പുകൂടാതെ നീ കാട്ടുമെങ്കിൽ..!''
വാഗ്ദാനമേറ്റതിൻ പേരിൽപറഞ്ഞവൻ:
''തക്കത്തിനായിട്ട് കാത്തിരിപ്പിൻ,
ചുംബനമേകുംഞാനെന്റെ ഗുരുവിന്
ചുംബനാൽത്തീരുമെന്നൊറ്റുകർമ്മം.''
കാലത്തെപാർത്തങ്ങിരുന്നവൻയൂദാ-
യവന്റെ ഗുരുവിനെഒറ്റിടുവാൻ.
പെസഹാദിനമതന്നായുള്ള സന്ധ്യയിൽ
പെസഹായൊരുക്കിനെന്നായവണ്ണം
മാളികവീട്ടിലായൊത്തുചേർന്നന്നവർ
നാളിലന്നന്ത്യാഹാരത്തിനായി
അത്താഴമുന്നമേ മേലങ്കിമാറ്റീശോ
വൃത്തിയാക്കീടുവാൻ ശിഷ്യർപാദം.
ശിഷ്യപ്രധാനിയാം പത്രോസ്തടഞ്ഞേലും
ഈർഷ്യയില്ലാത്തവൻ കാൽകഴുകി,
''പരസ്പരം നിങ്ങളും ചെയ്യുകീസത്കർമ്മം
മത്സരമാകാതിരിപ്പതിന്നായ്.''
വാഴ്ത്തിമുറിച്ചവനപ്പമേകീട്ടുടൻ
വാഴ്വോടെ ചൊല്ലിയിതെൻശരീരം'',
പാനപാത്രത്തെയെടുത്തന്നുയർത്തി
''പാനീയമാക്കുകിതെന്റെരക്തം;
പുത്തനുടമ്പടിയാകുമിതേവർക്കും
നിർത്താതെകാക്കുവിതെന്നുമെന്നും.''
അന്തരംഗത്തിലസ്വസ്ഥനായേശുവോ
ചിന്തയാർന്നന്നുടൻ ചൊല്ലിയിത്:
''ഒരുവനെന്നെയിന്നങ്ങൊറ്റീടും ദുഷ്ട-
നവൻപിറന്നില്ലെങ്കിലെത്രധന്യം.,
അവൻകരം ഇന്നിങ്ങീമേശമേൽ നിശ്ചയം
ദുരിതമവന്നോളമാർക്കുമില്ല.''
വ്യക്തമാക്കാത്തതാമാഗുരുവാക്കുകൾ
ശക്തമായ്ചെന്നവർഹൃത്തിലേശി
തങ്ങളിൽ തങ്ങളിൽസംശയത്താലവർ
''തങ്ങളിലാരത്..?, ചൊല്ലിയാലും..''
''അപ്പംമുറിച്ചുഞാനാർക്കുനൽകുന്നുവോ
അപ്പോൾമുതൽക്കവൻ ശത്രുവാകും.''
അപ്രകാരംചൊന്നനേരത്തുടൻതന്നെ
അപ്രിയയൂദയ്ക്കങ്ങേകിയപ്പം;



www.malankaralibrary.com

അപ്പംമുറിച്ചന്നുഭക്ഷിച്ചുടൻ യൂദ
ക്ഷിപ്രേയിറങ്ങിയവിടെനിന്നും.

## 58 വിചാരണ, ശിക്ഷ, മരണം



**ഗു**രുവായയേശുവാശിഷ്യരുമൊത്ത-
ന്നരുവിയാം കെദ്രോനക്കരയിലെത്തി,
ഏറെനേരമന്നങ്ങാകുന്നമുന്നമേ
ഒറ്റുന്നോനോപ്പം പടയുമെത്തി
മുപ്പതുവെള്ളിതൻ നാണയത്തുട്ടാല-
ന്നപ്പനെയൊറ്റുകൊടുത്തയൂദ
കുന്തം, കുറുവടി, പന്തങ്ങളാലവൻ
സ്വന്തം ഗുരുവിനെതേടിയെത്തി.
മുന്നമേചൊന്നടയാളത്തിനായവൻ
പുന്നാരമുത്തമൊന്നേകിച്ചൊല്ലി:
“സത്ഗുരുവാകുമെന്നേശുവേ സ്വസ്തിനീ
സദ്ഗുണസമ്പൂർണ്ണനീശനല്ലോ..?”
എന്നതുകേട്ടുടൻ സകലേശനന്ദനൻ
ഖിന്നനായിട്ടുടൻചൊല്ലിയന്ന്:
“ഗുരുവാകുമെന്നെനീ ചുംബനത്താലിന്ന്
ഒറ്റുകൊടുക്കുവതായിടുന്നോ..?”
ബന്ധിതനാക്കി വിചാരണയാക്കുവാ-
നന്ധകാരത്തിന്റെ വാക്കുകേൾക്കെ
പെട്ടെന്നുപത്രോസ് വാളെടുത്താഞ്ഞൊരു
പട്ടാളക്കാരന്റെ നേർക്കുവീശി
മുന്നോട്ടുടനാഞ്ഞസൈനികൻ മൽക്കോസിൻ
കർണ്ണത്തിൻമേലെ പതിച്ചഖഡ്ഗം.
പുരോഹിതഭൃത്യന്റെ കർണ്ണംമുറിഞ്ഞിട്ട്
ചോരവാർന്നാച്ചെവിയറ്റുവീണു.
ഞെട്ടറ്റുവീണുള്ളപത്രംകണക്കയ്യോ!
വെട്ടേറ്റുവീണു വലതുകർണ്ണം.
“അരുതരുതേയെൻ പിതാവെനിക്കേകിയ-
തേതുമേസ്നേഹാൽ ഭുജിച്ചിടേണ്ടേ..?,
പത്രോസേ.., വാളങ്ങുറയിലിട്ടീടുക
ശത്രുതവേണ്ട ക്ഷമിക്കയിപ്പോൾ,
വാളെടുക്കുന്നവൻ വാളാൽമരിക്കുമെ
ആളരുതക്രമചിന്തകളാൽ..,
അപേക്ഷയാൽ തൻസേനതന്നെതരുവാ-
നുപേക്ഷകാട്ടാത്തവനെന്റെ താതൻ.”
തന്നെതിരായുള്ളശത്രുവിൻനേരെയ-
ന്നൻപോടെ കാരുണ്യമാർന്നനാഥൻ
താഴെവീണുള്ളതാം കർണ്ണപടംമൂടി
വാഴ്വോടെവച്ചുടൻ മൽക്കോസിനായ്.
“എന്തിനീരാവിലെൻ വൈരികളെന്നപോ-
ലെന്നെപിടിപ്പതിന്നായിവന്നൂ..?,
നിത്യവുംനിങ്ങടെ മദ്ധ്യേയിരുന്നുഞാൻ
സത്യപാഠങ്ങളുരുക്കഴിച്ചു!?,
പൂർത്തിയായീടട്ടിന്നിപ്പോൾ സകലരു-
മരുളിയവാക്കുംവചനങ്ങളും.”



www.malankaralibrary.com

ഭയമാർന്ന ശിഷ്യരെല്ലാവരുമോടിപ്പോയ്
ദയയില്ലാമാനവർക്കൊപ്പമേശു.
ക്രൂരമുഖവും പടച്ചട്ട ചാട്ടവാർ
പാരം ഭയങ്കരമയ്യോ! കൈയിൽ
വാളുംപരിചയും കുന്തംകുറുവടി
ആളുകളൊത്തുചേർന്നങ്ങുനിന്നു
കാളുന്നപന്തങ്ങൾ തീവെട്ടികളിവ
മേളിച്ചവെട്ടം പരത്തിചുറ്റും
കഷ്ടമാപുണ്യവാൻ ചുറ്റും നിരന്നവർ,
ദുഷ്ടയഹൂദവരേണ്യവർഗ്ഗം.
ബന്ധിതനായുള്ളഖിലേശപുത്രനെ
വിധിപ്പാനായവർ കോപ്പുകൂട്ടി.
പുരോഹിതമുഖ്യനാം കയ്യാഫാസ് സന്നിധേ
ആരോപണങ്ങളാലെത്തിയവർ
മന്ത്രാലയത്തിന്റെ മുറ്റത്തിനറ്റോളം
പത്രോസും കൂടെയനുഗമിച്ചു;
ആധിയാലന്നവൻ കാര്യംഗ്രഹിക്കാനായ്
ഭീതിയോടിങ്ങുവിദൂരെനിന്നു.
മുഖ്യപുരോഹിതൻ കയ്യാഫാസ്മുൻപിലായ്
തസ്കരനെന്നപോൽദൈവപുത്രൻ
നിന്ദയോടായവൻ ചോദ്യങ്ങളോരോന്നായ്,
നിന്ദിച്ചൊടുക്കുവാനീശ്വരനെ.
"സാക്ഷികളായിവർ നിൽപ്പൂനിൻചുറ്റിലും
സാക്ഷ്യമിതെല്ലാമേസത്യമെന്നോ..?,
കാണുന്നീയാലയം തച്ചുടച്ചീടുകിൽ
വീണ്ടുംപണിഞ്ഞീടുമെന്നുചൊന്നോ..?,
മൗനമവൻവിട്ടിടായ്കയാൽ കയ്യാഫാസ്
വാനവപുത്രനോടുതുടർന്നു
നിശബ്ദനായ് നീയെന്തുനിൽക്കുന്നു ചൊല്ലൂ-
അശ്ശേഷവും ചൊല്ലുവാൻവാക്കുമില്ലേ..?,
ദൈവത്തിൻനാമത്തിൽ ചോദിപ്പൂനിന്നോട്
ദൈവപുത്രനാകും ക്രിസ്തുവോനീ?"
"ചൊല്ലുന്നുനീതന്നെ, സർവ്വേശനന്ദനൻ
വലതുവശത്തായിരിക്കും നൂനം.,
വാനത്തിൽ വേഗമിങ്ങാഗമിക്കുന്നവൻ
വാനവർ മദ്ധ്യേയിരുന്നരുളും..",
"സാക്ഷികൾവേണ്ടിനി, ദൂഷണം ചൊല്ലുന്നോൻ,
ഭൂഷണമാകായിനിയിരുന്നാൽ.
"എന്തിവനേകണ" മെന്നവൻചോദിക്കെ
"ചിന്തിക്കാ.., ക്രൂശിക്ക..."യെന്നവരും.
ഘോരമീശബ്ദങ്ങൾ മാറ്റൊലിക്കൊണ്ടഹോ!
ദൂരത്തിരുട്ടുമലറിടുന്നു.
ശിക്ഷാർഹനായവന്നന്ത്യത്തിനായവർ
കഷ്ടത്തിലാക്കി മുഖത്തടിച്ചും
ശുദ്ധിയില്ലാത്തഹങ്കാരത്തിൻ ഭാഷയിൽ
ക്രുദ്ധിച്ചസഭ്യങ്ങൾ ചൊല്ലിച്ചൊല്ലി
തുപ്പിയുംതട്ടിയും, "ക്രിസ്തുവേ, ചൊല്ലുനി-
ന്നപ്പുറം തല്ലിയതാരെന്നുടൻ.."
ഇങ്ങനെഓരോരോ മ്ലേച്ഛതയാലവർ
തങ്ങാതെരാജന്റെ മുന്നിലെത്തി.




www.malankaralibrary.com

യൂദയാരാജൻ പിലാത്തോസുമുൻപിലായ്
വാദമുയർത്തുവാൻ നിർത്തിയവർ
കുമ്പിടും വന്ദ്യനങ്ങിപ്പീറയൂദരിൻ
മുമ്പിൽ തലതാഴ്ത്തിനിന്നുവല്ലോ!,
ഇപ്പാരിതിങ്ങിതിലേറ്റപരിഹാസം
അപ്പാ, നീയെങ്ങളിൻ പേരിലല്ലോ.
ദേശാധിപതിയാമാനൃപൻ ചോദിച്ചു:
''യേശുവേ.., യൂദരിൻരാജനോനീ...?''
''നീതന്നെചൊല്ലുന്നു..'', എന്നുള്ളതല്ലാതെ
യാതൊന്നും ചൊല്ലാതാദേവാത്മജൻ.
ആശ്ചര്യമോടുടൻരാജൻ കല്പിച്ചിത്:
''യേശുവിൽകുറ്റംഞാൻ കാണുന്നില്ല..''
ഇല്ലായ്മചൊല്ലിയെന്നാകിലും പീലാത്തോ-
സില്ലാക്കഥകളവിശ്വസിച്ചു.
''ഗലീലിനാട്ടിലിന്നാകെയെഹൂദിലും
വല്ലായ്മയാക്കുന്നിവൻജനത്തെ..''
എന്നുടനാശയം ചൊല്ലിയെഹൂദർ
മന്നവനായവനെപുകഴ്ത്തി.
''ഗലീലിയനാകയെന്നാകിലുടനടി
ഗലീലിരാജനെചെന്നുകാണിൻ.''
ഗലീലിനാട്ടിലെ മന്നവനെന്നത്
മാലെഴും ഹെറോദേസായിരുന്നു.
ഹെറോദേശ് രാജന്നടുക്കലേക്കായവർ
നസ്രേയനായവനെത്തെളിച്ചു.
പടയാളിഒപ്പമണിചേർന്നരചനും
മടിയില്ലാ പരിഹാസമായവിടെ.
''അത്ഭുതംകാട്ടുന്നവനെനീകാട്ടുനി-
ന്നത്ഭുതവേലകളിൽചിലത്..!'',
അധിക്ഷേപാലാക്ഷേപഹാസ്യം ചൊരിഞ്ഞു
''വധിക്കവനെ..''ന്നുജനങ്ങൾ ചൊല്ലി.
അന്ത്യവിധിപീലാത്തോസുനടത്തുമെ-
ന്നന്ത്യത്തിലായിട്ടവൻ വിധിച്ചു.
ചെമ്പട്ടുചേലയുടുപ്പിച്ചവരവ-
നമ്പോറ്റിരാജനെന്നാർത്തലച്ചു.
പിന്നെയുമെത്തി പിലാത്തോസവിധത്തി-
ലെണ്ണിപ്പറഞ്ഞവർ കുറ്റപത്രം.
എങ്കിലും വിസ്താരവേളെ, പിലാത്തോസ്
പങ്കിലമായവയില്ലെന്നാലെ
''ചമ്മട്ടിതന്നാലിവനെയടിച്ചിട്ട്-
അമ്മട്ടിലീയാളെ വിട്ടയയ്ക്കാം..!''
എന്നതുകേട്ടവരുച്ചസ്വരത്തിലായ്
ചൊന്നത് ''ക്രൂശിക്ക.., ക്രൂശിക്കെന്ന്.''
ആരെതാൻ വിട്ടുതരേണമെന്നാരാ-
ഞ്ഞരചനോടായവരായിച്ചൊല്ലി:
''വിട്ടുതരിക ബറബാസിനെയിപ്പോൾ
തട്ടവൻ, ക്രിസ്തുവിനെയുടനെ.''
നിർബന്ധമോടെഅലറിവിളിച്ചിട്ട്
സമ്മർദ്ദമേറ്റിക്രൂശിച്ചിടുവാൻ.
നീതിനിണത്തിന്റെ പങ്കില്ലാതായീടാൻ
ഭീതിപൂണ്ടരചൻ കൈകഴുകി.




www.malankaralibrary.com

''എങ്കിലാ പങ്കിലപാപചുടുനിണം
തങ്ങളിലാകട്ടെ..'' എന്നുയൂദർ.
വിട്ടുകൊടുത്തു ബറബ്ബാസിനെയുട-
നിട്ടുക്രൂശിക്കുവാൻ ക്രിസ്തനേയും.
പ്രിത്തോറിയത്തിലേക്കേറ്റവരേശുവി-
നേകിയവരൊരുമുൾക്കിരീടം.
യാത്രയായന്നുടൻ ക്ലേശതയാലെയാ-
മാത്രയിൽ ഗോൽഗോഥമേലെയെത്താൻ.
കിറേനെക്കാരൻശിമയോനന്നാവഴി
ക്രൂശുചുമക്കാൻ സഹായിയായി.
ക്രൂശുവഹിച്ചവൻ ക്രിസ്തന്റെപിന്നാലെ
ദീർഘമാംയാത്രാവഴിനടന്നു.
വൻജനക്കൂട്ടമലമുറയോടെയ-
വനുടെയാത്രേലുണ്ടായിരുന്നു.
''വിണ്ടലനാഥന്നരുമസന്താനമേ
ഇണ്ടലകറ്റുവാനിങ്ങുവന്നോൻ,
കുണ്ടിൽപ്പതിച്ചുകിടന്നവരെത്രയോ
ഉൺമയാർന്നുള്ളാലനുഗ്രഹമായ്,
വിണ്ണിന്റെ സൗരഭപുഷ്പമേയേൽക്കുമീ
ദണ്ഡങ്ങളെത്ര കഠിനതരം''
പിൻതിരിഞ്ഞന്നവർനേരെയവൻചൊല്ലി
''എന്നേപ്രതി നിങ്ങൾക്കാധിവേണ്ട..,
എന്തിനുകേഴുന്നു ദീനതയാലിന്ന്
എന്തിനുഖേദിക്കുന്നെന്റെപേരിൽ
കരയുകമക്കളിൻപേരിലുംനിങ്ങളീ-
യരുതാത്തിവരുടെ വേലയിലും
പച്ചമരത്തിനോടിങ്ങനെയെന്നാകിൽ
പച്ചയല്ലാത്തതിനെത്രയോളം..?''
ഗോൽഗോഥകുന്നിൻ നെറുകയിലായവർ
ബലിപീഠംപോലെകുരിശുവച്ചു.
പൊൽപാദഹസ്തങ്ങൾ നീട്ടിവലിച്ചവ-
രലിവുള്ളനാഥനെക്രൂശിലേറ്റാൻ
കാരിരുമ്പാണിയടിച്ചവൻ കൈമേലെ
കാരുണ്യംകാട്ടാതാകാൽകളിലും
എത്രനിരാശ്രയർക്കായവൻതൻപാണി
മാത്രയിൽനീട്ടിയതെന്നാകിലും
ആണികളല്ലയോസർവ്വേശസൂനൂ, നിൻ
പാണിയിൽനന്ദിയോടേകിയത്.
ശിരോലിഖിതമൊന്നങ്ങായന്നവൻമേലെ
''നസ്രായനായിവൻ യൂദർരാജൻ.''
കുറ്റവാളികളിരുവരെക്കൂടെയാ
കുറ്റമില്ലാത്തവനൊപ്പമായി;
ഇടത്തുംവലത്തുമായ് ക്രൂശിച്ചിരുവരെ
ഇടയിലാസർവ്വേശസൂനുവിനെ.
ദുഷ്ടരായുള്ളോരിരുകള്ളരായൊരാൾ
ദുഷ്ടലാക്കോടെ കഥിച്ചുടനെ:
''ക്രിസ്തുവാംരക്ഷകാ.., തന്നെരക്ഷിക്കുക,
തസ്കരരായുള്ള ഞങ്ങളേയും.''
അപരനവനെശകാരിച്ച് ചൊന്നിത്:
''അപരാധമേറെപറയരുത്..,




www.malankaralibrary.com

തെറ്റുനീചെയ്തതിൻ ശിക്ഷയീക്രൂശിന്മേൽ
തെറ്റുചെയ്യാത്തിവനെന്തുപേരിൽ..?,
കർത്താവേ.., നീ നിന്റെ ദേശത്തിലെത്തവെ
മർത്ത്യനാമെന്നേയുമോർത്തിടണേ..!''
ഉള്ളലിവുള്ളവൻ ചൊന്നന്നവനോട്:
''തള്ളില്ല.., നീ കാണുമെന്റെകൂടെ.''
ദാഹിക്കുന്നെന്നവൻ ചൊന്നുടൻ നേരത്ത്
''ദാഹം നിനക്കോ..!''യെന്നാരഞ്ഞവർ,
ദാഹാർത്തനായ പരമേശപുത്രന്
പരിഹാസമായവരട്ടഹാസം
വിനാഗിരിയേകിയെന്നാകിലും യേശുവാ-
പാനീയമൊട്ടുംനുകർന്നുമില്ല.
കുറിയിട്ടെടുത്തവർ ക്രിസ്തന്റുടയാട,
മറുവാക്കുചൊല്ലിയെതിരാളികൾ:
''മറ്റുള്ളോരേവരേം രക്ഷിക്കുംനാഥനേ.,
പറ്റീടിൽ നീസ്വയം രക്ഷിക്കുക.''
ആവഴിപോയപുരോഹിതരേവരും
ആവുംവഴിയാലപഹസിച്ചു:
''മൂന്നുദിനംകൊണ്ട് പള്ളിപണിയുവോൻ
നിന്നെ രക്ഷിച്ചിങ്ങിറങ്ങിവരൂ.,
എങ്ങുനിൻ രക്ഷകാ, നിന്റെ രക്ഷാടനം..?
ഞങ്ങളുകണ്ടുവണങ്ങീടട്ടെ.''
ആറാംമണിമുതലൊമ്പതാകുംവരെ
മുറ്റാന്ധകാരത്തിലാണ്ടുഭൂമി;
കാലത്തിലൊമ്പതിലായീനിലവിളി:
''എലോയ്.., എലോയ്.., ലാമാ സബക്ത്താനി.''
മുന്നമേനിന്നവർ കേട്ടുനിനച്ചത്
''ഇന്നിവൻകാക്കുന്നു ഏലിയായെ,
നോക്കാംനമുക്കിപ്പം ഏലിവരുന്നതും
രക്ഷിപ്പാനായുന്നതും കാത്തിടാം.''
''പിതാവേ., എൻജീവനെഅങ്ങേകരങ്ങളിൽ
മോദമോടായി സമർപ്പിക്കുന്നു.''
രക്ഷകനുച്ചേ നിലവിളിച്ചിങ്ങനെ,
അക്ഷണേതന്നെ വെടിഞ്ഞുപ്രാണൻ.
പെട്ടെന്നുപ്രകമ്പനത്താൽ നടുങ്ങിപ്പോയ്
വെട്ടിയവെള്ളിടിയാലെ ഭൂമി,
ദേവാലയത്തിനങ്ങുള്ളിൽ മറശീല
മേൽമുതൽരണ്ടായികീറിമാറി,
പാറപിളർന്നു, കുടീരമൊഴിഞ്ഞു,
ദേഹംപലതുമുയിർത്തെണീറ്റു,
ശുദ്ധിയാർന്നുള്ളവരങ്ങോളമിങ്ങോള-
മുത്ഥാനശേഷം പ്രത്യക്ഷരായി.
ഭയമോടെനിന്നുശതാധിപൻ, സംഘവും
വിറയാർന്നുചൊന്നി''വൻദൈവപുത്രൻ.''
സന്ധ്യാസമയമന്നേറുന്ന മുന്നമെ
ധനികനാംജോസഫങ്ങെത്തിയുടൻ
ചെന്നവൻ പിലാത്തോസിന്നരികത്തിലായ്
ചൊന്നവൻ ''തരികയവൻശരീരം''
''ഇത്രയുംവേഗേന ജീവൻ വെടിഞ്ഞുവോ..?''
വാർത്തയറിഞ്ഞവൻ വിസ്മയിച്ചു!



www.malankaralibrary.com



തീർച്ചയാക്കീടാനയച്ചവനങ്ങുടൻ
തീർത്തുമടുത്തശതാധിപനെ.
വിട്ടുകൊടുക്കുവാൻ കല്പനകേട്ടുടൻ
പെട്ടെന്ന് ജോസഫുംകൂട്ടുകാരും
ക്രൂശിലായ്ജീവനൊഴിഞ്ഞമഹാഗുരു
ഈശനെക്രൂശീന്നെടുത്തുമാറ്റി,
കച്ചപുതച്ചുമറച്ചവൻ ദേഹത്തെ
മെച്ചമാർന്നുള്ളോരറേലടക്കി,
വൻപനായുള്ളൊരു കല്ലുകൊണ്ടായറ
മുന്നമെവച്ചങ്ങറയടച്ചു.
പിറ്റേന്ന് പുലരുന്നമുന്നേപുരോഹിതർ
ഫരിസേയരൊപ്പമെത്തിസന്നിധേ
‘‘വഞ്ചകനാമേശുചൊന്നുമൂന്നാംദിനെ
നിശ്ചയമായുമുയിർത്തെണീക്കും
ശിഷ്യരവന്റെയനുചരന്മാരവർ
മോഷ്ടിച്ചൊളിക്കുമവന്റെദേഹം,
മരിച്ചവനുത്ഥാനം ചെയ്കയെന്നാകിലോ
മാരകമാകുമാ വഞ്ചനയാൽ.,
ആയതാൽവെക്കംനാം കാവലാക്കീടണം
അല്ലായ്കിൽ മാനക്കേടാകും നൂനം.’’
‘‘നിങ്ങളായ്കാവലെ നിർത്തുക’’, ചോല്ലിയാ
പീലാത്തോസ് കയ്യൊഴിഞ്ഞന്നുവീണ്ടും.
മുദ്രയാൽ പൂട്ടിയടച്ചവർകല്ലറ
മുദ്രയ്ക്കുകാവലുമേർപ്പെടുത്തി.
ആഴ്ചയിലാദ്യദിനമന്നുമഗ്ദലം,
മറിയവുമൊന്നിച്ചതിരാവിലെ
കല്ലറേലെത്തിയനേരത്തെ ഭൂകമ്പം
കല്ലറമുദ്രയിളക്കിമാറ്റി.
സ്വർഗ്ഗീയവാനവൻ വന്നിറങ്ങിയുടൻ
കല്ലറക്കല്ലങ്ങുരുട്ടിമാറ്റി.
മിന്നലെ വെല്ലുന്നൊളിയൊത്തൊരുദൂതൻ
വന്നിരുന്നന്നൊരുകല്ലുമേലെ.
വിറപൂണ്ടകാവൽക്കാർ മൃതരെന്നപോലവെ
മരണഭയത്താലന്നോടിപ്പോയി,
കൺകണ്ടയത്ഭുതകാര്യങ്ങളെല്ലാമെ
ചൊന്നുപുരോഹിതരെല്ലാരോടും
‘‘അല്ലല്ല!!ചൊല്ലായ്ക പരമാർത്ഥമെങ്ങുമെ
ചൊല്ലുക ശിഷ്യരെടുത്തുഗാത്രം.’’
പണത്താൽ മറച്ചവർ കൺകണ്ടതാംപൊരു-
ളെന്നുംമറയുമോആധനത്താൽ..?
ഹാ!, നീചരാകുമീ മർത്യർക്കുരക്ഷയായ്
മാനവനായുള്ള ദൈവപുത്രാ
താവകനൽസ്നേഹ ബാലപാഠങ്ങളെ
ജീവിതമാക്കാൻ വരമേകണേ..



## 59 യൂദായുടെ അന്ത്യം

**ശി**ക്ഷാവിധിയാലുള്ളാധിയാൽ തൻഗുരു
കഷ്ടമാകുന്നതുകണ്ടയൂദ

www.malankaralibrary.com



ഒറ്റിൻപ്രതിഫലമായനാണ്യങ്ങളെ
കുറ്റമായ്തോന്നിത്തിരികെയേകാൻ
ചെന്നുപുരോഹിതമുഖ്യന്റെ മുന്നിലാ-
യൊന്നില്ലാതെല്ലാമന്നേകിച്ചൊല്ലി:
"കളങ്കരഹിതനെഒറ്റിഞ്ഞാൻ നേടിയ
കളങ്കിതമായയീ വെള്ളിനാണ്യം,
ഏൽക്കുക നിങ്ങൾ പുരോഹിതരേവരും
തീർക്കുക എൻകടഭാരങ്ങളെ."
"എന്തുനീകാട്ടുന്നു യൂദാ.., നീ ഈപ്പണ-
മെന്തുചെയ്യുന്നതും നിന്റെകാര്യം."
എന്നതുകേട്ടുള്ള യൂദാസ്കറിയോത്ത
ഖിന്നതയേറിയിട്ടന്നുടനെ
വെള്ളിനാണ്യക്കിഴി ദേവാലയത്തിന്റെ
ഉള്ളിലേക്കായിവലിച്ചെറിഞ്ഞു.
തൻവിധിയോർത്തു തലതല്ലിക്കേണവൻ
തന്നന്ത്യമാക്കുവാനായ്ശ്രമിച്ചു.
അന്ത്യത്തിനായിട്ടന്നൊറ്റുകാരൻയൂദ
അന്ത്യവിധിയായി കെട്ടിഞ്ഞാന്നു.
കെട്ടുമായ്ചാടിയങ്ങാടിക്കിടന്നവൻ
കെട്ടുപൊട്ടിവീണ് വയറുപൊട്ടി,
പൊട്ടിയ വയറിന്നകമേയങ്ങായുള്ള
കുടൽമാലയെല്ലാം പുറത്തുചാടി.
അധർമ്മത്തിനുതകുന്നതായപ്രതിഫലം
വിധിയായീലോകത്തിലേകുമീശൻ!,
കർമ്മങ്ങളത്രയും നേരാക്കിമാറ്റുകിൽ
ധന്യമായ്ത്തീരുമീലോകജന്മം.
കിട്ടിയകാശിൻ പുരോഹിതചിന്തയാൽ
കിട്ടിയവർക്ക് കുശവൻസ്ഥലം.
വിദേശികൾതങ്ങടെ അന്ത്യപ്പറമ്പായി
അന്ത്യമായാവെള്ളി നാണയങ്ങൾ..!

## 60 ഉയിർപ്പുദിനം

**സു**പ്രഭാതത്തിൻതങ്കപ്പീലിയാൽ ദിനകരൻ
തഴുകിത്തലോടുവാൻ നേരമന്നാകുമുന്നേ
ഇരുട്ടിൽ തപ്പിത്തപ്പി തടഞ്ഞുംതട്ടിവീണും
തന്വിയാംമഗ്ദലന കല്ലറയ്ക്കരികെത്തി.
ഗുരുവിൻകല്ലറയിൽ മുട്ടിലായിരിക്കണം,
മരുവാം മനസ്സിനാശ്വാസമിറ്റായീടണം.
തീരാത്തവിസ്മയത്താൽ സ്തബ്ദയായ്! തീർന്നിട്ടവൾ
നിശ്ചലശിലകണക്കവിടെ നിന്നുപോയി!
ആരാരികഠിനമാം പാതകംചെയ്തീരാവിൽ
മരിച്ചാലുംതീരൂല്ലെ പാതകകൊടുംകർമ്മം?
പുറമെകല്ല്നീക്കീട്ടരികെ ചാരിവച്ചി-
ട്ടാരെങ്ങ്മാറ്റിയെന്റെ ഗുരുവിൻദിവ്യഗാത്രം..?
ഒട്ടുംതാമസമെന്യേ ഓടിയാൾമേരിമഗ്ദൽ
വിട്ടകന്നുള്ളാഗുരുശിഷ്യരടുക്കലേക്ക്.
ചൊല്ലിയാൾവിറപൂർവ്വം, മാറത്തടിച്ചുകൊണ്ട്
"മൽഗുരു, ക്രിസ്തൻദേഹം കല്ലറയ്ക്കകത്തില്ല..,

www.malankaralibrary.com

എങ്ങവർനീക്കിവച്ചു..? എന്തിനീക്രൂരകർമ്മം..?
അയ്യയ്യോ! സഹിക്കാനീയേഴയാമെനിക്കാക..''
അണച്ചുവശംകെട്ടാനാരിതൻമൊഴികേട്ട-
ന്നുടനെ യോഹന്നാനാകല്ലറേലോടിയെത്തി.
കുനിഞ്ഞുനോക്കിയവൻ കച്ചയുണ്ടവിടെയായ്;
ഭയന്നുംവിറയാർന്നുമുള്ളിലേക്കാഞ്ഞതില്ല.
പത്രോസങ്ങുടനെത്തി കല്ലറയ്ക്കകംപൂകി
ഭയന്നങ്ങകന്നതാം ശിഷ്യനുംകൂടെക്കൂടി.
തങ്ങൾ കണ്ടതാമെല്ലാക്കാര്യവും ചൊന്നിടാനായ്
മറ്റുള്ളോരരികിലേയ്ക്കായർ പാഞ്ഞുടനെ
കല്ലറപ്പുറമേയായ് ചെറിയപാറമേലെ
കൊടിയവിഷമത്താൽ മേരികരഞ്ഞിരിക്കെ
സൂര്യനെവെല്ലുംശോഭ പരന്നാകല്ലറയിൽ
കാര്യമെന്തന്നറിയാനാകാംക്ഷയോടവളും
കല്ലറയ്ക്കകമേയാപാറയുള്ളതിൻമേലെ
വല്ലാത്തവിറയലാൽ മേരിയങ്ങൊന്നുനോക്കി.
ശുഭ്രമാംവസ്ത്രം ധരിച്ചിരിപ്പുണ്ടിരുദൂതർ
ഒരുവൻതലയ്ക്കലുമപരൻ കാൽച്ചോട്ടിലും.
വാനവരിരുവരും ചോദിച്ചന്നവളോട്
''നാരിനീ കരയുവതെന്തിന്നുവെറുതിഹെ..?''
''ഇതെന്റെ ഗുരുനാഥന്നന്ത്യവിശ്രമസ്ഥലം,
ആരാരോ കൊണ്ടുപോയെന്നീശ്വരൻ തിരുഗാത്രം.''
''ജീവിച്ചിരിക്കുന്നോരെ മരിച്ചുള്ളോർക്കിടയിൽ
എന്തിനുതിരയുന്നു..? അവനോ.. ഉയിർത്തുപോയ്..!''
കാലടിയൊച്ചയുടൻ കേട്ടവൾതിരിഞ്ഞപ്പോ-
ളങ്ങതാശുഭ്രവസ്ത്രധാരിയാം ദൃഢഗാത്രൻ.
''എന്തിനെൻ തന്വിനീയിങ്ങിരുന്നുകരയുന്നു..?,
ആരെനീയിപ്രഭാതെ അന്വേഷിച്ചലയുന്നു..?''
തോട്ടത്തിന്നുടയവനായുള്ളോനവനെന്ന്
നിനച്ചാമേരിയപ്പോൾ ചോദിച്ചങ്ങവനോട്:
''എങ്ങുനീ കൊണ്ടുപോയെൻ ഗുരുവിൻമൃതദേഹം,
അങ്ങൂന്നേനെടുത്തോളാം പ്രഭോ.., നീ മൊഴിഞ്ഞാലും.''
പണ്ടുതാൻ പൂശിയതാം നാറുദീൻ തൈലത്തിന്റെ
സുഗന്ധനറുമണം ചുറ്റിലുംചുറ്റീടുന്നു.!!
''മറിയം..!'' വിളികേട്ടു, ''റബ്ബോനി..!''യെന്നവളും
മറുവാക്കായിഗുരു: ''എന്നെനീതടുക്കാതെ..,
പോയിനീ ചൊല്ലീടുകെൻ ശിഷ്യരോടിപ്രകാരം:
പിതൃഭവനത്തിങ്കൽ ഞാനുടൻപോയീടുന്നു..''
വർദ്ധിതസ്നേഹാലവൾ ശിഷ്യരെകാണാനോടി
കൺകണ്ടോരത്ഭുതത്തെ ചൊന്നവളവർമുൻപിൽ.




# 61 എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ

**ശി**ഷ്യരായുള്ളരണ്ടാളുകളാദിനേ
ലക്ഷ്യമായെമ്മാവൂസ് പോകുംവഴി
യേശുവിൻ പീഡനകാര്യങ്ങളാലവർ
സംസാരമദ്ധ്യേവാദങ്ങളായി.
കർത്തനന്നെത്തിയവരുടെ കൂടെയാ-
യാത്രികനെഅറിയാതവരും

www.malankaralibrary.com

ചൊല്ലുവതെന്തെന്തുകാര്യങ്ങളെന്നവൻ
വല്ലാതുള്ളാശങ്കേലാരായവെ
എന്തുനീചൊല്ലുന്നീമൂന്നുദിനങ്ങളി-
ലെന്തെല്ലാം നീചകർമ്മങ്ങളിങ്ങ്!
ഇക്കാര്യംതെല്ലുമറിയാത്തനീയിങ്ങീ
ദിക്കിൻപരിചിതനല്ലയെന്നോ?!
വാക്കിലുംകർമ്മപഥത്തിലുംയോഗ്യനായ്
ശക്തപ്രവാചകനേശുവിനെ,
പുരോഹിതരായവർ, നേതാക്കളുന്നതർ
പരിശുദ്ധനെ ക്രൂശിലേറ്റിയിഹെ,
രക്ഷാപ്രതീക്ഷയിലായയിസ്രേല്യരോ
രക്ഷകനാമിവനെന്നുതോന്നി.
നാരികൾ, മൂന്നാംദിനമിന്നുരാവിലെ
കല്ലറേലെത്തിസുഗന്ധങ്ങളാൽ
കാണുവതായില്ലവൻദേഹമുള്ളിലായ്..
വീണുകരഞ്ഞവിടായിരിക്കെ
ദർശനമേകിയദൂതരാമുന്നത-
രരുളിയിന്നേശു ഉയിർത്തുവെന്ന്
ഇത്തരംവാക്കുകൾകേട്ടതാംശ്ലീഹന്മാ-
രെത്തികബറിന്നരികെയോടി
ചുറ്റിപ്പൊതിഞ്ഞന്നുവച്ചതുണിയതിൽ
മറ്റൊന്നുംകാണുവാനായതില്ല.
പെട്ടെന്ന് ഈശനന്നുച്ചത്തിലായ്, ദയ
യൊട്ടുമില്ലാത്തപോലായീമൊഴി:
''ഭോഷരേ, മുന്നമെചൊല്ലിയസത്യ-
മശേഷവുമുള്ളിലാക്കാത്തവരേ
പ്രവാചകവാക്കുംലിഖിതങ്ങളാകെ
ഭവിക്കേണ്ടതാണന്നറികയില്ലേ?'',
വ്യാഖ്യാനമായുടനീശൻമൊഴിഞ്ഞുള്ള
പ്രഖ്യാപനത്തിൻപൊരുളതെല്ലാം.
എത്തേണ്ടഗ്രാമത്തിന്നോരംവരേയ്ക്കുമാ-
യെത്തിക്കഴിഞ്ഞവർമൂന്നുപേരും.
യാത്രതുടരുന്നമട്ടിലായേശുവോ
യാത്രപറയാൻശ്രമിച്ചെങ്കിലും
നിർബന്ധപൂർവ്വംവിളിച്ചങ്ങവനെയും
നിർത്തിയവർക്കൊപ്പമാദിനത്തിൽ.
സന്ധ്യയ്ക്കുഭക്ഷണശാലയിൽ മൂവരും
സന്ധിച്ചുഭക്ഷിക്കുവാനിരിക്കെ
അപ്പമെടുത്തവൻവാഴ്ത്തിവിഭജിച്ച്
ഭക്ഷിപ്പാനായവർക്കേകീടവെ.
പെട്ടെന്നാക്കൂട്ടരിൻകൺകൾതുറന്നവർ
ഞെട്ടലോടാണ്ടവനെയറിഞ്ഞു;
എന്തിങ്ങുസംഭവിച്ചെന്നുള്ളചിന്തയി-
ലന്തിച്ചുനിൽക്കേ, അദൃശ്യനായി!
തങ്ങളിൽതങ്ങളിലാശ്ചര്യപൂർവ്വമായ്
വിങ്ങിനിന്നാശിഷ്യർ രണ്ടുപേരും
വീഥിയിലന്നവൻ ചേർന്നുവന്നപ്പോഴെ
ഹൃത്തിൽജ്വലിച്ചതാംചിന്തകളെ
ഓർത്തവരാക്ഷണേവെക്കമെഴുന്നേറ്റ്
ജറുസലേമിലായ്ചെന്നുചേരാൻ.



www.malankaralibrary.com

കൂരിരുട്ടാധിപരത്തിനിന്നെങ്കിലും
കർത്തനണഞ്ഞെന്നകാര്യമോതാ-
നെത്രയുംവേഗേനയാത്രതുടർന്നവർ
മിത്രരാംശ്ലീഹരെചെന്നുകാണാൻ
ഒത്തുചേർന്നാദിനംവിസ്തരിച്ചീടിനാർ
മൊത്തമന്നുണ്ടായകാര്യങ്ങളെ.

## 62 ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു



**യൂ**ദരിൻഭീതിയാൽ ശിഷ്യരോവീടിന്റെ
വാതായനങ്ങളടച്ചിരിക്കെ
പെട്ടെന്നവർമദ്ധ്യേയെത്തി ദൈവാത്മജൻ
കൂട്ടമായാശ്വാസമേകിയോതി:
"നിത്യസമാധാനമേകുന്നിന്നേവർക്കും
സത്യമായ്കാണുകെൻ കൈകാലുകൾ."
അത്യന്തസന്തോഷമാർന്നവർ, ശ്ലീഹന്മാർ
നിത്യസമാധാനമേറ്റുടനെ
നിശ്വസിച്ചേവർക്കും മേലേയ്ക്കുടനവൻ
വിശ്വാസമേകിവചിച്ചിങ്ങനെ:
"എൻപിതാവെന്നെയയച്ചതുപോലവെ
ഞാനിന്നയയ്ക്കുന്നു നിങ്ങളേയും..,
ശുദ്ധനാം റൂഹായെസ്വീകരിച്ചീടുവിൻ..,
ശുദ്ധിയാർന്നുന്നതി നേടിടുവിൻ..,
നിങ്ങൾ ക്ഷമിക്കുന്നപാപങ്ങളേവതും
നിങ്ങളാലായതഴിക്കപ്പെടും..,
നിങ്ങൾപൊറുപ്പാനരുതാത്ത പാപമോ
നിങ്ങളാൽ ബന്ധിതമാക്കപ്പെടും."

## 63 തോമസിന്റെ സംശയം



**പ**ന്ത്രണ്ടുപേരിലൊരുവനാം തോമസാ-
പ്രത്യക്ഷവേളേലില്ലാത്തതിനാൽ
അത്യന്തഖേദമാർന്നന്നവൻ ചൊല്ലി "ഞാ-
നത്യന്തവിശ്വാസിയായിടുവാൻ..,
ആണിപ്പഴുതുകളുള്ളഗുരുവിന്റെ
പാണിയിലെൻവിരലായിടേണം."
എട്ടുദിനങ്ങൾക്കുശേഷമാശിഷ്യരാ-
വീട്ടുമുറിക്കുള്ളിലായിരിക്കെ
മദ്ധ്യേയവർക്കേശു പ്രത്യക്ഷനായിട്ടാ-
തോമസിനോടായവനുരച്ചു:
"നിൻവിരലിങ്ങുനീ കൊണ്ടുവന്നീടുക,
എന്റെകൈകാലുനീകണ്ടീടുക..,
നിന്റെ കൈ നീട്ടിയെൻ പാർശ്വത്തുവയ്ക്കുക..,
നിന്റെ വിശ്വാസേയുറച്ചുനിൽക്ക."
യേശുവിൻ വാക്കുകൾ കേൾക്കവെതോമസ്
ഗദ്ഗദകണ്ഠനായിത്രചൊല്ലി:

www.malankaralibrary.com

''എന്റെ കർത്താവുമേ.., എൻ ദൈവമേ..,
എന്നപരാധത്തെ ഓർക്കരുതേ.''
''കണ്ടതുകൊണ്ടുനീവിശ്വാസി തോമസേ..,
കാണാത്തവിശ്വാസിയേറെഭാഗ്യൻ.''

# 64 യേശു കടൽത്തീരത്ത്

**ഗു**രുഅകന്നെന്നുള്ള ചിന്തയാലന്നവർ
തിബേരിയാസ് തീരത്തിലൊത്തുകൂടി
പത്രോസിന്നൊപ്പമാശ്ലീഹന്മാരായവർ
രാത്രിയിലാക്കടലാകെവീശി
വറ്റാക്കടലിന്റെ ആഴമറിയുവോർ
മുറ്റി-യശാന്തിയിലായമർന്നു.
കിട്ടിയിലൊട്ടുമുഷസ്സാർന്നനേരവും
വിട്ടകന്നിറ്റുപ്രതീക്ഷപോലും
സകലേശനന്ദനനെത്തി കടൽക്കരെ,
പകലോനുയരുന്നനേരംമുന്നേ.
''കുഞ്ഞുങ്ങളേ.., പക്കലെന്തെങ്കിലുമുണ്ടോ..?''-
ന്നാരാഞ്ഞവരോടായേശുപരൻ.
''ഒന്നുമില്ല..''ന്നങ്ങുചൊല്ലിയവർക്കുടൻ
ചൊന്നവനായുപദേശമുടൻ:
''നന്നായ് വലത്തുവലയെറിഞ്ഞീടുകി-
ലൊന്നായ് ലഭിക്കും..! വലവലിക്കാം.''
ദൈവാത്മനന്ദനൻ ചൊല്ലിയുള്ളക്കാര്യം
ചെയ്തവരൊട്ടും മടിച്ചിടാതെ.
വലവലിച്ചീടുവാനാകാത്തവണ്ണമാ
വലയിലായ് മത്സ്യമാധിക്യമാർന്നു.
ഗുരുവാണ് കരയിലായ്നിൽക്കുന്നതെന്നന്ന്
വിരുതോടെചൊല്ലിയൗനാനുടനെ.
കർത്തനാണെന്നങ്ങറിഞ്ഞുള്ളമാത്രയിൽ
തീർത്തും മനസ്സിന്റെആധിയാലെ
വിശ്വാസരാഹിത്യചിന്തകളാർന്നവ-
നീശ്വരമാർഗ്ഗം വെടിഞ്ഞതിനാൽ,
നഗ്നത, ചിന്തയിലോടിയെത്തീട്ടുടൻ
നഗ്നനായ്ത്തീർന്നയാദാമിനെപ്പോൽ
കുപ്പായവേഷം ധരിച്ചുടൻപത്രോസ്
അപ്പടിചാടി കടലിലേക്ക്
മറ്റുള്ളശിഷ്യരാമേവരും വള്ളത്തിൽ
പറ്റമായ്നിന്നുവലവലിച്ചു.
ഒത്തുപടിച്ചവരേറ്റി വലയില്
മൊത്തംനൂറ്റൻപത്തിമൂന്നുമത്സ്യം.
അപ്പവുംമത്സ്യവുമേകിയവർക്കവൻ
തൃപ്തിയോടന്നവർ പ്രാതലായി;
കഷ്ടതയാർന്നുവിശന്നുവലഞ്ഞവ-
രിഷ്ടമോടായന്നമാസ്വദിച്ചു.



www.malankaralibrary.com



# സ്വർഗ്ഗാരോഹണം



**ക**ർത്തന്റെ നിർദ്ദേശമെന്നായവണ്ണത്തിൽ
ചേർന്നുഗലീലിയിൽ ശിഷ്യഗണം
ആരാധിച്ചൊന്നായ് വണങ്ങിയന്നേവരും
സർവ്വേശസൂനുവിൻ വാക്കുകളാൽ:
"ഭൂസ്വർഗ്ഗമേലുള്ളധികാരമെല്ലാമെ
ഏകിയെനിക്കീശൻ നൽവരത്താൽ.."
ചൊന്നങ്ങവരോട"രൂപിയാം ശുദ്ധാത്മ-
വന്നുവസിച്ചിടും ശക്തരാക്കും..,
ഭൂലോകമിങ്ങിന്നതിരുകളോളവും
മാലോകർക്കൊക്കെയും സാക്ഷിയാക്കും..,
പോകുവിൻ നിങ്ങളായ് ശിഷ്യപ്പെടുത്തുവിൻ
ജ്ഞാനമാംസ്നാനമങ്ങേകിടുവിൻ..,
കല്പിച്ചകാര്യങ്ങളൊന്നായ് നിറവേറ്റിൻ
കല്പാന്തകാലംവരേയ്ക്കുമെങ്ങും.."
ആശ്രയമായുള്ളഖിലേശനന്ദന-
നിത്രയും ചൊല്ലിക്കഴിഞ്ഞുടനെ
മെല്ലെയുയർന്നവനുന്നതേയായിട്ട്
സ്വർലോകനാഥന്റെ ഗേഹംപൂകി.
മേഘച്ചുരുളുകൾക്കുള്ളിൽ മറഞ്ഞതാം
നാകകുമാരനെ നോക്കിനിൽക്കെ
ഉന്നതെനിന്നുടൻ രണ്ടുപേർ, വാനവർ
വാനത്തിൽനിന്നന്ന് ചൊല്ലിയിത്:
"ഗലീലിയർ.., നിങ്ങളിന്നെന്തിനിങ്ങുന്നതേ
വല്ലാതെ നോക്കിനിൽക്കുന്നിതിഹെ..?,
ദൈവത്തിൻ സൂനു, മിശിഹായാംരക്ഷകൻ
ദൈവത്താൽവീണ്ടുമിങ്ങാഗമിക്കും.."
സന്തോഷസന്താപ പൂർണ്ണതയാലവർ
നിന്നുള്ളൊലിവുമലയിറങ്ങി.
കർത്താവിൻ കല്പനയേറ്റുവസിപ്പാൻ
ജറുസലേംനോക്കിനടന്നുവേഗം.